# നേർപഥം

വാരിക

VOL NO: 07 I ISSUE 22
www.nerpatham.com
mail@nerpatham.com
2023 JUNE 03 I ₹10

# തൗഹീദ്; ഹജ്ജിന്റെ ആത്മാവ്

ഹജ്ജിന്റെ നാളുകൾ ആഗതമാവുകയാണ്. ലോകത്തങ്ങിങ്ങോളമുള്ള ലക്ഷക്കണക്കിന് വിശ്വാസികൾ ഹജ്ജിനായി തയ്യാറെടുത്തു കഴിഞ്ഞു. ഹജ്ജടക്കമുള്ള ഇസ്‌ലാമിന്റെ ആധാരശിലകളുടെയെല്ലാം ആകെത്തുക ശുദ്ധമായ തൗഹീദാണ്. സർവലോക നിയന്താവായ അല്ലാഹുവിനെ ആരാധിക്കുന്നതിൽ കളങ്കമില്ലാത്ത ഏകത്വം പ്രഖ്യാപിക്കുന്നതിലൂടെ മാത്രമെ ഹജ്ജ് എന്ന വൈയക്തികവും സാമൂഹികവുമായ കർമത്തിന് ആത്മാവ് കൈവരികയുള്ളൂ.

## ഒന്നിനും സമയമില്ലെന്നോ?

|| ഗണിതത്തിലും 'വഹ്‌യുകൾ!'
|| പുണ്യത്തിന്റെ വിവിധ വഴികൾ
|| അറിവിൻ വാതിൽ തുറക്കുമ്പോൾ

നബിﷺയുടെ അനുചരന്മാരുടെ സഹചാരികളാണ് താബിഉകൾ. ഉത്തമ തലമുറയിൽപെട്ട മഹാന്മാരാണിവർ. ഇസ്‌ലാമിന് ഇവർ ചെയ്ത സേവനങ്ങൾ എണ്ണമറ്റതാണ്.

വിശ്വാസം, വിജ്ഞാനം, വിചാരം എന്നിവ സംഗമിക്കുന്ന അവരുടെ ചരിത്ര സ്മരണകൾ വിശ്വാസികൾക്ക് ഏറെ പുതുമയും ആത്മീയ ഉണർവും നൽകുമെന്നതിൽ സംശയമില്ല.

വ്യത്യസ്ത പദവികളിലുള്ള നൂറ്റിഏഴ് താബിഉകളുടെ ജീവിതത്തിന്റെ ഏടുകളാണ് ഈ കൃതിയുടെ ഉള്ളടക്കം. ഏറെ ആവേശവും അതിലേറെ കൗതുകവും നിറഞ്ഞതാണ് ഇതിലെ ഓരോ അധ്യായങ്ങളും. ചരിത്ര വിജ്ഞാനീയത്തിന്റെ ആഴം അറിഞ്ഞ പണ്ഡിതൻ അബ്ദുൽ ജബ്ബാർ മദീനിയുടെ കഠിന പ്രയത്നത്തിന്റെ അടയാളമാണിത്. മലയാളത്തിൽ ഇത്തരമൊന്ന് വേറെയില്ല.

## രണ്ട് വാല്യങ്ങൾ




**വില:**
**₹500+₹500=₹1000**
**ഇപ്പോൾ:**
**₹750**

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478

0332
നേർപഥം
വാരിക
2023 ജൂൺ 03
1444 ദുൽഖഅ്ദ് 14
പുസ്തകം 07 / ലക്കം 22






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





കവർ സ്റ്റോറി
10
# തൗഹീദ്: ഹജ്ജിന്റെ ആത്മാവ്
സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

മുഖമൊഴി
05
ഒന്നിനും സമയമില്ലെന്നോ?

പഠനം
06
ദിക്റിന്റെ മര്യാദകൾ
ശമീർ മദീനി

ലേഖനം
26
അറിവിൻ വാതിൽ തുറക്കുമ്പോൾ
നബീൽ പയ്യോളി

ലേഖനം
18
പുണ്യത്തിന്റെ വിവിധ വഴികൾ
ഡോ. ടി. കെ യൂസുഫ്

ലേഖനം
29
ഗണിതത്തിലും 'വഹ്‌യുകൾ!'
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ക്വുർആൻ ദർശനം
23
സൂറ: ഫുസ്സിലത്ത്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ബാലപഥം
34
അല്ലാഹു
ഉസ്മാൻ പാലക്കാഴി



## സിആർഇ: തുടർ മതവിദ്യാഭ്യാസ പദ്ധതിക്ക് സമാരംഭം

കോഴിക്കോട്: വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡൻസ് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ആരംഭിക്കുന്ന സി.ആർ.ഇ. തുടർ മതവിദ്യാഭ്യാസ പദ്ധതിക്ക് തുടക്കമായി. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊയിലാണ്ടി 'ഇല' കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ട്രഷറർ കെ. സജ്ജാദ് നിർവഹിച്ചു. വിസ്ഡം സ്റ്റുഡൻസ് ഓർഗനൈസേഷൻ വൈസ് പ്രസിഡന്റ് സ്വഫ്‌വാൻ ബറാമി അൽഹികമി ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

ഹൈസ്‌കൂൾ, ഹയർ സെക്കന്ററിതല വിദ്യാർഥികൾക്കാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കുക. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ അടിസ്ഥാനസൗകര്യങ്ങളും സംഘാടനവും സംവിധാനവും പരിശോധിച്ചു അഫിലിയേഷൻ നൽകിയ നൂറുകണക്കിന് സെന്ററുകളിൽ ഇതോടെ പദ്ധതിക്ക് തുടക്കമാകും. മത-ധാർമിക വിഷയങ്ങൾക്ക് പ്രത്യേകം ഊന്നൽ കൊടുത്തും ലഹരി, തീവ്രവാദ വിധ്വംസക പ്രവർത്തനങ്ങൾക്കെതിരായുള്ള സന്ദേശങ്ങളുൾപ്പെടെ പകർന്ന് കൊടുക്കാവുന്ന വിധത്തിലാണ് സിലബസ് ക്രമീകരിച്ചിട്ടുള്ളത്. കൃത്യമായ സിലബസും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യവും നൂതന സാങ്കേതിക വിദ്യയും പ്രയോജനപ്പെടുത്തിയുള്ള വ്യവസ്ഥാപിത സംവിധാനമാണിത്. തുടർന്നുള്ള എല്ലാ ആഴ്ചകളിലും നിശ്ചിത ദിവസം ക്ലാസ്സുകൾ തുടരും. പങ്കെടുക്കേണ്ടവർക്ക് ബന്ധപ്പെട്ട കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത് പ്രവേശനം നേടാം.

ഉദ്ഘാടന ചടങ്ങിൽ വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന സെക്രട്ടറി സി.വി.കാബിൽ, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ കൊയിലാണ്ടി മണ്ഡലം സെക്രട്ടറി ലത്തീഫ് ഒ.കെ, കോഴിക്കോട് നോർത്ത് ജില്ല പ്രസിഡന്റ് ഫാരിസ് അൽഹികമി തുടങ്ങിയവർ ആശംസകളർപ്പിച്ചു. എ.പി. മുനവ്വർ സ്വലാഹി, ശരീഫ് കാര എന്നിവർ വിഷയാവതരണം നടത്തി. ജില്ലാ പ്രസിഡന്റ് ഹംറാസ് കൊയിലാണ്ടി സ്വാഗതവും സെക്രട്ടറി സ്വാലിഹ് അൽഹികമി നന്ദിയും പറഞ്ഞു.

## വിസ്ഡം ഹജ്ജ് ക്യാമ്പുകൾക്ക് സമാപനമായി

കോഴിക്കോട്: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ചുവന്ന ഹജ്ജ് ക്യാമ്പിന് കോഴിക്കോട്ട് സമാപനം കുറിച്ചു. മഞ്ചേരി, ആലുവ, കണ്ണൂർ തുടങ്ങി സംസ്ഥാനത്തെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ വെച്ച് നടന്നുവന്ന ഹജ്ജ് ക്യാമ്പിന്റെ തുടർച്ചക്കാണ് കോഴിക്കോട് സമാപനം കുറിച്ചത്. കുഞ്ഞിമുഹമ്മദ് മദനി, സ്വാദിഖ് മദീനി തുടങ്ങിയവർ നേതൃത്വം നൽകി.

മഞ്ചേരിയിൽ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ക്ലാസ്സെടുത്തു. അബൂബക്കർ സലഫി, പ്രഫ: ഹാരിസ്ബിൻ സലീം, ടി.കെ അശ്റഫ് എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. കെ.ടി.എം ഷാജഹാൻ ആമുഖവും നാസർ കരിഞ്ചാപാടി നന്ദിയും പറഞ്ഞു.

ആലുവ തോട്ടുമുഖം വൈഎംസിഎ ഓഡിറ്റോറിയത്തിൽവെച്ച് സംഘടിപ്പിക്കപ്പെട്ട ക്യാമ്പിൽ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഷമീർ മദീനി, സൽമാനുൽ ഫാരിസി എന്നിവർ സംസാരിച്ചു. ദക്ഷിണ കേരളത്തിലെ വിവിധ ജില്ലകളിൽനിന്നുള്ള ഹാജിമാരുടെ സാന്നിധ്യം കൊണ്ട് ക്യാമ്പ് ധന്യമായി. സംശയങ്ങൾക്ക് പണ്ഡിതന്മാരുടെ പാനൽ മറുപടി പറഞ്ഞു.

കണ്ണൂർ ജവഹർ ഓഡിറ്റോറിയത്തിൽവെച്ച് നടന്ന ക്യാമ്പിൽ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ക്ലാസ്സെടുത്തു. ആരോഗ്യരംഗത്ത് ശ്രദ്ധിക്കേണ്ട വിവിധ വിഷയങ്ങളെക്കുറിച്ച് ഹെൽത്ത് ഇൻസ്‌പെക്ടർ സി.പി സലീം സംസാരിച്ചു. സംശയനിവാരണത്തിന് സ്വാദിഖ് മദീനി നേതൃത്വം നൽകി.

# ഒന്നിനും സമയമില്ലെന്നോ?

‘ഒന്നിനും സമയമില്ല. നല്ല തിരക്കിലാണ്. ഇന്ന് തിരക്കുപിടിച്ച ഷെഡ്യൂളാണ്’ ഒട്ടുമിക്കയാളുകളും പറയാറുള്ള വാക്കാണിത്. ആധുനിക മനുഷ്യൻ തിരക്കോടു തിരക്കിലാണ്. ഈ തിരക്കിനെ ‘ജീവിക്കാനുള്ള പോരാട്ടം’ എന്നാണ് വിശേഷിപ്പിക്കാറുള്ളത്. ഈ പോരാട്ടത്തിനിടയിൽ ഒന്നിനും സമയമില്ല എന്നാണവന്റെ പരാതി. അതുകൊണ്ടുതന്നെ പലരെയും വല്ല നല്ല കാര്യത്തിനും ക്ഷണിച്ചാൽ ‘ദൈനംദിന കാര്യങ്ങൾക്കുതന്നെ സമയമില്ല. പിന്നെയാണോ...’ എന്നാകും മറുപടി.

ഈ ചിന്താഗതിയിൽ ജീവിക്കുന്നവർക്ക് ജീവിതത്തിന്റെ യഥാർഥമായ മുഖം ദർശിക്കാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. കാരണം അത് മനസ്സിലാകത്തക്കവിധം തങ്ങളുടെ ജീവിതത്തെ ചിട്ടപ്പെടുത്താൻ അവർ ഒരുക്കമല്ല.

എന്താണ് മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യം? ധനസമ്പാദനമാണോ? ഉന്നത കലാലയങ്ങളിൽ പഠിക്കലും ഉയർന്ന ജോലി നേടലുമാണോ? കൂറ്റൻ വീടുണ്ടാക്കലും വില കൂടിയ വാഹനം സ്വന്തമാക്കലുമാണോ? പലർക്കും അങ്ങനെയാണ്! പഠിക്കണം, ജോലി നേടണം, വീടുണ്ടാക്കണം...എന്നാൽ ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം ഇതൊന്നുമായിക്കൂടാ.

സ്രഷ്ടാവിന്റെ പ്രീതി നേടിയെടുക്കലാകണം ജീവിതലക്ഷ്യം. ആരാധനകൾ അവനു മാത്രം സമർപ്പിച്ച് ജീവിതത്തിന്റെ ഓരോ നിമിഷവും അവൻ നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി കാണിച്ച് ജീവിക്കാൻ കഴിയണം. ജോലിയും ധനസമ്പാദനവും പഠനവുമെല്ലാം അതിനു സഹായകമാകണം. അല്ലാതെ അതിൽനിന്നും പിന്തിരിപ്പിക്കുന്നതാകരുത്.

തന്റെ സ്രഷ്ടാവിനെ ആരാധിക്കാനും സ്മരിക്കാനും മതകാര്യങ്ങൾ പഠിക്കാനും മതത്തിനു വേണ്ടി പ്രവർത്തിക്കാനും സമയമില്ലെങ്കിൽ പിന്നെ എന്തിനാണ് ജീവിതം? സമൂഹത്തിലെ ദരിദ്രർക്കും നിരാലംബർക്കും വേണ്ടി സേവനം നൽകാൻ കഴിയുന്നില്ലെങ്കിൽ എന്തിനാണ് ധനവും ആരോഗ്യവും? ഭൗതികമായ എല്ലാ വിഭവങ്ങളും വിട്ടേച്ചുകൊണ്ടാണ് ഈ ലോകത്തുനിന്നും വിട പറയുക എന്നിരിക്കെ അവയോട് അമിതമായ താൽപര്യം കാണിക്കുന്നതിൽ എന്ത് അർഥമാണുള്ളത്?

“പക്ഷേ, നിങ്ങൾ ഐഹികജീവിതത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നു. പരലോകമാകുന്നു ഏറ്റവും ഉത്തമവും നിലനിൽക്കുന്നതും” (ക്വുർആൻ 86: 16,17).

ഐഹിക ജീവിതത്തിന് കൂടുതൽ പ്രാധാന്യം നൽകിയും അതിലെ സുഖഭോഗങ്ങളിൽ മതിമറന്നും അഹന്ത കാണിച്ചും അധർമങ്ങളിൽ മുഴുകിയും ജീവിക്കുന്നവർ തങ്ങൾക്ക് വരാൻ പോകുന്ന നഷ്ടത്തെക്കുറിച്ച് ഓർക്കേണ്ടതുണ്ട്.

“...നിങ്ങളെക്കാൾ കനത്ത ശക്തിയുള്ളവരും കൂടുതൽ സ്വത്തുക്കളും സന്തതികളുമുള്ളവരുമായിരുന്നു അവർ. അങ്ങനെ തങ്ങളുടെ ഓഹരികൊണ്ട് അവർ സുഖമനുഭവിച്ചു. എന്നാൽ നിങ്ങളുടെ ആ മുൻഗാമികൾ അവരുടെ ഓഹരികൊണ്ട് സുഖമനുഭവിച്ചത് പോലെ ഇപ്പോൾ നിങ്ങളുടെ ഓഹരികൊണ്ട് നിങ്ങളും സുഖമനുഭവിച്ചു. അവർ (അധർമത്തിൽ) മുഴുകിയത് പോലെ നിങ്ങളും മുഴുകി. അത്തരക്കാരുടെ കർമങ്ങൾ ഇഹത്തിലും പരത്തിലും നിഷ്ഫലമായിരിക്കുന്നു. അവർ തന്നെയാണ് നഷ്ടം പറ്റിയവർ” (9:69).

സമയമില്ല എന്നു പറഞ്ഞ് നന്മകളിൽനിന്ന് മാറിനിൽക്കുന്നതിൽ അർഥമില്ല. സമയത്തെ ക്രിയാത്മകമായി വിനിയോഗിക്കുകയാണ് വേണ്ടത്. അതിന് ബോധപൂർവം ശ്രമിക്കുകതന്നെ വേണം.

‘വിനയത്തോടും ഭയപ്പാടോടും
കൂടി, വാക്ക് ഉച്ചത്തിലാകാതെ
രാവിലെയും വൈകുന്നേരവും
നീ നിന്റെ രക്ഷിതാവിനെ
മനസ്സിൽ സ്മരിക്കുക.
നീ ശ്രദ്ധയില്ലാത്തവരുടെ
കൂട്ടത്തിലാകരുത്’

# ദിക്റിന്റെ മര്യാദകൾ

ശമീർ മദീനി
: 9048 221 212



നമുക്ക് ആവശ്യമായതെല്ലാം നാം ചോദിക്കാതെ നമുക്ക് ഒരുക്കിത്തന്ന അളവറ്റ ദയാപരനും അനുഗ്രഹ ദാതാവുമായ അല്ലാഹുവിനെ ധാരാളമായി സ്മരിക്കണം. അത് സത്യവിശ്വാസികളുടെ ഉത്കൃഷ്ടമായ ഒരു ഗുണവിശേഷണമാണെന്ന് വിശുദ്ധ ക്വുർആനും തിരുസുന്നത്തും നമ്മെ ഓർമപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ദിക്ർ ചൊല്ലുമ്പോൾ അശ്രദ്ധകൊണ്ടോ മറവിമൂലമോ അറിവില്ലായ്മ കാരണത്താലോ പലരും പാലിക്കാതെ പോകുന്ന ചില മര്യാദകൾ (ആദാബുകൾ) ഉണ്ട്. അവ കൃത്യമായി ഗ്രഹിച്ച് പിൻപറ്റുമ്പോഴാണ് ദിക്റിന്റെ മഹത്ത്വങ്ങളും നേട്ടങ്ങളും കൈവരിക്കാൻ സാധിക്കുക.

### 1) ഇഖ്‌ലാസ്

നാം അനുഷ്ഠിക്കുന്ന ചെറുതും വലുതുമായ ഏത് കർമവും അല്ലാഹു സ്വീകരിക്കുന്നതിനു

ള്ള അടിസ്ഥാന നിബന്ധനയാണ് ഇഖ്‌ലാസ് എന്നത്. അഥവാ പടച്ച റബ്ബിൽനിന്ന് മാത്രം പ്രതിഫലം കാംക്ഷിച്ച്, അവന്റെ പ്രീതിയും പൊരുത്തവും നേടാൻ ഉദ്ദേശിച്ച്, നിഷ്‌കളങ്കവും നിഷ്‌കപടവുമായി ആ കർമം ചെയ്യുക എന്നതാണ് ഇതിന്റെ വിവക്ഷ. എന്നാൽ അതിനു വിരുദ്ധമായി ലോകമാന്യതയും പ്രകടനപരതയും പേരും പ്രശസ്തിയും ഒരു മനസ്സിൽ സ്ഥാനം പിടിക്കുമ്പോൾ എത്ര വലിയ കർമവും റബ്ബ് സ്വീകരിക്കാതെ ഫലശൂന്യമായി കലാശിക്കും. ദിക്‌റിന്റെ കാര്യത്തിലും അത് ശ്രദ്ധിക്കേണ്ടതാണ്.

ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ(റഹ്) ഇഖ്‌ലാസിന് വിരുദ്ധമായി കർമങ്ങൾ ചെയ്യുന്ന അത്തരം ചിലരെ പറ്റി ഓർമിപ്പിക്കുന്നത് കാണുക:

“ചിലപ്പോൾ ചിലയാളുകൾ നമസ്‌കരിക്കാനുള്ള മുസ്വല്ല തന്റെ തോളിൽ ഇട്ടുകൊണ്ടും തസ്ബീഹ് മാല കയ്യിൽ എടുത്തുകൊണ്ടും അവ പ്രദർശിപ്പിക്കുന്നത് മതത്തിന്റെയും ഇബാദത്തിന്റെയും അടയാളങ്ങളായി (ശിആറുകൾ) ഗണിക്കുകയും ചെയ്യാറുണ്ട്. എന്നാൽ അനിഷേധ്യമായ നിലയിൽ സ്ഥിരപ്പെട്ട സംഗതിയാണ് നബിയുടെയോ സ്വഹാബത്തിന്റെ രീതിയോ ശിആറോ ആയിരുന്നില്ല ഇവയെന്ന കാര്യം” (മജ്മൂഉ ഫതാവാ, വാല്യം 22, പേജ് 187).

**2) മനസ്സാന്നിധ്യത്തോടെയും ആശയം ഗ്രഹിച്ചുകൊണ്ടും സാവകാശത്തിലും ആയിരിക്കുക**

ദിക്‌റുകൾ ചൊല്ലുമ്പോൾ അത് കേവലം നാവിൽ മാത്രം തത്തിക്കളിക്കുന്ന ഒന്നാകാതെ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങി ആശയം ഗ്രഹിച്ചും അതിന്റെ ആശയതലങ്ങളെക്കുറിച്ച് ചിന്തിച്ചും അവയുടെ നേട്ടങ്ങളും ഗുണങ്ങളുമൊക്കെ അനുസ്മരിച്ചും ആയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അല്ലാതെ കേവലം അധര വ്യായാമമായി അതിനെ അവസാനിപ്പിക്കരുത്. എന്നാൽ ചിലരുടെ ദിക്‌റുകൾ കാണുമ്പോൾ വല്ലാത്ത വിഷമവും സങ്കടവുമാണ് തോന്നുക. അതിവേഗത്തിൽ ധൃതി കൂട്ടിയും കണ്ണിമ വെട്ടുന്ന നേരത്തിൽ വിരലുകൾ ചുരുട്ടിയും നിവർത്തിയുമൊക്കെ ദിക്‌റുകൾ ചൊല്ലിത്തീർക്കാനുള്ള ബദ്ധപ്പാട് ദിക്‌റിന്റെ ലക്ഷ്യത്തിനും താല്പര്യങ്ങൾക്കുംഎതിരാണ്.

> **നാം അനുഷ്ടിക്കുന്ന ചെറുതും വലുതുമായ ഏത് കർമവും അല്ലാഹു സ്വീകരിക്കുന്നതിനുള്ള അടിസ്ഥാന നിബന്ധനയാണ് ഇഖ്‌ലാസ് എന്നത്. അഥവാ പടച്ച റബ്ബിൽനിന്ന് മാത്രം പ്രതിഫലം കാംക്ഷിച്ച്, അവന്റെ പ്രീതിയും പൊരുത്തവും നേടാൻ ഉദ്ദേശിച്ച്, നിഷ്‌കളങ്കവും നിഷ്‌കപടവുമായി ആ കർമം ചെയ്യുക എന്നതാണ് ഇതിന്റെ വിവക്ഷ. എന്നാൽ അതിനു വിരുദ്ധമായി ലോകമാന്യതയും പ്രകടനപരതയും പേരും പ്രശസ്തിയും ഒരു മനസ്സിൽ സ്ഥാനം പിടിക്കുമ്പോൾ എത്ര വലിയ കർമവും റബ്ബ് സ്വീകരിക്കാതെ ഫലശൂന്യമായി കലാശിക്കും. ദിക്‌റിന്റെ കാര്യത്തിലും അത് ശ്രദ്ധിക്കേണ്ടതാണ്.**

ഇമാം നവവി(റഹ്) പറയുന്നു: “ദിക്ർ കൊണ്ടുള്ള പ്രധാന ഉദ്ദേശ്യം ഹൃദയ സാന്നിധ്യമാണ്. അതിനാൽ ദിക്ർ ചൊല്ലുന്നവരുടെയും ലക്ഷ്യം അതായിരിക്കണം. അങ്ങനെയാകുമ്പോൾ അത് കരസ്ഥമാക്കുവാൻ അവർ പ്രത്യേകം ശ്രദ്ധിക്കും. താൻ ഉരുവിടുന്ന ദിക്‌റുകളെക്കുറിച്ച് ഉറ്റാലോചിക്കുവാനും അതിന്റെ അർഥം ഗ്രഹിക്കുവാനും പരിശ്രമിക്കുകയും ചെയ്യും. ദിക്‌റിനെക്കുറിച്ചുള്ള ചിന്തയും ആശയഗ്രാഹ്യതയും അത്യാവശ്യ കാര്യങ്ങളാണ്” (അൽഅദ്കാർ, പേജ് 45).

**3) നബി(സ്വ)യുടെ സുന്നത്ത് പാലിക്കാൻ ശ്രമിക്കുക**

ഏത് ഇബാദത്തിലുമെന്നപോലെ ദിക്‌റുകളുടെ കാര്യത്തിലും നബി(സ്വ)യുടെ ചര്യ അഥവാ സുന്നത്തുകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. സുന്നത്തുകൾ അവഗണിക്കപ്പെടുമ്പോൾ ബിദ്അത്തുകൾ (അനാചാരങ്ങൾ) ആയിരിക്കും അവിടങ്ങളിൽ സ്ഥാനം പിടിക്കുക. സുന്നത്തുകൾ അല്ലാഹുവിലേക്കും സ്വർഗത്തിലേക്കുമാണ് നമ്മെ അടുപ്പിക്കുകയെങ്കിൽ ബിദ്അത്തുകൾ പിശാചിലേക്കും നരകത്തിലേക്കുമായിരിക്കും കൊണ്ടെത്തിക്കുക എന്ന കാര്യം മറന്നുപോകരുത്.

ഇക്കാര്യത്തിൽ വേണ്ടത്ര തിരിച്ചറിവില്ലാത്തതുകൊണ്ട് ദിക്‌റെന്ന പേരിൽ ചിലർ കൊണ്ടുനടക്കുന്നതിൽ പലതും ദീനിൽ യാതൊരു അടിസ്ഥാനവുമില്ലാത്തവയാണ്. അല്ലാഹുവിൽ നിന്നുള്ള വഹ്‌യിന്റെ അടിസ്ഥാനത്തിൽ നബി(സ്വ) പഠിപ്പിച്ചതും സ്വഹാബത്ത് അനുഷ്ഠിച്ചതുമായ ദിക്‌റുകൾ കൈയൊഴിച്ചുകൊണ്ട് ചിലർ ചൊല്ലാറുള്ള ‘ഹാ അല്ലാ, ഹൂ അല്ലാ, ഹാ ഹൂ ഹീ അല്ലാഹ്’ തുടങ്ങിയവ ഇസ്‌ലാമിക പ്രമാണങ്ങൾക്ക് വിരുദ്ധവും പിശാചിനെ സന്തോഷിപ്പിക്കുന്നതും യഥാർഥ ദിക്‌റിനെ അപഹസിക്കുന്നവയുമാണ് എന്ന കാര്യം നാം തിരിച്ചറിയേണ്ടതുണ്ട്.

അപ്രകാരംതന്നെ നബി(സ്വ) പഠിപ്പിക്കാത്ത പ്രത്യേകം എണ്ണങ്ങൾക്കും ഇസ്‌ലാമിൽ പ്രസക്തിയില്ല. നമസ്‌കാര ശേഷമുള്ള ദിക്‌റുകളിൽ സുബ്ഹാനല്ലാഹ് 33 പ്രാവശ്യം, അൽഹംദുലില്ലാഹ് 33 പ്രാവശ്യം, അല്ലാഹു അക്ബർ 33 പ്രാവശ്യം എന്നിങ്ങനെയു

ള്ള എണ്ണങ്ങൾ നബി(സ്വ)യുടെ അധ്യാപനങ്ങളിലൂടെ സ്ഥിരപ്പെട്ടതാണ്. എന്നാൽ ചിലർ ചില പ്രത്യേക കാര്യങ്ങൾക്കായി പ്രത്യേക ദിക്റുകൾ പടച്ചുണ്ടാക്കുന്നതും പ്രത്യേകം എണ്ണം നിർദേശിക്കുന്നതും കാണാം. അത് നബി(സ്വ) പഠിപ്പിച്ച പരിശുദ്ധ ഇസ്‌ലാമിന് പരിചയമില്ലാത്ത പുത്തനാചാരമാണ്. ദീനിന്റെ ചെറുതും വലുതുമായ എല്ലാ കാര്യങ്ങളും നാം പകർന്നെടുക്കേണ്ടത് പ്രവാചകാധ്യാപനങ്ങളിൽ നിന്നാണ്. അതാണ് യഥാർഥ അഹ്‌ലുസ്സുന്നയുടെ രീതിയും.

അതുപോലെ ചിലർ അല്ലാഹുവിന്റെ വിശിഷ്ടമായ 'അസ്മാഉൽ ഹുസ്‌നാ' എന്ന പേരിൽ വെറുതെ കുറെ നാമങ്ങൾ ഉരുവിടുന്നത് കാണാം. അല്ലാഹ്, അല്ലാഹ്... ഹയ്യ്, ഹയ്യ് എന്നിങ്ങനെ അല്ലാഹുവിന്റെ തിരുനാമങ്ങളായി പ്രമാണങ്ങളിലൂടെ സ്ഥിരപ്പെട്ടതും സ്ഥിരപ്പെട്ടുവരാത്തതും ഇത്തരക്കാർ ചൊല്ലാറുണ്ട്. അഹ്‌ലുസ്സുന്നയുടെ പാതയിൽനിന്ന് വ്യതിചലിച്ച സൂഫികളാണ് ഇത്തരം പല അനാചാരങ്ങളും ദീനിലേക്ക് കടത്തിക്കൊണ്ടുവരുന്നത്. അല്ലാഹുവിന്റെ നാമങ്ങളായി സ്ഥിരപ്പെട്ടവതന്നെയും കേവലം നാമങ്ങളായി ഉരുവിടുന്നതിന് മതത്തിൽ യാതൊരു രേഖയുമില്ല. നബി (സ്വ)യോ സ്വഹാബത്തോ സച്ചരിതരായ മുൻഗാമികളോ ഇത്തരം ഒരു മാതൃക നമുക്ക് പഠിപ്പിച്ചുതന്നിട്ടില്ല.

**ചിലർ അല്ലാഹുവിന്റെ വിശിഷ്ടമായ 'അസ്മാഉൽ ഹുസ്‌നാ' എന്ന പേരിൽ വെറുതെ കുറെ നാമങ്ങൾ ഉരുവിടുന്നത് കാണാം. അല്ലാഹ്, അല്ലാഹ്... ഹയ്യ്, ഹയ്യ് എന്നിങ്ങനെ അല്ലാഹുവിന്റെ തിരുനാമങ്ങളായി പ്രമാണങ്ങളിലൂടെ സ്ഥിരപ്പെട്ടതും സ്ഥിരപ്പെട്ടുവരാത്തതും ഇത്തരക്കാർ ചൊല്ലാറുണ്ട്. അഹ്‌ലുസ്സുന്നയുടെ പാതയിൽനിന്ന് വ്യതിചലിച്ച സൂഫികളാണ് ഇത്തരം പല അനാചാരങ്ങളും ദീനിലേക്ക് കടത്തിക്കൊണ്ടുവരുന്നത്. അല്ലാഹുവിന്റെ നാമങ്ങളായി സ്ഥിരപ്പെട്ടവതന്നെയും കേവലം നാമങ്ങളായി ഉരുവിടുന്നതിന് മതത്തിൽ യാതൊരു രേഖയുമില്ല. നബി (സ്വ)യോ സ്വഹാബത്തോ സച്ചരിതരായ മുൻഗാമികളോ ഇത്തരം ഒരു മാതൃക നമുക്ക് പഠിപ്പിച്ചുതന്നിട്ടില്ല.**

ഒന്നുകിൽ പൂർണമായ വാചകങ്ങളിലൂടെ അല്ലാഹുവിനെ വാഴ്ത്തുകയും പ്രകീർത്തിക്കുകയും ചെയ്യാം. അല്ലെങ്കിൽ തേട്ടങ്ങൾക്കും പ്രാർഥനകൾക്കും അനുയോജ്യമായി അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളും മുൻനിറുത്തി നമ്മുടെ ആവശ്യങ്ങൾ ചോദിക്കാം. അതല്ലാതെ കേവലം നാമങ്ങൾ ഉരുവിടുന്നത് ദീനിൽ മാതൃകയുള്ള ദിക്ർ അല്ല.

നബി(സ്വ) പഠിപ്പിക്കാത്ത രൂപങ്ങളോ പ്രത്യേക എണ്ണമോ പ്രത്യേക സമയമോ നിശ്ചയിച്ചുകൊണ്ടുള്ള ദിക്ർ ഹൽഖകൾ മതവിരുദ്ധവും പുത്തനാചാരവും (ബിദ്അത്ത്) ആണെന്ന് തിരിച്ചറിഞ്ഞ് കൈയൊഴിയേണ്ടതുണ്ട്. ചിലർ ചെയ്യാറുള്ളതുപോലെ അസ്ർ-മഗ്‌രിബിനിടക്ക് ആയിരം വട്ടം 'അല്ലാഹ്... അല്ലാഹ്' എന്നിങ്ങനെ ഉരുവിടൽ അതിനൊരു ഉദാഹരണമാണ്.




മത- ഭൗതിക സമന്വയ പഠനം ഉദ്ദേശിക്കുന്ന
പത്താം ക്ലാസ് കഴിഞ്ഞ വിദ്യാർഥികൾക്ക്

**ജാമിഅഃ അൽ ഹിന്ദ്**
**+1 കോഴ്സിലേക്ക്**
**ജൂൺ 7 വരെ അപേക്ഷിക്കാം**

ആഴത്തിലുള്ള മത പഠനത്തോടൊപ്പം
+2 Humanities കൂടി എഴുതാൻ അവസരം
ലഭിക്കുന്നു എന്നതാണ് ജാമിഅഃയുടെ സവിശേഷത.


താമസ, ഭക്ഷണ,
പഠന സൗകര്യങ്ങൾ
തീർത്തും സൗജന്യം

താഴെക്കാണുന്ന ജാമിഅഃ വെബ്സൈറ്റിൽ ലിങ്കിൽ കയറി വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്
https://portal.jamiaalhind.com/online-admission

പ്രവേശന പരീക്ഷ, ഇൻറർവ്യൂ ജൂൺ 08ന് മിനി ഊട്ടിയിലെ മെയിൻ ക്യാമ്പസിൽ വെച്ച് നടക്കും.

സ്പോട്ട് രജിസ്ട്രേഷനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

+918606366661 +9195268 53874 +919746639139



ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ(റഹ്) പറയുന്നു: “എന്നാൽ കേവലം നാമം മാത്രം വ്യക്തമാക്കിക്കൊണ്ട് അല്ലാഹ്, അല്ലാഹ് എന്നിങ്ങനെ ഉരുവിടുകയോ, അല്ലെങ്കിൽ അതിലേക്ക് സൂചിപ്പിച്ചു കൊണ്ട് സർവനാമ രൂപേണ ഹുവ, ഹുവ എന്നിങ്ങനെ ചൊല്ലുകയോ ചെയ്യൽ മതപരമല്ല. ക്വുർആനിലോ സുന്നത്തിലോ അത് പഠിപ്പിക്കപ്പെട്ടിട്ടില്ല. സച്ചരിതരായ മുൻഗാമികളിൽ ഒരാളിൽനിന്നുപോലും അങ്ങനെയൊരു രൂപം ഉദ്ധരിക്കപ്പെട്ടിട്ടുമില്ല. പ്രത്യേകമായി പിൽകാലക്കാരായ ചില വഴികേടിന്റെ വക്താക്കളാണ് അത് പടച്ചുണ്ടാക്കിയത്” (മജ്മൂഉൽ ഫതാവാ, വാ:10, പേജ്: 556).

**4) തസ്ബീഹ് മാല ഉപയോഗിക്കൽ**

ദിക്റുകളുടെ എണ്ണം പിടിക്കാൻ വ്യത്യസ്തങ്ങളായ പല രീതികളും ആളുകൾ സ്വീകരിച്ചു കാണുന്നു. പല യന്ത്രങ്ങളും അതിനായി വിപണിയിലിറക്കുകയും ആത്മീയ കച്ചവടക്കാർ അത് വിറ്റ് കാശാക്കുകയും ചെയ്യുന്നു. അതിൽപെട്ട ഒന്നാണ് തസ്ബീഹ് മാലയും. നബി(സ്വ) ദിക്റുകൾക്ക് എണ്ണം പിടിച്ചത് കൈവിരലുകൾകൊണ്ടായിരുന്നു. സ്വഹാബത്തിനോട് നിർദേശിച്ചതും അതുതന്നെ. അതിന്റെ കാരണവും അതുകൊണ്ടുള്ള നേട്ടവും നബി(സ്വ) ഉണർത്തുകയും ചെയ്തു. അവിടുന്ന് പറഞ്ഞു: “നിങ്ങൾ കൈവിരലുകൾ കൊണ്ട് എണ്ണം പിടിക്കുക. നിശ്ചയം അവ ചോദിക്കപ്പെടുന്നതും സംസാരിക്കുന്നതുമാണ്” (സ്വഹീഹുൽ ജാമിഅ്: 4087).

അഥവാ ദിക്റിന്റെ എണ്ണം പിടിച്ച കൈവിരലുകൾ പരലോകത്ത് നമുക്ക് അനുകൂല സാക്ഷികളായി വരികയും സംസാരിക്കുകയും ചെയ്യും. മാത്രമല്ല, കൈകൊണ്ടാകുമ്പോൾ എണ്ണം പിടിക്കാനായി ഒരു സാധനം വേറെ പ്രത്യേകം കരുതേണ്ടിയും വരില്ല. അതോടൊപ്പം ലോകമാന്യതയും ഞാനൊരു ദിക്റിന്റെ ആളാണെന്ന് രണ്ടാളുകൾ കാണട്ടെ എന്നതുപോലുള്ള ഇഖ്‌ലാസിന് വിരുദ്ധമായ ചിന്തകളും മറ്റും കടന്നു വരുന്നത് തടയാനും നബി(സ്വ) പഠിപ്പിച്ച രീതിതന്നെയാണ് ഏറെ അഭികാമ്യം. മാർഗങ്ങളിൽവെച്ച് ഏറ്റവും നല്ലത് നബി(സ്വ)യുടെ മാർഗമാണ് എന്ന് അവിടുന്ന് പറഞ്ഞത് വെറുതെയല്ല. ഇവിടെയും അത് പ്രസക്തമാണ്.

**5) ശുദ്ധിയോടുകൂടിയാവൽ**

അല്ലാഹുവിനെ ദിക്ർ ചെയ്യുന്നതിന് ശാരീരിക ശുദ്ധി നിർബന്ധമില്ലെങ്കിലും ശുദ്ധിയോടുകൂടിയാകൽ വളരെ നല്ലതാണ്. നബി(സ്വ) പറയുന്നു: “ശുദ്ധിയോടു കൂടിയല്ലാതെ അല്ലാഹുവിനെ ദിക്ർ ചെയ്യുന്നത് ഞാൻ വെറുക്കുന്നു” (അബൂദാവൂദ്).


**6) ശബ്ദം താഴ്ത്തൽ**

ദിക്റിന്റെ മറ്റൊരു മര്യാദയാണ് ശബ്ദം താഴ്ത്തി, വിനയം പ്രകടിപ്പിച്ച്, താഴ്മയോടെയാവുക എന്നത്. അല്ലാഹു പറയുന്നു: “വിനയത്തോടും ഭയപ്പാടോടും കൂടി, വാക്ക് ഉച്ചത്തിലാകാതെ രാവിലെയും വൈകുന്നേരവും നീ നിന്റെ രക്ഷിതാവിനെ മനസ്സിൽ സ്മരിക്കുക. നീ ശ്രദ്ധയില്ലാത്തവരുടെ കൂട്ടത്തിലാകരുത് ”(7:205).

ഇബ്നു കസീർ(റഹ്) പറയുന്നു: “ദിക്ർ ഒച്ചയിട്ടു വിളിക്കുന്നത് പോലെയാകാതിരിക്കൽ അഭിലഷണീയമാണ്” (തഫ്സീർ ഇബ്നു കസീർ).

ഇത്തരം മര്യാദകൾ പാലിച്ച് മാനൃവും മാതൃകാപരവുമായി ദികർ ചൊല്ലുവാൻ നാം പ്രത്യേകം ശ്രദ്ധിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ, ആമീൻ.

**ദിക്റിന്റെ എണ്ണം പിടിച്ച കൈവിരലുകൾ പരലോകത്ത് നമുക്ക് അനുകൂല സാക്ഷികളായി വരികയും സംസാരിക്കുകയും ചെയ്യും. മാത്രമല്ല, കൈകൊണ്ടാകുമ്പോൾ എണ്ണം പിടിക്കാനായി ഒരു സാധനം വേറെ പ്രത്യേകം കരുതേണ്ടിയും വരില്ല. അതോടൊപ്പം ലോകമാന്യതയും ഞാനൊരു ദിക്റിന്റെ ആളാണെന്ന് രണ്ടാളുകൾ കാണട്ടെ എന്നതുപോലുള്ള ഇഖ്‌ലാസിന് വിരുദ്ധമായ ചിന്തകളും മറ്റും കടന്നു വരുന്നത് തടയാനും നബി(സ്വ) പഠിപ്പിച്ച രീതിതന്നെയാണ് ഏറെ അഭികാമ്യം. മാർഗങ്ങളിൽവെച്ച് ഏറ്റവും നല്ലത് നബി(സ്വ) യുടെ മാർഗമാണ് എന്ന് അവിടുന്ന് പറഞ്ഞത് വെറുതെയല്ല. ഇവിടെയും അത് പ്രസക്തമാണ്.**



# തൗഹീദ്: ഹജ്ജിന്റെ ആത്മാവ്

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി
: 98467 97157

**ഹജ്ജിന്റെ നാളുകൾ ആഗതമാവുകയാണ്. ലോകത്തങ്ങിങ്ങോളമുള്ള ലക്ഷക്കണക്കിന് വിശ്വാസികൾ ഹജ്ജിനായി തയ്യാറെടുത്തു കഴിഞ്ഞു. ഹജ്ജടക്കമുള്ള ഇസ്‌ലാമിന്റെ ആധാരശിലകളുടെയെല്ലാം ആകെത്തുക ശുദ്ധമായ തൗഹീദാണ്. സർവലോക നിയന്താവായ അല്ലാഹുവിനെ ആരാധിക്കുന്നതിൽ കളങ്കമില്ലാത്ത ഏകത്വം പ്രഖ്യാപിക്കുന്നതിലൂടെ മാത്രമെ ഹജ്ജ് എന്ന വൈയക്തികവും സാമൂഹികവുമായ കർമത്തിന് ആത്മാവ് കൈവരികയുള്ളൂ.**

ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള ലക്ഷക്കണക്കിനാളുകൾ ഹജ്ജ് കർമം ചെയ്യാൻ പരിശുദ്ധ മക്കയിലേക്ക് യാത്രതിരിക്കാനുള്ള ഒരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണിപ്പോൾ. കേരളത്തിൽനിന്നും ആയിരങ്ങൾ ഹജ്ജ് ചെയ്യാനായുള്ള തയ്യാറെടുപ്പിലാണ്. അല്ലാഹുവിങ്കൽ സ്വീകാര്യമായ രൂപത്തിൽ ഹജ്ജ് ചെയ്യുക, അതിന്റെ പരിപൂർണമായ പ്രതിഫലം നേടി സ്വർഗാവകാശിയാവുക., ആപത്തൊന്നും സംഭവിക്കാതെ വീട്ടിൽ തിരിച്ചെത്തുക; ഹജ്ജിന് പോകുന്ന ഏതൊരാളുടെയും ആഗ്രഹമാണിത്. ഒരുപാട് കാശ് ചെലവാക്കി, ഏറെ ക്ലേശങ്ങൾ സഹിച്ച് നിർവഹിക്കുന്ന മഹത്തായ ഹജ്ജ് കർമം നിഷ്ഫലമായിത്തീരുന്നത് ആലോചിക്കാൻ പോലുമാവില്ല. അതുകൊണ്ട് തന്നെ സ്വീകാര്യയോഗ്യമായ ഹജ്ജ് ചെയ്യാൻ ആവശ്യമായ തയ്യാറെടുപ്പ് ഹജ്ജിന് പോകുന്ന ഓരോ വ്യക്തിയും നടത്തേണ്ടതുണ്ട്.

**തൗഹീദിന്റെ പ്രാധാന്യം**

എല്ലാ പ്രവാചകന്മാരും പ്രബോധിതസമൂഹത്തോട് പ്രഥമവും പ്രധാനവുമായി വിളംബരം ചെയ്തത് ഇസ്‌ലാമിന്റെ അടിത്തറയായ തൗഹീദ് (ഏകദൈവാരധന) ആണ്. മനുഷ്യപ്രകൃതിക്ക് അനുയോജ്യമായി സ്രഷ്ടാവ് നൽകിയ ഇസ്‌ലാം നിലനിൽക്കുന്നതുതന്നെ ഈ തൗഹീദിലാണ്. തൗഹീദ് ശരിയാംവണ്ണം മനസ്സിലാക്കി അംഗീകരിച്ച്, അതിനനുസരിച്ച് ജീവിക്കുന്നവരുടെ കർമങ്ങൾ മാത്രമെ പാരത്രിക ലോകത്ത് സ്വീകാര്യമാവുകയുള്ളൂ. തൗഹീദിൽ മായംകലർന്നവരുടെ കർമങ്ങൾ അസ്വീകാര്യമാണ്. അല്ലാഹു പറയുന്നത് കാണുക:

“അവർ പ്രവർത്തിച്ച കർമങ്ങളുടെനേരെ നാം തിരിയുകയും നാമതിനെ ചിതറിയ ധൂളിപോലെ ആക്കിത്തീർക്കുകയും ചെയ്യും” (അൽഫുർകാൻ 23).



“അവിശ്വസിച്ചവരാകട്ടെ, അവരുടെ കർമങ്ങൾ മരുഭൂമിയിലെ മരീചികപോലെയാകുന്നു. ദാഹിച്ചവൻ അത് വെള്ളമാണെന്ന് വിചാരിക്കുന്നു. അങ്ങനെ അവൻ അതിന്നടുത്തേക്ക് ചെന്നാൽ അങ്ങനെ ഒന്ന് ഉള്ളതായിത്തന്നെ അവൻ കണ്ടെത്തുകയില്ല. എന്നാൽ തന്റെ അടുത്ത് അല്ലാഹുവെ അവൻ കണ്ടെത്തുന്നതാണ്. അപ്പോൾ (അല്ലാഹു) അവന്ന് അവന്റെ കണക്ക് തീർത്തുകൊടുക്കുന്നതാണ്. അല്ലാഹു അതിവേഗം കണക്ക് നോക്കുന്നവനത്രെ” (അന്നൂർ 39).

ശിർക്ക് ചെയ്യുന്നവന്റെ കർമങ്ങൾ അസ്വീകാര്യമാണെന്നും അവന്റെ പാപങ്ങളൊന്നും പൊറുക്കപ്പെടില്ലെന്നും ക്വുർആൻ കൃത്യമായി പഠിപ്പിക്കുന്നത് കാണുക:

“തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്” (അന്നിസാഅ് 48).

വലിയ ശിർക്ക് ചെയ്തശേഷം പശ്ചാത്തപിച്ച് മടങ്ങാതെ മുശ്‌രിക്കായി മരണപ്പെടുന്നവന് സ്വർഗം നിഷിദ്ധമാണെന്നും നരകം ശാശ്വതമാണെന്നും ക്വുർആൻ പറയുന്നുണ്ട്. ഈസാനബി(അ) തന്റെ ജനതയോട് പറയുന്നതായി അല്ലാഹു പറയുന്നത് കാണുക:

“ഇസ്‌റാഈൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരുംതന്നെയില്ല” (അൽമാഇദ 72).

**എല്ലാ പ്രവാചകന്മാരും പ്രബോധിതസമൂഹത്തോട് പ്രഥമവും പ്രധാനവുമായി വിളംബരം ചെയ്തത് ഇസ്‌ലാമിന്റെ അടിത്തറയായ തൗഹീദ് (ഏകദൈവാരധന) ആണ്. മനുഷ്യപ്രകൃതിക്ക് അനുയോജ്യമായി സ്രഷ്ടാവ് നൽകിയ ഇസ്‌ലാം നിലനിൽക്കുന്നതുതന്നെ ഈ തൗഹീദിലാണ്. തൗഹീദ് ശരിയാംവണ്ണം മനസ്സിലാക്കി അംഗീകരിച്ച്, അതിനനുസരിച്ച് ജീവിക്കുന്നവരുടെ കർമങ്ങൾ മാത്രമെ പാരത്രിക ലോകത്ത് സ്വീകാര്യമാവുകയുള്ളൂ. തൗഹീദിൽ മായംകലർന്നവരുടെ കർമങ്ങൾ അസ്വീകാര്യമാണ്. അല്ലാഹു പറയുന്നത് കാണുക: “അവർ പ്രവർത്തിച്ച കർമങ്ങളുടെനേരെ നാം തിരിയുകയും നാമതിനെ ചിതറിയ ധൂളിപോലെ ആക്കിത്തീർക്കുകയും ചെയ്യും” (അൽഫുർക്വാൻ 23).**

> **ഇസ്‌ലാം പഠിപ്പിക്കുന്ന നിബന്ധനകളൊത്ത ഓരോ മുസ്‌ലിമിനും ഹജ്ജ് ചെയ്യൽ നിർബന്ധമാണ്. "മനുഷ്യർ അതിലേക്ക് ഹജ്ജ് തീർഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു. വല്ലവനും അവിശ്വസിക്കുന്നപക്ഷം അല്ലാഹു ലോകരെ ആശ്രയിക്കാത്തവനാകുന്നു'' (അൽഹജ്ജ് 97). "നിങ്ങൾ അല്ലാഹുവിന് വേണ്ടി ഹജ്ജും ഉംറയും പൂർണമായി നിർവഹിക്കുക'' (അൽബക്വറ 196). ഈ സൂക്തങ്ങളിൽനിന്ന് ഹജ്ജ് ലോകരക്ഷിതാവായ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് നിർവഹിക്കേണ്ട ആരാധനകർമമാണെന്ന് വളരെ വ്യക്തമാണ്. ക്വുർആനിൽ ഹജ്ജിന്റെ വിധി പ്രസ്താവിക്കുന്ന സന്ദർഭത്തിൽ അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കേണ്ടതിന്റെയും, അവനെ ഓർക്കേണ്ടതിന്റെയും, അവനെ മാത്രം ആരാധിക്കേണ്ടതിന്റെയും ആവശ്യകത ഊന്നിപ്പറയുന്നുണ്ട്:**

ശിർക്ക് ചെയ്തവന്റെ കർമങ്ങൾ പൊളിഞ്ഞുപോകുമെന്നും അവ സ്വീകരിക്കപ്പെടുകയില്ലെന്നും ക്വുർആൻ പറയുന്നത് കാണുക:

"തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്നപക്ഷം തീർച്ചയായും നിന്റെ കർമം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും'' (അസ്സുമർ 65).

"തങ്ങളുടെ രക്ഷിതാവിനെ നിഷേധിച്ചവരെ, അവരുടെ കർമങ്ങളെ ഉപമിക്കാവുന്നത് കൊടുങ്കാറ്റുള്ള ഒരു ദിവസം കനത്ത കാറ്റടിച്ചു പാറിപ്പോയ വെണ്ണീറിനോടാകുന്നു. അവർ പ്രവർത്തിച്ചുണ്ടാക്കിയതിൽനിന്ന് യാതൊന്നും അനുഭവിക്കാൻ അവർക്ക് സാധിക്കുന്നതല്ല. അതുതന്നെയാണ് വിദൂരമായ മാർഗഭ്രംശം'' (ഇബ്‌റാഹീം 18).

തൗഹീദിന്റെ മഹത്ത്വവും പ്രാധാന്യവും, ശിർക്കിന്റെ ഗൗരവവും അപകടവും മുകളിൽ കൊടുത്ത ക്വുർആൻ വചനങ്ങൾ വ്യക്തമാക്കുന്നു. ഇസ്‌ലാമിന്റെ വിശ്വാസകാര്യങ്ങളിലും കർമകാര്യങ്ങളിലും പ്രവാചകൻ തന്റെ ജനതയെ ഒന്നാമതായി പഠിപ്പിച്ചത് തൗഹീദ് തന്നെയാണ്. ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ അവസാനത്തെത് ഹജ്ജാണ്. ഹജ്ജിന്റെ ഓരോ സന്ദർഭത്തിലും തൗഹീദിന്റെ വിളംബരമാണ് നടക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കാം.

**തൗഹീദ്; ഹജ്ജിന്റെ അടിത്തറ**

ഹജ്ജിന്റെ അടിത്തറതന്നെ തൗഹീദാണെന്ന് ക്വുർആൻ വ്യക്തമാക്കുന്നത് കാണുക: "ഇബ്‌റാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ) സ്ഥാനം നാം സൗകര്യപ്പെടുത്തികൊടുത്ത സന്ദർഭം (ശ്രദ്ധേയമത്രെ). യാതൊരു വസ്തുവെയും എന്നോട് നീ പങ്കുചേർക്കരുത് എന്നും, ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്ക് വേണ്ടിയും, നിന്നും കുനിഞ്ഞും സാഷ്ടാംഗത്തിലായിക്കൊണ്ടും പ്രാർഥിക്കുന്നവർക്ക് വേണ്ടിയും എന്റെ ഭവനം ശുദ്ധമാക്കിവെക്കണം എന്നും (നാം അദ്ദേഹത്തോട് നിർദേശിച്ചു). (നാം അദ്ദേഹത്തോട് പറഞ്ഞു:) ജനങ്ങൾക്കിടയിൽ നീ തീർഥാടനത്തെപ്പറ്റി വിളംബരം ചെയ്യുക. നടന്നുകൊണ്ടും വിദൂരമായ സകല മലമ്പാതകളിലൂടെയും വരുന്ന എല്ലാവിധ മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്ത് കയറിയും അവർ നിന്റെയടുത്ത് വന്നുകൊള്ളും'' (അൽഹജ്ജ് 26,27).

**ലക്ഷ്യം അല്ലാഹുവിന്റെ പ്രീതി നേടൽ**

ഇസ്‌ലാം പഠിപ്പിക്കുന്ന നിബന്ധനകളൊത്ത ഓരോ മുസ്‌ലിമിനും ഹജ്ജ് ചെയ്യൽ നിർബന്ധമാണ്.

"മനുഷ്യർ അതിലേക്ക് ഹജ്ജ് തീർഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു. വല്ലവനും അവിശ്വസിക്കുന്നപക്ഷം അല്ലാഹു ലോകരെ ആശ്രയിക്കാത്തവനാകുന്നു'' (അൽഹജ്ജ് 97).

"നിങ്ങൾ അല്ലാഹുവിന് വേണ്ടി ഹജ്ജും ഉംറയും പൂർണമായി നിർവഹിക്കുക" (അൽബക്വറ 196).

ഈ സൂക്തങ്ങളിൽനിന്ന് ഹജ്ജ് ലോകരക്ഷിതാവായ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് നിർവഹിക്കേണ്ട ആരാധനകർമമാണെന്ന് വളരെ വ്യക്തമാണ്.

ക്വുർആനിൽ ഹജ്ജിന്റെ വിധി പ്രസ്താവിക്കുന്ന സന്ദർഭത്തിൽ



അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കേണ്ടതിന്റെയും, അവനെ ഓർക്കേണ്ടതിന്റെയും, അവനെ മാത്രം ആരാധിക്കേണ്ടതിന്റെയും ആവശ്യകത ഊന്നിപ്പറയുന്നുണ്ട്:

"(ഹജ്ജിനിടയിൽ) നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള ഭൗതികാനുഗ്രഹങ്ങൾ നിങ്ങൾ തേടുന്നതിൽ കുറ്റമൊന്നുമില്ല. അറഫാത്തിൽനിന്ന് നിങ്ങൾ പുറപ്പെട്ടുകഴിഞ്ഞാൽ മശ്അറുൽ ഹറാമിനടുത്തുവെച്ച് നിങ്ങൾ അല്ലാഹുവിനെ പ്രകീർത്തിക്കുവിൻ. അവൻ നിങ്ങൾക്ക് വഴികാണിച്ച പ്രകാരം നിങ്ങളവനെ ഓർക്കുവിൻ. ഇതിനു മുമ്പ് നിങ്ങൾ പിഴച്ചവരിൽ പെട്ടവരായിരുന്നാലും" (അൽബകറ 198).

"അങ്ങനെ നിങ്ങൾ ഹജ്ജ് കർമം നിർവഹിച്ചുകഴിഞ്ഞാൽ നിങ്ങളുടെ പിതാക്കളെ നിങ്ങൾ പ്രകീർത്തിച്ചിരുന്നത് പോലെയോ അതിനെക്കാൾ ശക്തമായ നിലയിലോ അല്ലാഹുവെ നിങ്ങൾ പ്രകീർത്തിക്കുക. മനുഷ്യരിൽ ചിലർ പറയും; ഞങ്ങളുടെ രക്ഷിതാവേ, ഇഹലോകത്ത് ഞങ്ങൾക്ക് നീ (അനുഗ്രഹം) നൽകേണമേ എന്ന്. എന്നാൽ പരലോകത്ത് അത്തരക്കാർക്ക് ഒരു ഓഹരിയും ഉണ്ടായിരിക്കുന്നതല്ല. മറ്റു ചിലർ പറയും; ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ; പരലോകത്തും നീ നല്ലത് തരേണമേ. നരകശിക്ഷയിൽനിന്ന് ഞങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യേണമേ എന്ന്. അവർ സമ്പാദിച്ചതിന്റെ ഫലമായി അവർക്ക് വലിയൊരു വിഹിതമുണ്ട്. അല്ലാഹു അതിവേഗത്തിൽ കണക്ക് നോക്കുന്നവനാകുന്നു. എണ്ണപ്പെട്ട ദിവസങ്ങളിൽ നിങ്ങൾ അല്ലാഹുവെ സ്മരിക്കുക. (അവയിൽ) രണ്ടുദിവസംകൊണ്ട് മതിയാക്കി ആരെങ്കിലും ധൃതിപ്പെട്ട് പോരുന്നപക്ഷം അവന് കുറ്റമില്ല. (ഒരു ദിവസവും കൂടി) താമസിച്ചു പോരുന്നവന്നും കുറ്റമില്ല. സൂക്ഷ്മത പാലിക്കുന്നവന്ന് (അതാണ് ഉത്തമം). നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവങ്കലേക്ക് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുമെന്ന് മനസ്സിലാക്കുകയും ചെയ്യുക" (അൽബകറ: 200-203).

### വിശ്വാസ വിമലീകരണം അനിവാര്യം

സൂറത്തുൽ ഹജ്ജിൽ വന്ന ഹജ്ജുമായി ബന്ധപ്പെട്ട ആയത്തുകളിൽ അല്ലാഹുവിന്റെ ഏകത്വത്തിലേക്ക് വഴിനടത്തുകയും ശിർക്കിനെ പാടെ നിരാകരിക്കണമെന്ന് വ്യക്തമായി പഠിപ്പിക്കുകയും ചെയ്യുന്നത് കാണുക:

"ഇബ്റാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ) സ്ഥാനം നാം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം (ശ്രദ്ധേയമത്രെ). യാതൊരു വസ്തുവെയും എന്നോട് നീ പങ്കുചേർക്കരുത് എന്നും, ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്ക് വേണ്ടിയും, നിന്നും കുനിഞ്ഞും സാഷ്ടാംഗത്തിലായിക്കൊണ്ടും പ്രാർഥിക്കുന്നവർക്ക് വേണ്ടിയും എന്റെ ഭവനം ശുദ്ധമാക്കിവെക്കണം എന്നും (നാം അദ്ദേഹത്തോട് നിർദേശിച്ചു). (നാം അദ്ദേഹത്തോട് പറഞ്ഞു:) ജനങ്ങൾക്കിടയിൽ നീ തീർഥാടനത്തെപ്പറ്റി വിളംബരം ചെയ്യുക. നടന്നുകൊണ്ടും വിദൂരമായ സകല മലമ്പാതകളിലൂടെയും വരുന്ന എല്ലാവിധ മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്ത് കയറിയും അവർ നിന്റെയടുത്ത് വന്നുകൊള്ളും" (അൽഹജ്ജ് 26,27).

ഇതിന് ശേഷം അല്ലാഹു പറയുന്നു: "അത് (നിങ്ങൾ ഗ്രഹിക്കുക) അല്ലാഹു പവിത്രത നൽകിയ വസ്തുക്കളെ വല്ലവനും ബഹുമാനിക്കുന്നപക്ഷം അത് തന്റെ രക്ഷിതാവിന്റെ അടുക്കൽ അവന്ന് ഗുണകരമായിരിക്കും. നിങ്ങൾക്ക് ഓതി കേൾപിക്കപ്പെടുന്നതൊഴിച്ചുള്ള കന്നുകാലികൾ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. ആകയാൽ വിഗ്രഹങ്ങളാകുന്ന രിജ്സിൽനിന്നും നിങ്ങൾ അകന്നുനിൽക്കുക. വ്യാജവാക്കിൽനിന്നും നിങ്ങൾ അകന്നുനിൽക്കുക. വക്രതയില്ലാതെ (ഋജുമാനസരായി) അല്ലാഹുവിലേക്ക് തിരിഞ്ഞവരും അവനോട് യാതൊന്നും പങ്കുചേർക്കാത്തവരുമായിരിക്കണം (നിങ്ങൾ). അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം അവൻ ആകാശത്തുനിന്ന് വീണത് പോലെയാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചിക്കൊണ്ടുപോകുന്നു. അല്ലെങ്കിൽ കാറ്റ് അവനെ വിദൂരസ്ഥലത്തേക്ക് കൊണ്ടുപോയി തള്ളുന്നു. അത് (നിങ്ങൾ ഗ്രഹിക്കുക) വല്ലവനും അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആദരിക്കുന്നപക്ഷം തീർച്ചയായും അത് ഹൃദയങ്ങളിലെ ധർമനിഷ്ഠയിൽനിന്നുണ്ടാകുന്നതത്രെ" (അൽഹജ്ജ് 30-32).

### സ്രഷ്ടാവിനുള്ള സമ്പൂർണ സമർപ്പണം

"ഓരോ സമുദായത്തിനും നാം ഓരോ ആരാധനാകർമം നിശ്ചയിച്ചിട്ടുണ്ട്. അവർക്ക് ഉപജീവനത്തിനായി അല്ലാഹു നൽകിയിട്ടുള്ള കന്നുകാലിമൃഗങ്ങളെ അവന്റെ നാമം ഉച്ചരിച്ചുകൊണ്ട് അവർ അറുക്കേണ്ടതിനു വേണ്ടിയത്രെ അത്. നിങ്ങളുടെ ദൈവം ഏകദൈവമാകുന്നു. അതിനാൽ അവന്നുമാത്രം നിങ്ങൾ കീഴ്പെടുക. (നബിയേ,) വിനീതർക്ക് നീ സന്തോഷവാർത്ത അറിയിക്കുക" (അൽഹജ്ജ് 34).

ബലിമൃഗത്തിന്റെ മാംസമോ രക്തമോ അല്ല അല്ലാഹുവിന് ആവശ്യം, മറിച്ച് അല്ലാഹുവിനെ ഏകനാക്കലും മനുഷ്യരുടെ സൂക്ഷ്താബോധവുമാണ്.

"ബലി ഒട്ടകങ്ങളെ നാം നിങ്ങൾക്ക് അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ പെട്ടതാക്കിയിരിക്കുന്നു. നിങ്ങൾക്കവയിൽ ഗുണമുണ്ട്. അതിനാൽ അവയെ വരിവരിയായി നിർത്തിക്കൊണ്ട് അവയുടെ മേൽ നിങ്ങൾ അല്ലാഹുവിന്റെ നാമം ഉച്ചരി(ച്ചുകൊണ്ട് ബലിയർപ്പി)ക്കുക. അങ്ങനെ അവ പാർശ്വങ്ങളിൽ വീണുകഴിഞ്ഞാൽ അവയിൽനിന്നെടുത്ത് നിങ്ങൾ ഭക്ഷിക്കുകയും (യാചിക്കാതെ) സംതൃപ്തിയടയുന്നവന്നും ആവശ്യപ്പെട്ടുവരുന്നവന്നും നിങ്ങൾ ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യുക.

നിങ്ങൾ നന്ദികാണിക്കുവാൻ വേണ്ടി അവയെ നിങ്ങൾക്ക് അപ്രകാരം നാം കീഴ്‌പെടുത്തിത്തന്നിരിക്കുന്നു. അവയുടെ മാംസമോ രക്തമോ അല്ലാഹുവിങ്കൽ എത്തുന്നതേയില്ല. എന്നാൽ നിങ്ങളുടെ ധർമനിഷ്ഠയാണ് അവങ്കൽ എത്തുന്നത്. അല്ലാഹു നിങ്ങൾക്ക് മാർഗദർശനം നൽകിയതിന്റെ പേരിൽ നിങ്ങൾ അവന്റെ മഹത്ത്വം പ്രകീർത്തിക്കേണ്ടതിനായി അപ്രകാരം അവൻ അവയെ നിങ്ങൾക്ക് കീഴ്‌പെടുത്തിത്തന്നിരിക്കുന്നു. (നബിയേ,) സദ്‌വൃത്തർക്ക് നീ സന്തോഷവാർത്ത അറിയിക്കുക" (അൽഹജ്ജ് 36,37).

ഉപരിസൂചിത ക്വുർആൻ സൂക്തങ്ങളെല്ലാം മാനവരോട് ആവശ്യപ്പെടുന്നത് എല്ലാ അവസരങ്ങളിലും അവസ്ഥകളിലും അല്ലാഹുവിനെ ഓർക്കുകയും അവന്റെ ഏകത്വത്തെ അംഗീകരിക്കുകയും അനുസരണയിലും ബലിയടക്കമുള്ള ഹജ്ജ് കർമങ്ങളിലുടനീളവും അവനെ ഏകനാക്കുകയും ചെയ്യുകയെന്നതാണ്. അതുപോലെ തൗഹീദിന്റെ കടകവിരുദ്ധമായ ശിർക്കിൽനിന്ന് പാടെ അകലുകയും ചെയ്യണമെന്ന് പഠിപ്പിക്കുന്നു. അല്ലാഹുവിൽ പങ്കുചേർക്കുന്നവൻ ആകാശത്തുനിന്ന് വീണവനെ പോലെയാണ്, അവൻ എവിടെയാണ് വന്ന് പതിക്കുകയെന്നറിയില്ല. ഒരുപക്ഷേ, അവനെ ശക്തമായ കാറ്റ് വഹിച്ച് കൊണ്ടുപോയി ഇടുന്നത് പ്രവിശാലമായ കടലിലോ, മണലാരണ്യത്തിലോ, കാട്ടിലോ ആയിരിക്കാം. ചിലപ്പോൾ ഏതെങ്കിലും വലിയ പക്ഷി കൊത്തിക്കൊണ്ടുപോയി അതിന്റെ ആഹാരമാക്കാനും സാധ്യതയുണ്ട്. ഇതെല്ലാം ഏതൊരു സാധാരണക്കാരനും സുവ്യക്തമാവുന്ന രൂപത്തിലാണ് മുകളിലെ ആയത്തുകളിൽ വിവരിക്കപ്പെട്ടത്. ആകാശത്തുനിന്ന് വീണവൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവിനെയല്ലാതെ മറ്റു വല്ലതിനെയും ആരാധിക്കുന്നവൻ എന്നാണ്. ഇത്തരക്കാർ തങ്ങളുടെ ആഗ്രഹ സഫലീകരണത്തിനും പ്രയാസദൂരീകരണത്തിനുമായി സാങ്കൽപിക ആരാധ്യന്മാരിലേക്ക് മാറി മാറി ആരാധനകളും വഴിപാടുകളും അർപ്പിക്കും. അവസാനം എല്ലാം നഷ്ടപ്പെട്ട് ആദർശശൂന്യരായും നിരാശരായും മാറുകയും ചെയ്യും.

**ക്വുർആൻ സൂക്തങ്ങളെല്ലാം മാനവരോട് ആവശ്യപ്പെടുന്നത് എല്ലാ അവസരങ്ങളിലും അവസ്ഥകളിലും അല്ലാഹുവിനെ ഓർക്കുകയും അവന്റെ ഏകത്വത്തെ അംഗീകരിക്കുകയും അനുസരണയിലും ബലിയടക്കമുള്ള ഹജ്ജ് കർമങ്ങളിലുടനീളവും അവനെ ഏകനാക്കുകയും ചെയ്യുകയെന്നതാണ്. അതുപോലെ തൗഹീദിന്റെ കടകവിരുദ്ധമായ ശിർക്കിൽനിന്ന് പാടെ അകലുകയും ചെയ്യണമെന്ന് പഠിപ്പിക്കുന്നു. അല്ലാഹുവിൽ പങ്കുചേർക്കുന്നവൻ ആകാശത്തുനിന്ന് വീണവനെ പോലെയാണ്, അവൻ എവിടെയാണ് വന്ന് പതിക്കുകയെന്നറിയില്ല. ആകാശത്തുനിന്ന് വീണവൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവിനെയല്ലാതെ മറ്റു വല്ലതിനെയും ആരാധിക്കുന്നവൻ എന്നാണ്. ഇത്തരക്കാർ തങ്ങളുടെ ആഗ്രഹ സഫലീകരണത്തിനും പ്രയാസദൂരീകരണത്തിനുമായി സാങ്കൽപിക ആരാധ്യന്മാരിലേക്ക് മാറി മാറി ആരാധനകളും വഴിപാടുകളും അർപ്പിക്കും. അവസാനം എല്ലാം നഷ്ടപ്പെട്ട് ആദർശശൂന്യരായും നിരാശരായും മാറുകയും ചെയ്യും.**

### ഇഹ്‌റാമിൽ പ്രവേശിക്കുമ്പോൾ

ഹജ്ജിനോ ഉംറക്കോ ഇഹ്‌റാം ചെയ്യുമ്പോൾ അല്ലാഹുവിന്റെ കൽപനക്ക് ഞാൻ വിധേയനാണ്, അവന്റെ താൽപര്യത്തിനാണ് സ്വന്തം താൽപര്യത്തെക്കാൾ ഞാൻ മുൻതൂക്കം നൽകുന്നത് എന്ന് പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. സാധാരണ ധരിക്കുന്ന വസ്ത്രത്തിൽനിന്ന് മാറി പ്രത്യേക വസ്ത്രം, പ്രത്യേക രൂപത്തിൽ ധരിക്കാൻ സന്നദ്ധമാവുന്നു. ഇതിൽ സാധാരണക്കാരനെന്നോ, പണക്കാരനെന്നോ, അഭ്യസ്തവിദ്യനെന്നോ, അജ്ഞനെന്നോ, രാജാവെന്നോ, പ്രജയെന്നോ വ്യത്യാസമില്ല. ഏകനായ റബ്ബിന്റെ കൽപനയ്ക്കു മുന്നിൽ എല്ലാവരും ഒരുപോലെ, ഒരു മനസ്സോടെ.

### തൽബിയ്യത്ത്

ഇഹ്‌റാമിന് ശേഷം, ഹാജിമാർ ത്വവാഫ് ആരംഭിക്കുന്നതുവരെ തൽബിയ്യത്ത് ചൊല്ലണം. അല്ലാഹുവിന്റെ ഏകത്വവും ആരാധ്യതയും ഏറ്റവും ഉദാത്തമായ രൂപത്തിൽ പ്രഖ്യാപിക്കുന്നതാണ് തൽബിയ്യത്ത്. ഇത് ആശയമറിഞ്ഞ് ആത്മാർഥമായി പ്രഖ്യാപിക്കുന്ന ഒരു മനുഷ്യന് എങ്ങനെയാണ് അല്ലാഹുവല്ലാത്തവരിലേക്ക് അഭയം തേടാൻ കഴിയുക?

'ലബ്ബൈകല്ലാഹുമ്മ ലബ്ബൈക്, ലബ്ബൈക ലാ ശരീക ലക ലബ്ബൈക്, ഇന്നൽ ഹംദ വന്നിഅ്മത ലക വൽമുൽക്, ലാ ശരീക ലക്' എന്നാണ് തൽബിയ്യത്തിന്റെ രൂപം.

"അല്ലാഹുവേ, നിന്റെ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, നിന്റെ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, നിനക്ക് യാതൊരു പങ്കാളിയുമില്ല. നിന്റെ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, സ്തുതികളും അനുഗ്രഹവും മുഴുവനും നിനക്കാണ്; അധികാരവും. നിനക്ക് യാതൊരു പങ്കാളിയുമില്ല" (മുസ്‌ലിം).

ഈ തൽബിയ്യത്താകുന്ന തൗഹീദിന്റെ ദിക്റ് ഹജ്ജ്, ഉംറ വേളകളിൽ മാത്രമെ ഇസ്‌ലാം നിയ

മമാക്കിയിട്ടുള്ളൂവെന്നത് നാം പ്രത്യേകം ശ്രദ്ധിക്കണം.

തൽബിയ്യത്തിൽ ഹംദും നിഅ്മതും മുൽകും അടങ്ങിയിരിക്കുന്നു. ഈ മൂന്നും അല്ലാഹുവിനല്ലാതെ മറ്റാർക്കുമില്ല. ഉന്നതമായ മഹത്ത്വവും സമ്പൂർണ വിശേഷണവുമുള്ള അല്ലാഹുവിനാണ് സർവസ്തുതിയും, എല്ലാ അനുഗ്രഹങ്ങളും അല്ലാഹുവിൽനിന്ന് മാത്രമാണ്, അവനിലേക്കുമാണ്. അധികാരം മുഴുവനും എല്ലാം അടക്കിഭരിക്കുന്ന അല്ലാഹുവിന് മാത്രമാണ്. ഇതെല്ലാം അല്ലാഹുവിന്റെ ഏകത്വത്തെയാണ് വ്യക്തമാക്കുന്നത്. ഈ കാര്യങ്ങളെല്ലാം ഏകനായ അല്ലാഹുവിന് മാത്രമുള്ളതാണ്. ഈ പ്രഖ്യാപനമാണ് തൽബിയ്യത്തിലൂടെ ഓരോ ഹാജിയും നടത്തുന്നത്.

മക്കയിലെ മുശ്‌രിക്കുകളും തൽബിയ്യത്ത് ചൊല്ലിയിരുന്നു. പ്രവാചകനും സ്വഹാബികളും ചൊല്ലിയിരുന്ന തൽബിയത്തിനോട് സമാനതയുണ്ടെങ്കിലും ഒരു വാചകം അതിൽ അധികമുണ്ടായിരുന്നു. അവരുടെ തൽബിയ്യത്തിൽ 'ലാ ശരീക ലക' എന്നതിനു ശേഷം 'ഇല്ലാ ശരീകൻ, ഹുവ ലക, തംലികുഹു വമാ മലക' (നിനക്ക് ഒരു പങ്കാളിയുമില്ല, ഒരു പങ്കാളി ഒഴിച്ച്, അവൻ നിനക്കുള്ളതാണ്, നീ ഉടമപ്പെടുത്തുന്നത് തന്നെയാണ് അവനും ഉടമപ്പെടുത്തുന്നത്) എന്നുകൂടി പറയുമായിരുന്നു.

പ്രവാചകൻ(സ്വ) ഈ ശിർക്കിനെ മായ്ച്ചുകളയുകയുണ്ടായി. മുശ്‌രിക്കുകൾ തൽബിയത്ത് ചൊല്ലുന്നവേളയിൽ അവർ കൂട്ടിച്ചേർത്തത് തുടങ്ങുന്നതിന് മുമ്പു തന്നെ നബി(സ്വ) അവരോട് 'അവിടെ മതിയാക്കൂ, അവിടെ മതിയാക്കൂ' (മുസ്‌ലിം) എന്നു പറഞ്ഞ് ശിർക്കിൽനിന്ന് അവരെ തടയുമായിരുന്നു.

**ത്വവാഫ്**

ഹജ്ജിന്റെയും ഉംറയുടെയും പ്രധാനപ്പെട്ട കർമമാണ് അല്ലാഹുവിനെ മഹത്ത്വപ്പെടുത്തുകയും ആരാധിക്കുകയും ചെയ്യുന്ന ത്വവാഫ്. മലക്കുകളാൽ അസ്തിവാരമിട്ടതിൽനിന്നും ഇബ്‌റാഹീം നബി(അ)യും ഇസ്മാഈൽ നബി(അ)യും പടുത്തുയർത്തിയ കഅ്ബക്ക് ചുറ്റും ത്വവാഫ് ചെയ്യണമെന്ന കൽപന വിശ്വാസി അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. ഈ രണ്ട് നബിമാരോടും അല്ലാഹു പറയുന്നു:

"...ഇബ്‌റാഹീമിന്നും ഇസ്മാഈലിന്നും നാം കൽപനനൽകിയത്, ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്കും ഇഅ്തികാഫ് (ഭജന) ഇരിക്കുന്നവർക്കും തലകുനിച്ചും സാഷ്ടാംഗം ചെയ്തും നമസ്‌കരിക്കുന്ന(പ്രാർഥിക്കുന്ന)വർക്കും വേണ്ടി എന്റെ ഭവനത്തെ നിങ്ങൾ ഇരുവരും ശുദ്ധമാക്കിവെക്കുക എന്നായിരുന്നു" (അൽബക്വറ 125).

"ഇബ്‌റാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ) സ്ഥാനം നാം സൗകര്യപ്പെടുത്തി കൊടുത്ത സന്ദർഭം (ശ്രദ്ധേയമത്രെ). യാതൊരു വസ്തുവെയും എന്നോട് നീ പങ്കുചേർക്കരുത് എന്നും ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്ക് വേണ്ടിയും നിന്നും കുനിഞ്ഞും സാഷ്ടാംഗത്തിലായിക്കൊണ്ടും പ്രാർഥിക്കുന്നവർക്ക് വേണ്ടിയും എന്റെ ഭവനം ശുദ്ധമാക്കിവെക്കണം എന്നും (നാം അദ്ദേഹത്തോട് നിർദേശിച്ചു)" (അൽഹജ്ജ് 26).

കഅ്ബ പടുത്തുയർത്താൽ ആജ്ഞാപിക്കുമ്പോഴും അല്ലാഹുവിന്റെ ഏകത്വം സ്ഥാപിക്കാനും ശിർക്ക് വിപാടനം ചെയ്യാനും പ്രത്യേകം പറയുന്നു. ത്വവാഫിന്റെ ഓരോ ചുറ്റലിലും അല്ലാഹുവിന്റെ ഏകത്വം പ്രഖ്യാപിച്ചുകൊണ്ട് അവനോട് മാത്രം പ്രാർഥിക്കാനും അവനിലേക്ക് സങ്കടങ്ങൾ ബോധിപ്പിക്കാനും അവനിൽ അഭയം പ്രാപിക്കാനും പാപമോചനം തേടാനും പ്രവാചകൻ(സ്വ) സ്വഹാബിമാരെ ഉൽബോധിപ്പിക്കുന്നത് നമുക്ക് കാണാനാവും. ത്വവാഫ് എന്ന ആരാധന ഇവിടെ മാത്രമെ പാടുള്ളൂ. മറ്റൊരു സ്ഥലത്തും പാടില്ല. എന്നാൽ സങ്കടകരമെന്ന് പറയട്ടെ, മുസ്‌ലിം സമുദായത്തിലെ ചില സാധാരണക്കാരും അറിവുള്ളവരാണെന്ന് ജനങ്ങൾ തെറ്റിദ്ധരിച്ച ചിലരും പല സ്ഥലങ്ങളിലും ക്വബ്‌റുകൾക്ക് ചുറ്റും ത്വവാഫ് ചെയ്യുന്നതായി നമുക്ക് കാണാനാവും. ഇത് ഹജ്ജിലുടനീളം വിളംബരം ചെയ്തുകൊണ്ടിരിക്കുന്ന തൗഹീദിന് വിപരീതമാണെന്ന് അവർ മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ!

കഅ്ബക്ക് ചുറ്റുമുള്ള ത്വവാഫും സ്വഫാമർവക്കിടയിലുള്ള സഅ്‌യും ജംറയിലുള്ള കല്ലേറുമെല്ലാം നിയമമാക്കിയത് അല്ലാഹുവിനെ ഓർക്കാനാണെന്ന പ്രവാചക വചനം പ്രത്യേകം സ്മരണിയമാണ്.

ത്വവാഫിന് ശേഷം മക്വാമു ഇബ്‌റാഹീമിന് പിന്നിലുള്ള രണ്ടു റക്അത്ത് നമസ്‌കാരത്തിൽ പാരായണം ചെയ്യാൻ പ്രത്യേകം സുന്നത്താക്കിയ രണ്ട് സൂറത്തുകളും (അൽകാഫിറൂൻ, അൽഇഖ്‌ലാസ്) അല്ലാഹുവിന്റെ ഏകത്വം ഉജ്ജ്വലമായി സ്ഥാപിക്കുന്നവയാണ്.

**സ്വഫാമർവകളിൽ**

ഹജ്ജിന്റെയും ഉംറയുടെയും അനിവാര്യഘടകമാണ് സഫാമർവയ്ക്കിടയിലുള്ള സഅ്‌യ്. സ്വഫാ മലയിലേക്ക് കയറുമ്പോൾ പാരായണം ചെയ്യാൻ സുന്നത്താക്കിയ ആയത്തും ഇസ്‌ലാമിന്റെ ചിഹ്നങ്ങളെ ആദരിക്കാനും ഉയർത്തിപ്പിടിക്കാനും ആഹ്വാനം ചെയ്യുന്നതാണ്. ശേഷം ക്വിബ്‌ലക്ക് അഭിമുഖമായി ഓരോ ഹാജിയും നടത്തുന്ന പ്രാർഥന അല്ലാഹുവിന്റെ ഏകത്വവും അവന്റെ ഔന്നിത്യവും മഹത്ത്വവും വ്യക്തമാക്കുന്നതാണ്.

ജാബിർ(റ) നബി(സ്വ)യുടെ ഹജ്ജിനെക്കുറിച്ച് ഇങ്ങനെ വിശദീകരിക്കുകയുണ്ടായി; നബി(സ) പറഞ്ഞു: 'അല്ലാഹു ആരംഭിച്ചതുകൊണ്ട് ഞാനും ആരംഭിക്കുന്നു.' അങ്ങനെ സ്വഫകൊണ്ട് ആരംഭിച്ച് അതിലേക്ക് കയറി കഅ്ബയെ കാണുന്ന രൂപത്തിൽ അതിലേക്ക് തിരിഞ്ഞുകൊണ്ട് അല്ലാഹുവിനെ

മഹത്ത്വപ്പെടുത്തുകയും ഏകനാക്കുകയും ചെയ്തുകൊണ്ട് പറയുകയുണ്ടായി: 'ലാ ഇലാഹ ഇല്ലല്ലാഹ്, വഹ്ദഹു ലാ ശരീക ലഹു, ലഹുൽ മുൽകു വലഹുൽ ഹംദ്, വഹുവ അലാ കുല്ലി ശൈഇൻ ക്വദീർ, ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു, അൻജസ വഅ്ദഹു, വ നസ്വറ അബ്ദഹു, വ ഹസമൽ അഹ്സാബ വഹ്ദഹു.'

"അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അവൻ ഏകനാണ്, അവനൊരു പങ്കാളിയുമില്ല, അവനാണ് ആധിപത്യം മുഴുവനും, അവനാണ് സ്തുതികൾ മുഴുവനും, അവൻ എല്ലാത്തിനും കഴിവുള്ളവനാണ്. അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അവൻ ഏകനാണ്, അവന്റെ കരാർ അവൻ നിറവേറ്റി, അവൻ അവന്റെ അടിമയെ സഹായിച്ചു, അവൻ ഒറ്റക്ക് കക്ഷികളെ പരാജയപ്പെടുത്തുകയും ചെയ്തു" (മുസ്‌ലിം). ഇത് സ്വഫയിൽവെച്ച് പ്രാർഥിക്കുന്നത് പോലെ മർവയിലും പ്രാർഥിക്കണം.

**അറഫയിൽ**

ഹജ്ജിന്റെ മശാഇറുകളായ മിനാ, അറഫ, മുസ്ദലിഫ പോലെയുള്ള സ്ഥലങ്ങളിലും അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കുകയും പ്രഖ്യാപിക്കുകയും ഉന്നതമാക്കുകയും ചെയ്യുന്ന കാര്യങ്ങൾതന്നെയാണ് ചെയ്യാനുള്ളത്. ദുൽഹിജ്ജ 9ന് ഉച്ചയോടെയാണ് അറഫയിലേക്ക് ഹാജിമാർ പ്രവേശിക്കേണ്ടത്. അറഫയിലും അറഫക്ക് പുറത്തുമായി സ്ഥിതിചെയ്യുന്ന വിശാലമായി നമിറ പള്ളിയിൽ വെച്ച് ഇമാം (ഇന്ന് സൗദി അറേബ്യയുടെ ഭരണാധികാരി നിശ്ചയിക്കുന്ന ഹജ്ജിന്റെ ഇമാം) ഖുത്വുബ നടത്തും. ഈ ഖുത്വുബ അല്ലാഹുവിന്റെ ഏകത്വവും തൗഹീദും ഔന്നിത്യവും ഉറക്കെ പ്രഖ്യാപിച്ചുകൊണ്ടാണ് ആരംഭിക്കുക. ശേഷം ഇസ്‌ലാമിന്റെ ശരീഅത്തും അതിന്റെ പ്രാധാന്യവും വ്യക്തമാക്കിക്കൊണ്ട് കടന്നുപോകുന്ന ഖുത്വുബ ആനുകാലിക വിഷയങ്ങളെ പരാമർശിച്ച് അതിൽ ഒരു മുസ്‌ലിമിന്റെ നിലപാടെന്തെന്നും വ്യക്തമാക്കുന്നു. ശേഷം സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിനോട് പ്രാർഥിച്ചാണ് ഇത് അവസാനിക്കുക.

ശേഷം ദുഹ്റും അസ്വ്റും ജംഉം ക്വസ്റുമായി നമസ്കരിക്കുന്നു. തുടർന്ന് സൂര്യാസ്തമയംവരെ അല്ലാഹുവിനോട് പ്രാർഥിക്കലാണ് ഹാജിമാർക്ക് അറഫയിൽ ചെയ്യാനുള്ള ആരാധന. അറഫയിലെ ഏറ്റവും ശ്രേഷ്ഠമായ പ്രാർഥന യായി റസൂലുല്ലാഹി(സ്വ) പഠിപ്പിച്ചുതന്നത് 'ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു, ലഹുൽ മുൽകു വലഹുൽ ഹംദു, വഹുവ അലാ കുല്ലി ശൈഇൻ ക്വദീർ' എന്നാണ്. തൗഹീദിന്റെ മഹത്ത്വം പ്രഖ്യാപിക്കുന്ന പ്രാർഥനയാണിതെന്ന് ഏതൊരു മുസ്‌ലിമിനും അറിയാവുന്നതാണ്.

നബി(സ്വ) പറഞ്ഞു: "ഏറ്റവും ശ്രേഷ്ഠമായ പ്രാർഥന അറഫാദിനത്തിലെ പ്രാർഥനയാണ്. ഞാനും എനിക്ക് മുമ്പുള്ള പ്രവാചകന്മാരും പറഞ്ഞതിൽ ഏറ്റവും ശ്രേഷ്ഠമായത് (ഇതാണ്:) 'അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. അവനാണ് അധികാരം, അവനാണ് സ്തുതികൾ മുഴുവനും, അവൻ എല്ലാറ്റിനും കഴിവുള്ളവനുമാണ്" (തിർമിദി).

സൂര്യാസ്തമയത്തോടെ അറഫയിലെ നിറുത്തം കഴിഞ്ഞ് ഹാജിമാർ മുസ്ദലിഫയിലേക്ക് ഒഴുകുന്നു. അപ്പോഴും തൗഹീദിന്റെ മന്ത്രമായ തൽബിയ്യത്താണ് അവരുടെ ചുണ്ടുകളിൽനിന്ന് ഒഴുകിക്കൊണ്ടിരിക്കുന്നത്. മുസ്ദലിഫയിലെ വിശാലമായ മൈതാനിയിൽ എത്തി മഗ്‌രിബും ഇശാഉം ജംഉം ക്വസ്വ്റുമായി നമസ്കരിച്ച് ആകാശമെന്ന അനന്തവിശാല മേൽകൂരക്ക് കീഴിൽ വിശാലമായ ഭൂമിയെന്ന മെത്തയിൽ ഉറങ്ങുകയെന്ന ആരാധനയിലേക്ക് ഹാജിമാർ പ്രവേശിക്കുന്നു. ശേഷം ദുൽഹിജ്ജ പത്തിന്റെ സുബ്ഹി അവിടെവെച്ച് നിർവഹിച്ച് മശ്ഹരിൽ ഹറാം എന്ന മസ്ജിദിനും ക്വിബ്‌ലക്കുമഭിമുഖമായി നിന്ന് കൈകളുയർത്തി സൂര്യോദയംവരെ അല്ലാഹുവിനോട് പ്രാർഥിക്കൽ ഏറെ പുണ്യകരമാണ്. ഈ സമയത്ത് അല്ലാഹുവിന്റെ ഏകത്വവും മഹത്ത്വവും ഔന്നിത്യവും വിളിച്ചോതുന്ന തഹ്‌ലീലും തക്ബീറും തഹ്മീദും ഹാജിമാരുടെ നാവിലൂടെ അന്തരീക്ഷത്തിൽ

**ഏറെ പുണ്യമുള്ള സ്ഥലമാണ് മദീനതുന്നബവി. പുണ്യവും അനുഗ്രഹവും ആഗ്രഹിച്ചുകൊണ്ട് തീർഥയാത്ര ചെയ്യാനായി അനുവാദമുള്ള, പ്രവാചക കരങ്ങളാൽ പടുത്തുയർത്തപ്പെട്ട മസ്ജിദുന്നബവി സ്ഥിതി ചെയ്യുന്ന, 'എന്റെ വീടിന്റെയും മിമ്പറിന്റെയും ഇടയിലുള്ള സ്ഥലം സ്വർഗത്തോപ്പാണ്' എന്ന് നബി(സ്വ) പറഞ്ഞ 'റൗദാ ശരീഫ്' ഉള്ള, യസ്‌രിബെന്ന പൗരാണിക പേരുള്ള, അൽമദീന, ദാറുൽഹിജ്റ, ത്വാബ, ത്വൈബ എന്നീ പേരുകളിലറിയപ്പെടുന്ന, അന്ത്യപ്രവാചകൻ മറമാടപ്പെട്ട സ്ഥലമായ മദീന സന്ദർശിക്കൽ ഹജ്ജിന്റെ ഭാഗമല്ലായെന്ന സത്യം എത്രയാളുകൾക്കറിയാം? ഹജ്ജിന്റെ കർമങ്ങളെല്ലാം നടക്കുന്നത് മക്ക, മിന, അറഫ, മുസ്ദലിഫ എന്നീ മശാഇറുകളിലാണ്. മദീനയിൽ ഹജ്ജിന്റെയോ ഉംറയുടെയോ ഒരു കർമവുമില്ല. എന്നാലും മക്കയെക്കാൾ മദീനക്ക് പ്രാധാന്യം കൽപിക്കുന്ന ഒരുപാട് ആളുകളെ നമുക്ക് കാണാനാവും.**

മുഴങ്ങിക്കൊണ്ടിരിക്കും.

**മിനായിൽ**

ഹജ്ജുൽ അക്ബർ; യൗമുന്നഹ്ർ എന്നീ പേരിലെല്ലാം അറിയപ്പെടുന്ന ദുൽഹിജ്ജ പത്തിന് രാവിലെ മിനായിലെത്തി, മക്കയോട് അടുത്ത് നിൽക്കുന്ന ജംറതുൽ അക്വബ, ജംറതുൽ കുബ്റാ എന്നീ പേരിലറിയപ്പെടുന്ന ജംറക തക്ബീർ ചൊല്ലി ഒന്നിനുപുറകെ ഒന്നായി ഏഴ് കല്ലുകൾ എറിയുന്നു. എന്റെ റബ്ബ് എന്നോട് എന്ത് പറഞ്ഞാലും ഞാനത് അംഗീകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമെന്ന ദൃഢനിശ്ചയത്തോടെയാണ് വിശ്വാസി ഹജ്ജിന്റെ ഈ കർമവും ചെയ്യുന്നത്. ശേഷം ബലിയും നിർവഹിക്കുന്നു. സ്രഷ്ടാവിന്റെ തൃപ്തി മാത്രം ആഗ്രഹിച്ചും അവന്റെ ഔന്നിത്യം അംഗീകരിച്ചു കൊണ്ടുമാണ് ഓരോ ഹാജിയും ബലിയറുക്കേണ്ടത്. അല്ലാഹു പറഞ്ഞു:

"ആകയാൽ നീ നിന്റെ രക്ഷിതാവിന് വേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക" (അൽകൗസർ 2).

"പറയുക; തീർച്ചയായും എന്റെ പ്രാർഥനയും എന്റെ ആരാധനാ കർമങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു" (അൽഅൻആം 162).

ശേഷം മുടി കളയുന്നതും അല്ലാഹുവിന്റെ നിയമത്തിനും പ്രവാചകചര്യക്കും ഞാനിതാ കീഴൊതുങ്ങുന്നുവെന്ന് പ്രഖ്യാപിച്ചാണ്. പിന്നീടു ചെയ്യേണ്ട ത്വവാഫുൽ ഇഫാദ, സഅ്യ് എന്നിവയിലും തുടക്കത്തിൽ വ്യക്തമാക്കിയപോലെ അല്ലാഹുവിന്റെ ഏകത്വവും തൗഹീദും മഹത്ത്വവും ഔന്നിത്യവുമെല്ലാം പ്രഖ്യാപിക്കുന്നു. ഇങ്ങനെ ഹജ്ജിന്റെ ഓരോ കർമത്തിലും പ്രാർഥനകളിലുമെല്ലാം തൗഹീദിന്റെ വിളംബരമാണ് ഓരോ ഹാജിയും നടത്തുന്നത്. അതെ, ഹജ്ജ് തൗഹീദിന്റെ അണമുറിയാത്ത വിളംബരം തന്നെ!

**തുടക്കവും ഒടുക്കവും**

ഖേദരകരമെന്നു പറയട്ടെ; ചിലരെങ്കിലും അല്ലാഹുവിനെയും അവന്റെ ഏകത്വത്തെയും ഹജ്ജിന്റെ കർമങ്ങളെയും ഇസ്‌ലാമിക ശരീഅത്തിനെയും മനസ്സിലാക്കേണ്ട രൂപത്തിൽ മനസ്സിലാക്കാതെ ഹജ്ജ് എന്ന പേരിൽ എന്തൊക്കെയോ കാട്ടിക്കൂട്ടുകയാണ് ചെയ്യാറുള്ളത്. മബ്റൂറായ ഹജ്ജ് എന്താണെന്ന് മനസ്സിലാക്കാൻ ശ്രമിക്കാതെയാണവർ ഹജ്ജിന് പുറപ്പെടുന്നത്. അതുപോലെ ഹജ്ജിലുടനീളം പ്രഖ്യാപിക്കുകയും വിളംബരം ചെയ്യുകയും ചെയ്യേണ്ട തൗഹീദിന് കടകവിരുദ്ധമായ ശിർക്ക് ചെയ്തുകൊണ്ടാണവർ യാത്രയാരംഭിക്കുന്നത്! വ്യക്തമാക്കിപ്പറഞ്ഞാൽ, ആരാധിക്കപ്പെട്ടുകൊണ്ടിരിക്കുന്ന മക്ബറകളും ജാറങ്ങളും സന്ദർശിച്ച്, അവിടങ്ങളിൽ മറമാടപ്പെട്ടിട്ടുള്ളവരോട് സങ്കടങ്ങൾ ബോധിപ്പിച്ച്, അവരോട് പ്രാർഥിച്ചുകൊണ്ട്! ഹജ്ജ് കഴിഞ്ഞ് മടങ്ങിയെത്തിയാലും ജാറങ്ങളിൽ പോയി നന്ദി അറിയിക്കുന്ന വിരോധാഭാസവും നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇത് അല്ലാഹു വിരോധിച്ചതും, നരകം ഉറപ്പാക്കുന്നതും, സ്വർഗം നിഷിദ്ധമാക്കുന്നതും, കർമങ്ങളെയെല്ലാം പൊളിച്ചുകളയുന്നതുമാണെന്ന് അവർ മനസ്സിലാക്കിയിരുന്നെങ്കിൽ എന്ന് ആത്മാർഥമായി ആഗ്രഹിച്ചുപോവുകയാണ്.

ത്വവാഫിനും സഅ്യിനുമിടയിലും, മിനയിലും അറഫയിലും മുസ്ദലിഫയിലുമെല്ലാം പലവിധത്തിലുള്ള, പല പേരിലുമുള്ള മാലകളും മൗലിദുകളുമാണ് ചിലർ ഉരുവിടാറുള്ളത്. തൗഹീദിനുവേണ്ടി പലായനം ചെയ്ത നബി (സ്വ) ജനിക്കുകയും ജീവിക്കുകയും ദൗത്യം നിർവഹിക്കുകയും ചെയ്ത നാട്ടിൽ, ശുദ്ധമായ തൗഹീദിന്റെ മണ്ണിൽ, തൗഹീദിന്റെ മാർഗത്തിൽ ജീവത്യാഗം ചെയ്ത പണ്ഡിതരുള്ള നാട്ടിൽ, തൗഹീദ് മാത്രം പ്രഖ്യാപിക്കാനായി ലോകത്താദ്യമായി പടുത്തുയർത്തപ്പെട്ട കഅ്ബ സ്ഥിതിചെയ്യുന്ന സ്ഥലത്ത്, തൗഹീദിന്റെ വിളംബരം മാത്രം ലക്ഷക്കണക്കിന് ഹാജിമാരുടെ നാവിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന മശാഇറുകളിൽ, സൃഷ്ടികളോട് തേടിക്കൊണ്ടിരിക്കുന്നവരേ...! ശ്വാസം നിലച്ചത് മുതൽ ആരംഭിക്കുന്ന പാരത്രിക ജീവിതം എല്ലാവർക്കുമുള്ളതാണെന്ന ബോധമില്ലേ നിങ്ങൾക്ക്? മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകത്തെ നിങ്ങൾ ഭയക്കുന്നില്ലേ?

**മദീനതുൽ മുനവ്വറ**

ഏറെ പുണ്യമുള്ള സ്ഥലമാണ് മദീനതുന്നബവി. പുണ്യവും അനുഗ്രഹവും ആഗ്രഹിച്ചുകൊണ്ട് തീർഥയാത്ര ചെയ്യാനായി അനുവാദമുള്ള, പ്രവാചക കരങ്ങളാൽ പടുത്തുയർത്തപ്പെട്ട മസ്ജിദുന്നബവി സ്ഥിതി ചെയ്യുന്ന, 'എന്റെ വീടിന്റെയും മിമ്പറിന്റെയും ഇടയിലുള്ള സ്ഥലം സ്വർഗത്തോപ്പാണ്' എന്ന് നബി(സ്വ) പറഞ്ഞ 'റൗദാ ശരീഫ്' ഉള്ള, യസ്‌രിബെന്ന പൗരാണിക പേരുള്ള, അൽമദീന, ദാറുൽഹിജ്റ, ത്വാബ, ത്വൈബ എന്നീ പേരുകളിലറിയപ്പെടുന്ന, അന്ത്യപ്രവാചകൻ മറമാടപ്പെട്ട സ്ഥലമായ മദീന സന്ദർശിക്കൽ ഹജ്ജിന്റെ ഭാഗമല്ലായെന്ന സത്യം എത്രയാളുകൾക്കറിയാം? ഹജ്ജിന്റെ കർമങ്ങളെല്ലാം നടക്കുന്നത് മക്ക, മിന, അറഫ, മുസ്ദലിഫ എന്നീ മശാഇറുകളിലാണ്. മദീനയിൽ ഹജ്ജിന്റെയോ ഉംറയുടെയോ ഒരു കർമവുമില്ല. എന്നാലും മക്കയെക്കാൾ മദീനക്ക് പ്രാനാന്യം കൽപിക്കുന്ന ഒരുപാട് ആളുകളെ നമുക്ക് കാണാനാവും.

പ്രമാണങ്ങളിലുള്ളത് പഠിച്ചറിഞ്ഞ് അത് ജീവിതത്തിൽ പ്രാവർത്തികമാക്കുകയാണ് വേണ്ടത്. തൗഹീദിന്റെ വിളംബരം പ്രഖ്യാപിച്ചുകൊണ്ട് മബ്റൂറായ ഹജ്ജ് ചെയ്യാൻ പരിശ്രമിക്കുക, ആ അവസരത്തിനായി പ്രവർത്തിക്കുകയും പ്രാർഥിക്കുകയും ചെയ്യുക. അല്ലാഹു അനുഗ്രഹിക്കട്ടെ.



# പുണ്യത്തിന്റെ വിവിധ വഴികൾ


**ഡോ. ടി. കെ യൂസുഫ്**
: 9349798262

> **ഒരാൾക്ക് ലഭിച്ച ആയുസ്സ് കുറഞ്ഞകാലമാണെങ്കിലും മരണശേഷവും പ്രതിഫലം കിട്ടുന്ന പ്രവർത്തനങ്ങളും അനേകം ഇരട്ടി പ്രതിഫലം ലഭിക്കുന്ന സൽകർമങ്ങളും അനുഷ്ഠിച്ചുകൊണ്ട് നമ്മുടെ ക്രിയാത്മകമായ ആയുസ്സിനെ വർധിപ്പിക്കാനാകും. കുടുംബബന്ധം ചേർക്കുന്നത് ആയുസ്സ് വർധിക്കുന്നതിനും ആഹാരത്തിൽ വിശാലത ലഭിക്കുന്നതിനും നിമിത്തമാകുമെന്ന് നബി(സ്വ) അരുളിയിട്ടുണ്ട്. അനസ്ബ്നു മാലികി(റ)ൽനിന്ന് ഉദ്ധരിക്കുന്നു, നബി(സ്വ) പറഞ്ഞു: "ആർക്കെങ്കിലും തന്റെ ഉപജീവനത്തിൽ വിശാലത ഉണ്ടാകണമെന്നും തന്റെ ആയുസ്സ് ദീർഘിപ്പിക്കപ്പെടമെന്നും താൽപര്യമുണ്ടെങ്കിൽ അവൻ കുടുംബബന്ധം ചേർത്തുകൊള്ളട്ടെ'' (ബുഖാരി).**

ഒരു മനുഷ്യന്റെ ആയുസ്സ് അവൻ ജനിക്കുന്നതിന് മുമ്പുതന്നെ കണക്കാക്കപ്പെട്ടതാണെങ്കിലും ചില സൽകർമങ്ങൾ അനുഷ്ഠിക്കുന്നതിലൂടെ അത് വർധിപ്പിക്കാനാകുമെന്നാണ് ഹദീസുകൾ പഠിപ്പിക്കുന്നത്. അതോടൊപ്പം ഒരാൾക്ക് ലഭിച്ച ആയുസ്സ് കുറഞ്ഞകാലമാണെങ്കിലും മരണശേഷവും പ്രതിഫലം കിട്ടുന്ന പ്രവർത്തനങ്ങളും അനേകം ഇരട്ടി പ്രതിഫലം ലഭിക്കുന്ന സൽകർമങ്ങളും അനുഷ്ഠിച്ചുകൊണ്ട് നമ്മുടെ ക്രിയാത്മകമായ ആയുസ്സിനെ വർധിപ്പിക്കാനാകും.

കുടുംബബന്ധം ചേർക്കുന്നത് ആയുസ്സ് വർധിക്കുന്നതിനും ആഹാരത്തിൽ വിശാലത ലഭിക്കുന്നതിനും നിമിത്തമാകുമെന്ന് നബി(സ്വ) അരുളിയിട്ടുണ്ട്.

അനസ്ബ്നു മാലികി(റ)ൽനിന്ന് ഉദ്ധരിക്കുന്നു, നബി(സ്വ) പറഞ്ഞു: "ആർക്കെങ്കിലും തന്റെ ഉപജീവനത്തിൽ വിശാലത ഉണ്ടാകണമെന്നും തന്റെ ആയുസ്സ് ദീർഘിപ്പിക്കപ്പെടമെന്നും താൽപര്യമുണ്ടെങ്കിൽ അവൻ കുടുംബബന്ധം ചേർത്തുകൊള്ളട്ടെ" (ബുഖാരി).



ശൈഖ് മുഹമ്മദ് ഇബ്നു ഇബ്റാഹീമുൽ ഹമദ് ഈ ഹദീസിനെ വിശദീകരിച്ചത് ഇവിടെ നൽകുന്നത് ഉപകാരപ്രദമാണെന്ന് കരുതുന്നു:

"പ്രസ്തുത ഹദീസിൽ പറഞ്ഞ ആയുസ്സിന്റെ വർധനവ്, ഉപജീവനത്തിന്റെ വിശാലത എന്നിവയുടെ ആശയത്തെക്കുറിച്ച് പണ്ഡിതന്മാർ പറഞ്ഞത് താഴെ പറയും പ്രകാരമാകുന്നു:

*1. വർധനവ് കൊണ്ടുള്ള ഉദ്ദേശ്യമെന്താണെന്നാൽ;* കുടുംബബന്ധം ചേർക്കുന്നവന്റെ ആയുസ്സിൽ അല്ലാഹു അനുഗ്രഹം ചൊരിയുകയും അവന് ശാരീരികവും മാനസികവുമായ ശക്തിയും തീരുമാനങ്ങൾ നടപ്പിൽ വരുത്താനുള്ള ഇച്ഛാശക്തിയും നൽകി അവന്റെ ജീവിതം സുഖസുന്ദരമാക്കിത്തീർക്കുകയും ചെയ്യും.

*2. വർധനവ് അതിന്റെ യഥാർഥ അർഥത്തിൽ തന്നെ:* അപ്പോൾ കുടുംബബന്ധം ചേർക്കുന്നവന് അവന്റെ ആയുസ്സ് അല്ലാഹു വർധിപ്പിക്കുകയും അവന്റെ ഉപജീവനത്തിൽ സുഭിക്ഷത നൽകുകയും ചെയ്യുമെന്ന് സാരം.

അതിൽ യാതൊരു സംശയവുമില്ല. "ആരോഗ്യവും ശുദ്ധവായുവും നല്ല ഭക്ഷണവും മാനസിക സന്തോഷവും ആയുർദൈർഘ്യന്റെ കാരണമാണ്. അതുപോലെത്തന്നെ കുടുംബബന്ധം ചേർക്കലിനെ ആയുർദൈർഘ്യത്തിന്റെ ദൈവികമായ ഒരു കാരണമായി നിശ്ചയിച്ചിരിക്കുകയാണ്. അഥവാ ഇഹലോകത്ത് ഇഷ്ടപ്പെട്ടത് കൈവരിക്കാനുള്ള കാരണങ്ങൾ രണ്ടാകുന്നു: ഒന്ന്, പഞ്ചേന്ദ്രീയങ്ങളുടെ പരിധിയിൽ പെട്ടതും ബുദ്ധിക്ക് മനസ്സിലാകുന്നതുമായവ. രണ്ട്, ദൈവികമായവ. ലോകത്ത് നടക്കുന്ന സർവ കാര്യങ്ങളുടെയും കാണങ്ങളുടെയും ഉടമസ്ഥനും തന്റെ ഇച്ഛപോലെ എല്ലാം നടത്തുന്നവനുമായ എല്ലാറ്റിനും കഴിവുള്ള ദൈവം കണക്കാക്കിയ കാര്യങ്ങൾ" (ബഹ്ജതു ക്വുലൂബിൽ അബ്റാർ- ഇബ്നു സഅദി, പേജ് 74, 75).

എന്നാൽ ഇക്കാര്യത്തിൽ ചിലർക്ക് സംശയങ്ങളുണ്ട്. അവർ പറയുന്നു: 'ഭക്ഷണം തീരുമാനിക്കപ്പെട്ടതും ആയുസ്സ് നിർണയിക്കപ്പെട്ടതുമാണെങ്കിൽ 'ഓരോ സമുദായത്തിനും ഓരോ അവധിയുണ്ട്. അങ്ങനെ അവരുടെ അവധി വന്നെത്തിയാൽ അവർ ഒരു നാഴികനേരം വൈകിക്കുകയോ നേരത്തെയാക്കുകയോ ഇല്ല' (അഅ്റാഫ് 34) എന്ന ക്വുർആൻ വചനത്തിന്റെ ആശയമെന്ത്? ഈ ആയത്തിനെയും മുൻചൊന്ന ഹദീസിനെയും എങ്ങനെ സംയോജിപ്പിക്കും?'

*അതിനുള്ള മറുപടി ഇതാണ്:* വിധി എന്നത് രണ്ടു തരമാണ്. ഒന്നാമത്തെത് സ്ഥിരീകരിക്കപ്പെട്ടത് അഥവാ നിരുപാധികമായത്. അത് ഉമ്മുൽ കിതാബിൽ (ലൗഹുൽ മഹ്ഫൂദ്-വ്യക്തമായ ഗ്രന്ഥം) ഉള്ളതാകുന്നു. അതിന് മാറ്റമില്ല. രണ്ടാമത്തെത് സോപാധികമായത്. അത് മലക്കുകളുടെ ഏടുകളിലുള്ളതാണ്. മാറ്റത്തിരുത്തലുകൾ അതിലാണുള്ളത്; അഥവാ സംഭവിക്കുന്നത്.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ(റഹി) പറഞ്ഞിരിക്കുന്നു: 'അവധി രണ്ട് തരമാകുന്നു. 1. അല്ലാഹുവിന്റെ അറിവിൽ മാത്രം പെട്ടതും നിരുപാധികമായതും. 2. സോപാധികമായത്. അതാണ് താഴെ വരുന്ന പ്രവാചക വചനം വ്യക്തമാക്കുന്നത്: 'തന്റെ ഭക്ഷണത്തിൽ വിശാലത നൽകപ്പെടുന്നതും അവധി നീട്ടിക്കിട്ടുന്നതും ആരെയെങ്കിലും സന്തോഷിപ്പിക്കു

ന്നുവെങ്കിൽ അവൻ തന്റെ കുടുംബബന്ധം ചേർത്തിക്കൊള്ളട്ടെ.'

അവന് അവധി എഴുതിവെക്കാൻ അല്ലാഹു മലക്കിനോട് കൽപിച്ചിരിക്കുന്നു. അല്ലാഹു ഇപ്രകാരം പറയുകയും ചെയ്യുന്നു: 'അവൻ കുടുംബബന്ധം ചേർക്കുന്നവനാണെങ്കിൽ അവന് ഞാൻ ഇന്നിന്ന പ്രകാരം വർധിപ്പിച്ചു കൊടുത്തിട്ടുണ്ട്'. വർധിപ്പിച്ചുവോ ഇല്ലയോ എന്ന് മലക്ക് അറിയുകയില്ല. എന്നാൽ അവന്റെ അവധി എന്നാണെന്ന് അല്ലാഹുവിന് അറിയാം. അത് എത്തിക്കഴിഞ്ഞാൽ പിന്നീട് മുന്തിക്കപ്പെടുകയോ പിന്തിക്കപ്പെടുകയോ ഇല്ല" (മജ്മൂഉൽ ഫതാവാ: 8/517).

ഭക്ഷണത്തെ കുറിച്ച് അത് വർധിക്കുമോ കുറയുമോ എന്ന് ചോദിക്കപ്പെട്ടപ്പോൾ ഇബ്നു തൈമിയ പറഞ്ഞു: 'ഭക്ഷണം രണ്ട് തരമാണ്. 1. അവന് ഭക്ഷണമായി നൽകുമെന്ന് അല്ലാഹു മാത്രം അറിഞ്ഞത്. അതിന് മാറ്റമില്ല. 2. അവൻ എഴുതിവെച്ച് മലക്കുകളെ അറിയിച്ചത്. ഇത് കാര്യകാരണങ്ങളുടെ അടിസ്ഥാനത്തിൽ കൂടുകയും കുറയുകയും ചെയ്യും' (മജ്മൂഉൽ ഫതാവാ: 8/540).

'ഭക്ഷണം ലഭിക്കുന്ന കാരണങ്ങളും അല്ലാഹു കണക്കാക്കുകയും രേഖപ്പെടുത്തുകയും ചെയ്തതിന്റെ കൂട്ടത്തിൽ പെടുന്നതാണ്. ഒരു അടിമക്ക് ഭക്ഷണം നൽകുന്നത് അവന്റെ അധ്വാനംകൊണ്ടും സമ്പാദ്യംകൊണ്ടുമായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അധ്വാനത്തിനും സമ്പാദനത്തിനും അവനെ തോന്നിപ്പിക്കും. അത് സമ്പാദനംകൊണ്ടു മാത്രമെ ലഭ്യമാകൂ. സമ്പാദനംകൊണ്ടല്ലാതെ അല്ലാഹു കണക്കാക്കിയതുമുണ്ട്; അനന്തരസ്വത്ത് സമ്പാദനംകൊണ്ടല്ലാതെ ലഭ്യമാകുന്നതാണ്" (മജ്മൂഉൽ ഫതാവാ: 8/540-541).

കുടുംബബന്ധം ചേർക്കുന്നത് ആയുസ്സ് വർധിപ്പിക്കുമെന്ന് മറ്റു ചില ഹദീസുകളിലും അനുബന്ധമായി പറഞ്ഞിട്ടുണ്ട്. കുടുംബബന്ധം ചേർക്കുന്നിന്റെ ഏറ്റവും ചെറിയ രൂപം അവരോട് സലാം പറയുന്നതാണ്.



നബി(സ്വ) പറഞ്ഞു: "നിങ്ങൾ സലാം പറഞ്ഞിട്ടെങ്കിലും കുടുംബബന്ധങ്ങൾ ആർദ്രമാക്കുക" (ത്വബ്റാനി, ബൈഹഖി).

കുടുംബസന്ദർശനം, രോഗസന്ദർശനം, പ്രശ്ന പരിഹാരം, സാമ്പത്തിക സഹായം തുടങ്ങിയ മാനുഷിക കടമകളെല്ലാം ബന്ധുക്കൾക്ക് വേണ്ടി ചെയ്യുമ്പോൾ അത് കൂടുതൽ പ്രതിഫലാർഹമാവുകയും നമ്മുടെ ജീവിതസമയം നീട്ടിക്കിട്ടാൻ സഹായകമായിത്തീരുകയും ചെയ്യും.

അനേകം ഇരട്ടി പ്രതിഫലം ലഭിക്കുന്ന ഒട്ടനവധി ആരാധനാകർമങ്ങൾ ഹദീസുകളിൽ വിവരിക്കുന്നുണ്ട്. ഉദാഹരണമായി, ഒറ്റക്ക് നമസ്കരിക്കുന്നതിനെക്കാൾ ഇരുപത്തി ഏഴ് ഇരട്ടി പ്രതിഫലം ജമാഅത്തായി നമസ്കരിക്കുന്നതിലൂടെ ലഭിക്കും. നമസ്കാരം പ്രവാചകന്റെ മദീനയിലെ പള്ളിയിലാകുമ്പോൾ ആയിരം ഇരട്ടിയാണ് പ്രതിഫലം, മസ്ജിദുൽ ഹറാമിലാ

**ആരെങ്കിലും വെള്ളിയാഴ്ച ദിവസം അഴുക്ക് നീക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് ശരീരം നന്നായി വൃത്തിയാക്കുകയും കുളിക്കുകയും ചെയ്തു. (സംസർഗത്തിന് ശേഷമുള്ള കുളിയാണ് ഇതിന്റെ വിവക്ഷയെന്ന് ചില പണ്ഡിതർ പറഞ്ഞിട്ടുണ്ട്) പിന്നീട് വേഗത കാണിച്ച് നേരത്തെ പോകുകയും ചെയ്തു (ഖുതുബ ആദ്യം മുതൽ ലഭിക്കുമാറ്). അവൻ നടന്നു പോയി, വാഹനത്തിൽ കയറിയില്ല, എന്നിട്ട് ഇമാമിനോട് അടുത്തിരുന്നു, ഖുത്വ്ബ ശ്രദ്ധിച്ചു. ഖുത്വ്ബ നിഷ്ഫലമാക്കിയില്ല. എങ്കിൽ അവന്റെ ഓരോ കാലടിക്കും ഒരു വർഷത്തെ പ്രതിഫലമുണ്ട്, അതായത് ഒരു വർഷം നോമ്പെടുക്കുന്നതിന്റെയും നമസ്കരിക്കുന്നതിന്റെയും''**

**ദാനധർമം (സ്വദഖ) എന്നത് കേവലം സമ്പത്ത് ചെലവഴിക്കുന്നതിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. മുതൽമുടക്കില്ലാത്ത ധാരാളം പുണ്യങ്ങൾ പ്രവാചകൻ വിശദീകരിച്ചിട്ടുണ്ട്. നല്ല വാക്ക് സ്വദഖയാണ്. ഒരാളെ സഹായിക്കുന്നതും കുടിവെള്ളം നൽകുന്നതും വഴിയിൽനിന്ന് ഉപദ്രവം നീക്കുന്നതും നന്മ കൽപിക്കുന്നതും തിന്മ വിരോധിക്കുന്നതുമെല്ലാം സ്വദഖയാണ്. ആരെങ്കിലും സ്വുബ്ഹി ജമാഅത്തായി നമസ്കരിക്കുകയും പിന്നീട് അല്ലാഹുവിനെ സ്മരിച്ചുകൊണ്ട് സൂര്യൻ ഉദിക്കുന്നതുവരെ ഇരിക്കുകയും പിന്നീട് രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്താൽ അവന് ഒരു ഹജ്ജിന്റെയും ഉംറയുടെയും പ്രതിഫലമുണ്ട്.' നബി(സ്വ) പറഞ്ഞു: 'പൂർണമായും, പൂർണമായും, പൂർണമായും' '(തിർമുദി).**

കുമ്പോൾ ഒരു ലക്ഷം ഇരട്ടിയും.

നബി(സ്വ) പറഞ്ഞു: "ആരെങ്കിലും വെള്ളിയാഴ്ച ദിവസം അഴുക്ക് നീക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് ശരീരം നന്നായി വൃത്തിയാക്കുകയും കുളിക്കുകയും ചെയ്തു. (സംസർഗത്തിന് ശേഷമുള്ള കുളിയാണ് ഇതിന്റെ വിവക്ഷയെന്ന് ചില പണ്ഡിതർ പറഞ്ഞിട്ടുണ്ട്) പിന്നീട് വേഗത കാണിച്ച് നേരത്തെ പോകുകയും ചെയ്തു (ഖുതുബ ആദ്യം മുതൽ ലഭിക്കുമാറ്). അവൻ നടന്നു പോയി, വാഹനത്തിൽ കയറിയില്ല, എന്നിട്ട് ഇമാമിനോട് അടുത്തിരുന്നു, ഖുത്ബ ശ്രദ്ധിച്ചു. ഖുത്ബ നിഷ്ഫലമാക്കിയില്ല. എങ്കിൽ അവന്റെ ഓരോ കാലടിക്കും ഒരു വർഷത്തെ പ്രതിഫലമുണ്ട്, അതായത് ഒരു വർഷം നോമ്പെടുക്കുന്നതിന്റെയും നമസ്കരിക്കുന്നതിന്റെയും" (അബൂദാവൂദ്, ഇബ്നുമാജ).

ദാനധർമം (സ്വദഖ) എന്നത് കേവലം സമ്പത്ത് ചെലവഴിക്കുന്നതിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. മുതൽമുടക്കില്ലാത്ത ധാരാളം പുണ്യങ്ങൾ പ്രവാചകൻ വിശദീകരിച്ചിട്ടുണ്ട്. നല്ല വാക്ക് സ്വദഖയാണ്. ഒരാളെ സഹായിക്കുന്നതും കുടിവെള്ളം നൽകുന്നതും വഴിയിൽനിന്ന് ഉപദ്രവം നീക്കുന്നതും നന്മ കൽപിക്കുന്നതും തിന്മ വിരോധിക്കുന്നതുമെല്ലാം സ്വദഖയാണ്. സാമ്പത്തികശേഷിയില്ലാത്തവർക്കും ഇത്തരം കർമങ്ങൾ ചെയ്ത് കർമഫലങ്ങൾ വർധിപ്പിക്കാവുന്നതാണ്. ഈ കർമങ്ങളുടെയെല്ലാം പ്രതിഫലം കേവലം രണ്ട് റക്അത് ദുഹാ നമസ്കാരത്തിലൂടെ നേടാനാകും (മുസ്‌ലിം).

ഏറ്റവും പ്രതിഫലാർഹമായ ആരാധനകളാണ് ഹജ്ജും ഉംറയും. എന്നാൽ അവയുടെ പ്രതിഫലം കുറഞ്ഞ സമയംകൊണ്ട് നേടാനുള്ള വഴിയും തിരുമേനി (സ്വ) കാണിച്ചുതന്നിട്ടുണ്ട്.

അനസി(റ)ൽ നിന്നും നിവേദനം, നബി(സ്വ) പറഞ്ഞു: 'ആരെങ്കിലും സ്വുബ്ഹി ജമാഅത്തായി നമസ്കരിക്കുകയും പിന്നീട് അല്ലാഹുവിനെ സ്മരിച്ചുകൊണ്ട് സൂര്യൻ ഉദിക്കുന്നതുവരെ ഇരിക്കുകയും പിന്നീട് രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്താൽ അവന് ഒരു ഹജ്ജിന്റെയും ഉംറയുടെയും പ്രതിഫലമുണ്ട്.' നബി(സ്വ) പറഞ്ഞു: 'പൂർണമായും, പൂർണമായും, പൂർണമായും' (തിർമുദി).

ഹജ്ജ് ഏറെ പ്രതിഫലാർഹമാണെങ്കിലും ശാരീരികവും സാമ്പത്തികവുമായ കഴിവുള്ളവർക്ക് മാത്രമെ അത് നിർബന്ധമുള്ളൂ. എന്നാൽ ഉംറ അത്ര പ്രയാസമില്ലാതെ നിർവഹിക്കാനാകും. ഉംറ റമദാനിൽ നിർവഹിക്കുകയാണെങ്കിൽ അത് തിരുദൂതരുടെ കൂടെ ഹജ്ജ് നിർവഹിച്ചതിന് തുല്യമാണ്.

ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം: 'നബി(സ്വ) അൻസ്വാരികളിൽ പെട്ട ഉമ്മു സിനാൻ(റ) എന്ന സ്ത്രീയോട് ചോദിച്ചു: 'ഞങ്ങളുടെ കൂടെ ഹജ്ജ് ചെയ്യുന്നതിൽനിന്നും നിന്നെ എന്താണ് തടഞ്ഞത്?' അവർ പറഞ്ഞു: 'ഇന്ന വ്യക്തിക്ക് അതായത് തന്റെ ഭർത്താവിന് രണ്ട് ഒട്ടകങ്ങളാണുള്ളത്. അതിൽ ഒന്നിന്റെ പുറത്ത് അദ്ദേഹവും മകനും ഹജ്ജിന് പോയി. മറ്റേതിനെ ഉപയോഗിച്ച് ഞങ്ങളുടെ ഭൃത്യൻ നനയ്ക്കുകയാ



ണ്.' നബി(സ്വ) പറഞ്ഞു: 'എങ്കിൽ റമദാനിലെ ഉംറ ഹജ്ജിന് പകരമാണ് -അല്ലെങ്കിൽ എന്റെ കൂടെയുള്ള ഹജ്ജിന്'(മുസ്‌ലിം).

ക്വുബാ പള്ളിയിലെ തഹിയ്യത്ത് നമസ്കാരത്തിന് ഉംറയുടെ പ്രതിഫലമുണ്ട്. അതുകൊണ്ട് പ്രസ്തുത പള്ളി സന്ദർശിക്കുന്ന സമയത്ത് ഇക്കാര്യം എല്ലാവരും ശ്രദ്ധിക്കാറുണ്ട്.

ക്വുതൽ പുണ്യം നേടാനുള്ള മറ്റൊരു മാർഗം പള്ളിയിൽ ബാങ്ക് കൊടുക്കുന്നതാണ്. ബാങ്ക് കേൾക്കുന്നവരെല്ലാം അവന് വേണ്ടി പാപമോചനം തേടും, പള്ളിയിൽ നമസ്കരിക്കുന്നവരുടെ പ്രതിഫലവും അവന് ലഭിക്കും. അതുകൊണ്ട് തന്നെ കൂടുതൽ ആളുകൾ ജമാഅത്തിന് പങ്കെടുക്കുന്ന പള്ളിയിൽ ബാങ്ക് കൊടുക്കുകയാണെങ്കിൽ വർധിച്ച പ്രതിഫലം നേടാനാകും. സ്വുബ്ഹ്, ഇശാഅ് തുടങ്ങിയ നമസ്കാരങ്ങൾ ജമാഅത്തായി നിർവഹിക്കുകയാണെങ്കിൽ രാത്രി മുഴുവൻ നമസ്കരിച്ച പ്രതിഫലം ലഭിക്കും.

നബി(സ്വ) പറഞ്ഞു: "ആരെങ്കിലും ഇശാഅ് ജമാഅത്തായി നമസ്കരിച്ചാൽ അത് രാത്രിയുടെ പകുതി നമസ്കരിച്ചതിന് സമാനമാണ്. ആരെങ്കിലും ഇശാഉം ഫജ്റും ജമാഅത്തായി നമസ്കരിച്ചാൽ അത് രാത്രി മുഴുവൻ നമസ്കരിച്ചത് പോലെയാണ്" (അബൂദാവൂദ്).

ഈ രണ്ട് നമസ്കാരങ്ങളുടെ പ്രതിഫലത്തെക്കുറിച്ച് ജനങ്ങൾ മനസ്സിലാക്കിയിരുന്നുവെങ്കിൽ നടക്കാൻ വയ്യാത്തവർ നിലത്ത് ഇഴഞ്ഞുകൊണ്ടെങ്കിലും ഇതിന് വരുമായിരുന്നുവെന്നും ഹദീസുകളിൽ വന്നിട്ടുണ്ട്.

ചില ആരാധനാകർമങ്ങൾക്ക് വമ്പിച്ച പ്രതിഫലം ലഭിക്കുമെന്ന് പറയുമ്പോൾ അത് ചിലർക്ക് അവിശ്വസനീയമായി തോന്നാറുണ്ട്. എന്നാൽ നന്മ ചെയ്യുന്നവർക്ക് പത്തിരട്ടി പ്രതിഫലം ലഭിക്കുമെന്ന് ക്വുർആൻ തന്നെ വ്യക്തമാക്കിയതാണ്. ഹദീസുകളിൽ നന്മകൾക്ക് എഴുനൂറിരട്ടിയും അതിലധികവും വാഗ്ദാനം ചെയ്യപ്പെടുന്നുണ്ട്.

നമസ്കാരം കഴിഞ്ഞാൽ പിന്നീട് കൂടുതൽ പുണ്യം നേടാനാവുന്ന മറ്റൊരു ആരാധന വ്രതമാണ്. ഏറ്റവും പ്രാധാന്യമുള്ളത് റമദാൻ വ്രതമാണെങ്കിലും ഐച്ഛിക വ്രതങ്ങൾക്കും അതിന്റേതായ മഹത്ത്വമുണ്ട്. റമദാനിലെ നോമ്പിനെ തുടർന്ന് ശവ്വാലിലെ ആറ് ദിനങ്ങൾ കൂടി നോമ്പെടു ക്കുകയാണെങ്കിൽ അത് ഒരു വർഷം മുഴുവൻ നോമ്പനുഷ്ഠിക്കുന്നതുപോലെ യാണെന്ന് ഹദീസിൽ കാണാം. നോമ്പെടുക്കുന്നതോടൊപ്പം മറ്റൊരാളെ നോമ്പ് തുറപ്പിക്കുകയാണെങ്കിൽ അയാളുടെ പ്രതിഫലത്തിൽ ഒട്ടും കുറയാതെ അത്പോലുള്ള പ്രതിഫലം നോമ്പ് തുറപ്പിച്ചവന് ലഭിക്കും. മറ്റൊരു പ്രധാനപ്പെട്ട ആരാധനാകർമം രാത്രിയിലെ നമസ്കാരമാണ്. ലൈലതുൽ ക്വദ്റിൽ അത് നിർവഹിക്കാനാകുകയാണെങ്കിൽ ഒരു ആയുസ്സിന്റെ പുണ്യം ഒരു ദിവസംകൊണ്ട് കരസ്ഥമാക്കാനാകും.

അധിക പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ട മറ്റൊരു സൽകർമം ക്വുർആൻ പാരായണമാണ്. ക്വുർആൻ മുഴുവൻ പാരായണം ചെയ്യാൻ ഒരു ദിവസമോ അതിലധികമോ ആവശ്യമായിവരും. എന്നാൽ ഏതാനും മിനുട്ടുകൾ കൊണ്ട് ചെറിയ സൂറത്തുകൾ പാരായണം ചെയ്ത് ക്വുർആൻ ഖതം തീർക്കുന്നതിന്റെ പുണ്യം നേടാനാകും.

അബുദ്ദർദാഇ(റ)ൽ നിന്ന് നിവേദനം, നബി(സ്വ) ചോദിച്ചു: 'ഒരു രാത്രി ക്വുർആനിന്റെ മൂന്നിൽ ഒന്ന് പാരായണം ചെയ്യുന്നത് നിങ്ങളെ അശക്തരാക്കുമോ?' അവർ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ആർക്കാണ് അതിന് കഴിയുക?' തിരുമേനി(സ്വ) പറഞ്ഞു: 'നിങ്ങൾ സുറത്തുൽ ഇഖ്‌ലാസ് പാരായണം ചെയ്യുക'(അഹ്മദ്).

ക്വുർആൻ പാരായണം കഴിഞ്ഞാൽ പിന്നീട് ഏറ്റവുമധികം പ്രതിഫലം ലഭിക്കുന്നത് ദിക്റുകൾക്കാണ്. നബി(സ്വ) ഒരിക്കൽ ജുവൈരിയ്യ(റ)യുടെ അടുക്കൽ നിന്ന് പ്രഭാത നമസ്കാര ശേഷം പുറത്ത് പോയി. പിന്നീട് ദുഹാ സമയത്ത് നബി(സ്വ) തിരിച്ച് വന്നു. അന്നേരം അവർ നമസ്കാര സ്ഥലത്തുതന്നെ ഇരിക്കുകയായിരുന്നു. അപ്പോൾ നബി(സ്വ) ചോദിച്ചു: 'നീ ഞാൻ പോയ അതേ അവസ്ഥയിൽ തന്നെ ഇരിക്കുകയാണോ?' അവർ പറഞ്ഞു: 'അതെ.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'നിന്റെയടുക്കൽ നിന്ന് പോയ ശേഷം ഞാൻ നാല് വാക്കുകൾ മുന്ന് തവണ പറയുകയുണ്ടായി. ഇന്ന് നീ പറഞ്ഞത് (ചൊല്ലിയത്) മുഴുവനുമായും തൂക്കിനോക്കിയാൽ അവയ്ക്കായിരിക്കും തൂക്കം കൂടുതൽ. ആ വാക്കുകൾ ഇതാണ്: അല്ലാഹുവിന്റെ വചനങ്ങൾ രേഖപ്പെടുത്തിയ മഷി കണക്കെ, അവന്റെ സിംഹാസനത്തിന്റെ തൂക്കം കണക്കെ, അവന്റെ മനസ്സിന്റെ തൃപ്തി കണക്കെ, അവന്റെ സൃഷ്ടികളുടെ എണ്ണം കണക്കെ, അവനെ സ്തുതിക്കുന്നതോടപ്പം ഞാൻ അവനെ വാഴ്ത്തുന്നു.'

പ്രാർഥനകളും പ്രകീർത്തനങ്ങളും വമ്പിച്ച പ്രതിഫലം ലഭിക്കുന്ന മഹത്തായ കർമങ്ങളാണ്. ഇസ്‌ലാമിലെ എല്ലാ ആരാധനാകർമങ്ങൾക്കും ചില നിബന്ധനകളും നിയന്ത്രണങ്ങളുമുണ്ട്. എന്നാൽ ഒരിക്കലും അമിതമാകാത്തതും അധികമായി ചെയ്യാൻ കൽപിച്ചതുമായ കാര്യങ്ങളാണ് ദിക്റുകളും ദുആകളും. വമ്പിച്ച പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ട പ്രാർഥനകളും പ്രകീർത്തനങ്ങളും ചൊല്ലുന്നതിന് പ്രത്യേകിച്ച് ശാരീരിക അധ്വാനമോ സാമ്പത്തിക ചെലവുകളോ ഒന്നുമില്ല. ഇരിക്കുമ്പോഴും കിടക്കുമ്പോഴും നടക്കുമ്പോഴും യാത്ര ചെയ്യുമ്പോഴുമെല്ലാം ഇവ ഉരുവിട്ടുകൊണ്ട് ധാരാളം പ്രതിഫലം കരസ്ഥമാക്കാവുന്നതാണ്.

*(അവസാനിച്ചില്ല)*

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 41

# സൂറ: ഫുസ്സ്വിലത്ത്

## (വിശദീകരിക്കപ്പെട്ട)

(മക്കയിൽ അവതരിച്ചത്)

لَّا يَأْتِيهِ ٱلْبَٰطِلُ مِنۢ بَيْنِ يَدَيْهِ وَلَا مِنْ خَلْفِهِۦ ۖ
تَنزِيلٌ مِّنْ حَكِيمٍ حَمِيدٍ ﴿٤٢﴾
مَّا يُقَالُ لَكَ إِلَّا مَا قَدْ قِيلَ لِلرُّسُلِ مِن قَبْلِكَ ۚ
إِنَّ رَبَّكَ لَذُو مَغْفِرَةٍ وَذُو عِقَابٍ أَلِيمٍ ﴿٤٣﴾
وَلَوْ جَعَلْنَٰهُ قُرْءَانًا أَعْجَمِيًّا لَّقَالُوا۟ لَوْلَا فُصِّلَتْ
ءَايَٰتُهُۥٓ ۖ ءَا۬عْجَمِىٌّ وَعَرَبِىٌّ ۗ قُلْ هُوَ لِلَّذِينَ
ءَامَنُوا۟ هُدًى وَشِفَآءٌ ۖ وَٱلَّذِينَ لَا
يُؤْمِنُونَ فِىٓ ءَاذَانِهِمْ وَقْرٌ وَهُوَ عَلَيْهِمْ
عَمًى ۚ أُو۟لَٰٓئِكَ يُنَادَوْنَ مِن مَّكَانٍۭ بَعِيدٍ
﴿٤٤﴾
وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَٰبَ فَٱخْتُلِفَ فِيهِ ۗ
وَلَوْلَا كَلِمَةٌ سَبَقَتْ مِن رَّبِّكَ لَقُضِىَ
بَيْنَهُمْ ۚ وَإِنَّهُمْ لَفِى شَكٍّ مِّنْهُ مُرِيبٍ ﴿٤٥﴾
مَّنْ عَمِلَ صَٰلِحًا فَلِنَفْسِهِۦ ۖ وَمَنْ أَسَآءَ فَعَلَيْهَا ۗ
وَمَا رَبُّكَ بِظَلَّٰمٍ لِّلْعَبِيدِ ﴿٤٦﴾
۞ إِلَيْهِ يُرَدُّ عِلْمُ ٱلسَّاعَةِ ۚ وَمَا تَخْرُجُ مِن
ثَمَرَٰتٍ مِّنْ أَكْمَامِهَا وَمَا تَحْمِلُ مِنْ أُنثَىٰ وَلَا
تَضَعُ إِلَّا بِعِلْمِهِۦ ۚ وَيَوْمَ يُنَادِيهِمْ أَيْنَ
شُرَكَآءِى قَالُوٓا۟ ءَاذَنَّٰكَ مَا مِنَّا مِن شَهِيدٍ
﴿٤٧﴾

42. അതിന്റെ മുന്നിലൂടെയോ, പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവന്റെ പക്കൽനിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്.

43. (നബിയേ,) നിനക്ക് മുമ്പുണ്ടായിരുന്ന ദൂതന്മാരോട് പറയപ്പെട്ടതല്ലാത്ത ഒന്നും നിന്നോട് പറയപ്പെടുന്നില്ല. തീർച്ചയായും നിന്റെ രക്ഷിതാവ് പാപമോചനം നൽകുന്നവനും വേദനയേറിയ ശിക്ഷ നൽകുന്നവനുമാകുന്നു.

44. നാം ഇതിനെ ഒരു അനറബി ക്വുർആൻ ആക്കിയിരുന്നെങ്കിൽ അവർ പറഞ്ഞേക്കും: എന്തുകൊണ്ട് ഇതിലെ വചനങ്ങൾ വിശദമാക്കപ്പെട്ടവയായില്ല? (ഗ്രന്ഥം) അനറബിയും (പ്രവാചകൻ) അറബിയും ആവുകയോ? നീ പറയുക: അത് (ക്വുർആൻ) സത്യവിശ്വാസികൾക്ക് മാർഗദർശനവും ശമനൗഷധവുമാകുന്നു. വിശ്വസിക്കാത്തവർക്കാകട്ടെ അവ ബധിരതയുണ്ട്. അത് (ക്വുർആൻ) അവരുടെ മേൽ ഒരു അന്ധതയായിരിക്കുന്നു. ആ കൂട്ടർ വിദൂരമായ ഏതോ സ്ഥലത്തുനിന്ന് വിളിക്കപ്പെടുന്നു (എന്ന പോലെയാകുന്നു അവരുടെ പ്രതികരണം).

45. മൂസായ്ക്ക് നാം വേദഗ്രന്ഥം നൽകുകയുണ്ടായി. എന്നിട്ട് അതിന്റെ കാര്യത്തിലും അഭിപ്രായവ്യത്യാസമുണ്ടായി. ഒരു വചനം മുമ്പുതന്നെ നിന്റെ രക്ഷിതാവിന്റെ പക്കൽ നിന്ന് ഉണ്ടായിട്ടില്ലായിരുന്നുവെങ്കിൽ അവർക്കിടയിൽ (ഇപ്പോൾ തന്നെ) തീർപ്പുകൽപിക്കപ്പെടുമായിരുന്നു. തീർച്ചയായും അവർ ഇതിനെ (ക്വുർആനിനെ) പറ്റി അവിശ്വാസജനകമായ സംശയത്തിലാകുന്നു.

46. വല്ലവനും നല്ലത് പ്രവർത്തിച്ചാൽ അതിന്റെ ഗുണം അവന് തന്നെയാകുന്നു. വല്ലവനും തിന്മചെയ്താൽ അതിന്റെ ദോഷവും അവന് തന്നെ. നിന്റെ രക്ഷിതാവ് (തന്റെ) അടിമകളോട് അനീതി കാണിക്കുന്നവനേ അല്ല.

47. ആ അന്ത്യസമയത്തെപ്പറ്റിയുള്ള അറിവ് അവങ്കലേക്കാണ് മടക്കപ്പെടുന്നത്. പഴങ്ങളൊന്നും അവയുടെ പോളകളിൽനിന്ന് പുറത്ത് വരുന്നില്ല; ഒരു സ്ത്രീയും ഗർഭം ധരിക്കുകയോ, പ്രസവിക്കുകയോ ചെയ്യുന്നുമില്ല; അവന്റെ അറിവോട് കൂടിയല്ലാതെ. എന്റെ പങ്കാളികളെവിടെ എന്ന് അവൻ അവരോട് വിളിച്ചുചോദിക്കുന്ന ദിവസം അവർ പറയും: ഞങ്ങളിതാ നിന്നെ അറിയിക്കുന്നു. ഞങ്ങളിൽ (അതിന്ന്) സാക്ഷികളായി ആരുമില്ല

42). (അതിന്റെ മുന്നിലൂടെയോ പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല) മനുഷ്യരിലോ ജിന്നുകളിലോ പെട്ട യാതൊരു പിശാചും അതിനോടടുക്കുകയില്ല. അതിലില്ലാത്തതൊന്നും ചേർക്കാനോ കട്ടെടുക്കാനോ സാധ്യമല്ല; അതുപോലെത്തന്നെ കൂട്ടാനും കുറയ്ക്കാനും. അതിന്റെ അവതരണത്തിൽ അത് സംരക്ഷിതമാണ്. വാക്കുകളും ആശയങ്ങളും സംരക്ഷിക്കപ്പെട്ടതാണ്. അതിനെ ഇറക്കിയവൻതന്നെ അതിനെ സംരക്ഷിക്കുകയും ചെയ്യും. അല്ലാഹു പറയുന്നു:

إِنَّا نَحۡنُ نَزَّلۡنَا ٱلذِّكۡرَ وَإِنَّا لَهُۥ لَحَٰفِظُونَ ٩

"തീർച്ചയായും നാമാണ് ആ ഉദ്ബോധനം അവതരിപ്പിച്ചത്. നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്"(15:9).

(യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവന്റെ പക്കൽനിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്). തന്റെ സൃഷ്ടിപ്പിലും തന്റെ നിർദേശങ്ങളിലും. എല്ലാം അതാതിന്റെ സ്ഥാനത്താണ് അവൻ നിശ്ചയിക്കുന്നത്. അതാതിന്റെ സ്ഥാനങ്ങളിലാണ് ഇറക്കിവെക്കുന്നത്. (സ്തുത്യർഹൻ) അവനുള്ള പൂർണതയുടെ വിശേഷണങ്ങളിലും മഹത്ത്വത്തിന്റെ സവിശേഷതകളിലും അവന്റെ നീതിയിലും ഔദാര്യത്തിലുമെല്ലാം. അതുകൊണ്ടുതന്നെ അവന്റെ ഗ്രന്ഥം യുക്തിയുടെ പരിപൂർണതയെ ഉൾക്കൊള്ളുന്നു. എല്ലാ നന്മകളും പ്രയോജനങ്ങളും കൈവരിക്കാനും ഉപദ്രവങ്ങളും കുഴപ്പങ്ങളും തടുക്കാനും. ഇതെല്ലാംകൊണ്ടാണ് അവൻ സ്തുതിക്കപ്പെട്ടവനായത്.

43). (നിന്നോട് പറയപ്പെടുന്നില്ല) പ്രവാചകരേ, നിന്നെ കളവാക്കുകയും നിന്നോട് ധിക്കാരം കാണിക്കുകയും ചെയ്യുന്നവരിൽ നിന്നുണ്ടാകുന്ന വാക്കുകൾ. (നിനക്ക് മുമ്പുണ്ടായിരുന്ന ദൂതന്മാരോട് പറയപ്പെട്ടതല്ലാതെ) അതുപോലെയുള്ളതുതന്നെയാണ്, അല്ല ചിലപ്പോൾ അവർ പറഞ്ഞതുതന്നെയാണ്. അല്ലാഹുവിനെ മാത്രം ആരാധിക്കണം, അവനിൽ ഒരാളെയും പങ്കുചേർക്കരുത് എന്നും. പ്രബോധനത്തിൽ പ്രവാചകന്മാരെ കളവാക്കിയ എല്ലാ സമൂഹവും ആശ്ചര്യം പ്രകടിപ്പിച്ചിട്ടുണ്ട്. അവർക്ക് ബാധിക്കുന്ന എല്ലാ വഴികളിലും അവരതിനെ എതിർക്കുകയും ചെയ്തു. അവർ പറഞ്ഞു:

قَالُواْ مَآ أَنتُمۡ إِلَّا بَشَرٞ مِّثۡلُنَا

"നിങ്ങൾ ഞങ്ങളെപ്പോലുള്ള മനുഷ്യർ മാത്രമാകുന്നു" (36:15).

തങ്ങൾക്ക് ആവശ്യമില്ലാത്ത പല ദൃഷ്ടാന്തങ്ങളും കൊണ്ടുവരാൻ ആവശ്യപ്പെട്ട് അവരുടെ ദൂതന്മാരെ അവർ ബുദ്ധിമുട്ടിച്ചു. നിഷേധികളുടെ വാക്കുകൾ അതുപോലെയാണ്. നിഷേധത്തിൽ അവരുടെ ഹൃദയങ്ങൾ പരസ്പരം സദൃശ്യമായി. വാക്കുകളും ഒരുപോലെതന്നെ. ദൂതന്മാർ അവരെ കളവാക്കിയതും ഉപദ്രവിച്ചതുമെല്ലാം സഹിച്ചു. നിനക്ക് മുമ്പുള്ളവർ ക്ഷമിച്ചതുപോലെ നീയും ക്ഷമിക്കുക.

പിന്നീട് അവരോട് പശ്ചാത്തപിക്കാനും പാപമോചനം ലഭിക്കുന്നതിനുവേണ്ടി പ്രാർഥിക്കുവാനും ആവശ്യപ്പെടുകയും വഴികേടിൽ തുടർന്നുപോകുന്നതിനെ താക്കീത് ചെയ്യുകയും ചെയ്യുന്നു. (നിന്റെ രക്ഷിതാവ് പാപമോചനം നൽകുന്നവനാണ്) മഹത്തായ പാപമോചനം. തെറ്റിനെ പിഴുതെറിയുകയും ഖേദിച്ച് മടങ്ങുകയും ചെയ്തവന് എല്ലാ തെറ്റും അവൻ മായ്ച്ചുകൊടുക്കും. (വേദനയേറിയ ശിക്ഷ നൽകുന്നവനുമാകുന്നു) തെറ്റിൽ ഉറച്ചുനിൽക്കുകയും അഹങ്കരിക്കുകയും ചെയ്യുന്നവന്.

44) അറബിയായ പ്രവാചകന് തന്റെ ഭാഷയിൽ അറബി വേദഗ്രന്ഥം അവർക്ക് വിശദീകരിച്ചുകൊടുക്കുവാൻ വേണ്ടി ഇറക്കിയത് അവന്റെ ഒരു ഔദാര്യവും അനുഗ്രഹവുമായി എടുത്തുപറയുന്നു. ഇതുകൊണ്ടുതന്നെ ഇതിനെ കൂടുതൽ പരിഗണിക്കാൻ അവർക്ക് ബാധ്യതയുണ്ട്. അതിനെ ഏറ്റെടുക്കാനും അതിന് കീഴ്പ്പെടാനും ക്വുർആനിനെ അവൻ അനറബി ഭാഷയിലുള്ള ഗ്രന്ഥമാക്കിയിരുന്നുവെങ്കിൽ കളവാക്കുന്നവർക്ക് തടസ്സമുന്നയിക്കാമായിരുന്നു. അവർ പറഞ്ഞു: (എന്തുകൊണ്ട് ഇതിലെ വചനങ്ങൾ ആശയങ്ങൾ വ്യക്തമാക്കപ്പെട്ടവയായില്ല?) അതിന്റെ വചനങ്ങൾ വ്യക്തമാക്കപ്പെടുകയും വിശദീകരിക്കപ്പെടുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്തുകൂടായിരുന്നോ? (അനറബിയും അറബിയും ആവുകയോ?) മുഹമ്മദ് അറബിയും ഗ്രന്ഥം അനറബിയുമാവുകയോ? അതുണ്ടാവില്ല!

എല്ലാ കാര്യങ്ങളെയും അല്ലാഹു നിരാകരിക്കുന്നു. അസത്യത്തിന്റെ ആളുകൾക്ക് അതിൽ സംശയമുണ്ടാകാം. ഈ ഗ്രന്ഥത്തെക്കുറിച്ച് അവർക്ക് അംഗീകരിക്കാവുന്ന സർവവിശദീകരണങ്ങളും നൽകി. എന്നാൽ സത്യവിശ്വാസികൾ അതിനോട് യോജിക്കുകയും അതിനെ പ്രയോജനപ്പെടുത്തുകയും ചെയ്തു. അതിലൂടെ അവർ ഉയർച്ച പ്രാപിച്ചു; മറ്റുള്ളവരുടെ അവസ്ഥയിൽനിന്ന് വ്യത്യസ്തമായി.

അതാണ് അല്ലാഹു പറഞ്ഞത്: (അത് സത്യവിശ്വാസികൾക്ക് മാർഗദർശനവും ശമനൗഷധവുമാകുന്നു). ചൊവ്വായ മാർഗവും ശരിയായ വഴിയും അവർക്കത് കാണിക്കുന്നു. ഉപകാരപ്രദമായ വിജ്ഞാനങ്ങൾ അവരെ അത് പഠിപ്പിക്കുന്നു. പൂർണമായ മാർഗദർശനം അതിലൂടെ അവർ നേടുന്നു. ശാരീരികവും മാനസികവുമായ രോഗങ്ങളിൽനിന്ന് അവർക്ക് ശമനം ലഭിക്കുന്നു. കാരണം, അത് ചീത്ത സ്വഭാവങ്ങളെ അകറ്റും; ഏറ്റവും മോശമായ പ്രവർത്തനങ്ങളെയും. നിഷ്കളങ്കമായ പശ്ചാത്താപത്തിന് അത് പ്രേരിപ്പിക്കും; ഹൃദയത്തിന് ശമനം ലഭിക്കുന്ന പാപങ്ങളെ കഴുകിക്കളയുന്ന പശ്ചാത്താപം.

(വിശ്വസിക്കാത്തവരാവട്ടെ) ക്വുർആനിൽ.

(അവരുടെ കാതുകളിൽ ഒരുതരം ബധിരതയുണ്ട്) അത് ശ്രദ്ധിക്കാതിരിക്കാനും തിരിച്ചറിയാനുമുള്ള ബധിരത. (അവരുടെ മേൽ ഒരു അന്ധതയായിരിക്കുന്നു) അതുകൊണ്ട് അവർ നേർവഴി കാണുന്നില്ല. നേർമാർഗം പ്രാപിക്കുന്നുമില്ല. വഴികേടല്ലാതെ അവർക്ക് അധികരിപ്പിക്കുന്നില്ല. സത്യത്തെ അവർ നിരാകരിക്കുമ്പോൾ അവർക്ക് അന്ധത വർധിച്ചുകൊണ്ടിരിക്കുന്നു, വഴികേടും. (ആ കൂട്ടർ വിദൂരമായ ഏതോ സ്ഥലത്തുനിന്ന് വിളിക്കപ്പെടുന്നു). സത്യവിശ്വാസത്തിലേക്ക് വിളിക്കപ്പെടുമ്പോഴും ക്ഷണിക്കപ്പെടുമ്പോഴും അവർ ഉത്തരം നൽകുന്നില്ല. ഏതോ വിദൂരസ്ഥലത്ത് അവനായിരിക്കെ വിളിക്കപ്പെടുന്നവനെപ്പോലെയാണവന്റെ അവസ്ഥ. ക്ഷണിക്കുന്നവനെ കേൾക്കുകയോ വിളിക്കുന്നവന് ഉത്തരം നൽകുകയോ ചെയ്യുന്നില്ല. ഇവിടെ ഉദ്ദേശ്യം, ക്വുർആനിൽ വിശ്വസിക്കാതിരിക്കുകയും അതിന്റെ സന്മാർഗത്തെ പ്രയോജനപ്പെടുത്താതിരിക്കുകയും അതിന്റെ വെളിച്ചം കാണാതിരിക്കുകയും അതിൽ നിന്ന് യാതൊരു നന്മയും പ്രയോജനപ്പെടുത്താതിരിക്കുകയും ചെയ്യുന്നവരാണവർ. സന്മാർഗത്തിലേക്കുള്ള കവാടങ്ങൾ അവരുടെ മേൽ അവർതന്നെ അടച്ചു; അവരുടെ നിഷേധവും അവഗണനയുംമൂലം.

45). അല്ലാഹു പറയുന്നു: (മൂസാക്ക് നാം വേദഗ്രന്ഥം നൽകുകയുണ്ടായി). നിനക്ക് വേദഗ്രന്ഥം നൽകിയതുപോലെ. താങ്കളെ ചെയ്തതുതന്നെയാണ് ജനങ്ങൾ അദ്ദേഹത്തെയും ചെയ്തത്. അതിലവർ വിഭിന്നരായി. അതിൽ വിശ്വസിക്കുകയും സന്മാർഗം സ്വീകരിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്തു. പ്രയോജനപ്പെടുത്താതെ തള്ളിക്കളഞ്ഞവരും അവരിലുണ്ട്. അല്ലാഹുവിന്റെ സഹനവും ശിക്ഷയെ പിന്തിക്കും, ഒരു നിശ്ചിത അവധിവരെ. ആ അവധി മുന്നോട്ടോ പിന്നോട്ടോ ആവില്ലെന്നുള്ള മുൻവചനവും ഇല്ലായിരുന്നുവെങ്കിൽ (അവർക്കിടയിൽ -ഇപ്പോൾതന്നെ- തീർപ്പ് കൽപിക്കപ്പെടുമായിരുന്നു) അവിശ്വാസികളെ നശിപ്പിക്കുന്നതിലൂടെ. വിശ്വാസികളെയും അവിശ്വാസികളെയും വേർതിരിക്കാൻ നാശത്തിന്റെ ഈ കാരണം നിർബന്ധമാവുകയും യാഥാർഥ്യമാവുകയും ചെയ്തുകഴിഞ്ഞു. (അവർ ഇതിനെപ്പറ്റി അവിശ്വാസജനകമായ സംശയത്തിലാകുന്നു. അവരെ അസ്വസ്ഥമാക്കുന്ന സംശയത്തിലേക്ക് അവരെത്തിയിട്ടുണ്ട്. അതുകൊണ്ട് അവർ അദ്ദേഹത്തെ കളവാക്കുകയും നിഷേധിക്കുകയും ചെയ്തു).

46). (വല്ലവനും നല്ലത് പ്രവർത്തിച്ചാൽ) അല്ലാഹുവും അവന്റെ ദൂതനും നിർദേശിച്ച പ്രവർത്തനങ്ങളാണത്. (അതിന്റെ ഗുണം അവനുതന്നെയാകുന്നു) ഇഹത്തിലും പരത്തിലും അതിന്റെ പ്രതിഫലവും പ്രയോജനവും. (വല്ലവനും തിന്മ ചെയ്താൽ, അതിന്റെ ദോഷവും അവനുതന്നെ) ഇഹത്തിലും പരത്തിലും അതിന്റെ ദോഷവും ശിക്ഷയും.

ഇതിൽ നല്ലത് ചെയ്യാനുള്ള പ്രോത്സാഹനമുണ്ട്; തിന്മ ഉപേക്ഷിക്കാനും. നല്ലത് പ്രവർത്തിക്കുന്നവർക്ക് അതുകൊണ്ട് പ്രയോജനമുണ്ടെന്നും തിന്മയായ പ്രവർത്തനങ്ങൾകൊണ്ട് അതിന്റെ ഉപദ്രവമുണ്ടന്നും ഒരു പാപഭാരം വഹിക്കുന്നവനും മറ്റൊരുത്തന്റെ പാപഭാരം വഹിക്കുകയില്ല എന്നും. (നിന്റെ രക്ഷിതാവ് അടിമകളോട് അനീതി കാണിക്കുന്നവനേ അല്ല) തന്റെ തിന്മയെക്കാൾ ഒരാളെ വഹിപ്പിക്കുക എന്നത്.

47) അല്ലാഹുവിന്റെ അറിവിന്റെ വിശാലതയെക്കുറിച്ചും മറ്റൊരാൾക്കും അറിയാൻ കഴിയാത്തതും അവനുമാത്രം പ്രത്യേകമായ അറിവിനെക്കുറിച്ചും അല്ലാഹു ഇവിടെ അറിയിക്കുന്നു. അല്ലാഹു പറയുന്നു. (ആ അന്ത്യസമയത്തെപ്പറ്റിയുള്ള അറിവ് അവങ്കലേക്കാണ് മടക്കപ്പെടുന്നത്) സർവ പടപ്പുകളുടെയും അറിവ് അവനിലേക്ക് മടക്കപ്പെടുന്നു. പ്രവാചകന്മാരും മലക്കുകളും അല്ലാത്തവരുമെല്ലാം അവരുടെ ആശക്തിയെ അംഗീകരിക്കുകയും ചെയ്യുന്നു. (പഴങ്ങളൊന്നും അവയുടെ പോളകളിൽനിന്ന് പുറത്തുവരുന്നില്ല) അത് പുറത്തേക്ക് വരുന്ന പോളകളിൽനിന്ന്. എല്ലാ പ്രദേശങ്ങളിലുമുള്ള സർവ വൃക്ഷങ്ങളും ഇതിൽ പെടും. ഒന്നും ഒഴിവാകില്ല. അതിനെക്കുറിച്ചെല്ലാം അവൻ വിശദമായി അറിയുകതന്നെ ചെയ്യും (ഒരു സ്ത്രീയും ഗർഭം ധരിക്കുകയില്ല) മനുഷ്യരും അല്ലാത്തതുമായ സർവജീവിവർഗങ്ങളും, അവനറിഞ്ഞിട്ടല്ലാതെ. (പ്രസവിക്കുകയോ ചെയ്യുന്നില്ല) ഗർഭിണിയായ ഒരു പെണ്ണും (അവന്റെ അറിവോടുകൂടിയല്ലാതെ). പിന്നെ എങ്ങനെയാണ് ബഹുദൈവവിശ്വാസികൾ അല്ലാഹുവിന് സമപ്പെടുത്തുന്നത്; അറിവില്ലാത്തവരോടും കാഴ്ചയും കേൾവിയും ഇല്ലാത്തവരോടും?

(അവരെ വിളിച്ച് ചോദിക്കുന്ന ദിവസം) അതായത്, ഉയിർത്തെഴുന്നേൽപ് നാളിൽ ബഹുദൈവവിശ്വാസികളെ, അവരെ അപമാനിച്ചുകൊണ്ടും അവരുടെ കളവ് പുറത്തുകൊണ്ടുവന്നുകൊണ്ടും ചോദിക്കും: (എന്റെ പങ്കാളികളെവിടെ?) എന്റെ പങ്കാളികളാണെന്ന് നിങ്ങൾ വാദിച്ചുകൊണ്ടിരുന്നവർ, അങ്ങനെ നിങ്ങളവരെ ആരാധിക്കുകയും അതിൽ തർക്കിക്കുകയും ചെയ്തു. അവർക്കുവേണ്ടി നിങ്ങൾ ദൂതന്മാരോട് ശത്രുത കാണിക്കുകയും ചെയ്തു. (അവർ പറയും) ആ പങ്കാളികളുടെ ദിവ്യത്വത്തിന്റെ നിർഥകതയും അല്ലാഹുവോടൊപ്പം അവരെ പങ്കുചേർത്തതിന്റെ തെറ്റും അംഗീകരിച്ചുകൊണ്ട് ഞങ്ങളിതാ നിന്നെ അറിയിക്കുന്നു. ഞങ്ങളിൽ-അതിന്-സാക്ഷികളായി ആരുമില്ല).

ഞങ്ങളുടെ നാഥാ, നിന്നെ ഞങ്ങൾ അറിയിക്കുന്നു. അവരുടെ പങ്കാളിത്തത്തിന്റെയും ദിവ്യത്വത്തിന്റെയും സ്വീകാര്യതയക്ക് സാക്ഷ്യം വഹിക്കുന്ന ഒരാളും ഞങ്ങളിലില്ലെന്ന് ഞങ്ങൾക്കെതിരായി ഞങ്ങളിതാ സാക്ഷ്യം വഹിക്കുന്നു. അവയെ ആരാധിച്ചതിന്റെ നിരർഥകതയിതാ ഞങ്ങളിപ്പോൾ അംഗീകരിക്കുന്നു. ഞങ്ങൾ അതിൽനിന്ന് ഒഴിവാകുന്നു. അതാണ് അല്ലാഹു പറഞ്ഞത്.



ലേഖനം

''ഞങ്ങളുടെ രക്ഷിതാവേ,
ഞങ്ങളുടെ ഭാര്യമാരിൽനിന്നും
സന്താനങ്ങളിൽനിന്നും ഞങ്ങൾക്ക്
നീ കൺകുളിർമ നൽകുകയും
ധർമനിഷ്ഠ പാലിക്കുന്നവർക്ക്
ഞങ്ങളെ നീ മാതൃകയാക്കുകയും
ചെയ്യേണമേ...''
(അൽഫുർക്വാൻ 74).

# അറിവിൻ വാതിൽ തുറക്കുമ്പോൾ

**നബീൽ പയ്യോളി**

വേനലവധിക്ക് വിരാമമിട്ട് ലക്ഷക്കണക്കിന് വിദ്യാർഥികൾ കലാലയങ്ങളിലേക്ക് പോയിത്തുടങ്ങി. 42,90,000 വിദ്യാർഥികളാണ് സ്‌ക്കൂളുകളിലേക്ക് എത്തിയിട്ടുള്ളത്. പൊതുവിദ്യാലയങ്ങളിലേക്ക് 10.34 ലക്ഷം വിദ്യാർഥികൾ പുതുതായി എത്തിയതായി വിദ്യാഭ്യാസ മന്ത്രി പറഞ്ഞു. സ്വകാര്യ വിദ്യാലയങ്ങളിലേക്കും ലക്ഷക്കണക്കിന് വിദ്യാർഥികൾ അറിവ് തേടിയെത്തിയിട്ടുണ്ട്.

മനുഷ്യ പുരോഗതിക്ക് അറിവ് അനിവാര്യമാണ്. അറിവിന്റെ ആഴവും പരപ്പും മനുഷ്യനെ വളർത്തും. തിരിച്ചറിവുള്ള അറിവേ പ്രയോജനം ചെയ്യൂ. മാതാവെന്ന ആദ്യ അധ്യാപികയിൽനിന്നും പിതാവും കുടുംബവും ഉൾപ്പെടുന്ന നിരവധി അധ്യാപകരിൽനിന്നുമാണ് കുട്ടികൾ കലാലയങ്ങളിലേക്കെത്തുന്നത്. പാഠപുസ്തകങ്ങളിൽനിന്നും അനുഭവങ്ങളിൽനിന്നും ശരിയായ അറിവുകൾ ലഭിക്കാൻ വഴികാട്ടികളായി അധ്യാപകർ ഉണ്ടെന്നതാണ് മറ്റിടങ്ങളിൽനിന്നും കലാലയങ്ങളെ വ്യത്യസ്തമാക്കുന്നത്. അറിവിനോടൊപ്പം തിരിച്ചറിവും സംസ്‌കാരവും തെറ്റും ശരിയും വേർതിരിച്ച് കുട്ടികൾക്ക് കൈമാറുക എന്ന ദൗത്യത്തിൽ വിജയിക്കുമ്പോഴാണ് അധ്യാപകരും വിദ്യാലയങ്ങളും അർഥപൂർണമാകുന്നത്.

അറിവിന്റെ സ്രോതസ്സുകൾ അനേകായിരമുണ്ടിന്ന്. അതിൽനിന്നും നല്ലതും ചീത്തയും ശരിയും തെറ്റുമെല്ലാം കുട്ടികളിലേക്ക് എത്തുന്നുമുണ്ട്. അവിടെ ശരിയായ ദിശയിലേക്ക് വിദ്യാർഥികളെ നയിക്കുക എന്നതാണ് അധ്യാപകർ ഇന്ന

ത്തെ ലോകത്ത് നിർവഹിക്കേണ്ട ദൗത്യം. നിരവധി വിദ്യാർഥികളുമായി കൂടിക്കലർന്ന് വളരുന്നവർ ഇടപഴകലിലൂടെ ലഭിക്കുന്ന അനുഭവങ്ങളും അറിവും സ്വായത്തമാക്കുന്നതോടൊപ്പം കൂടെയുള്ളവരെ പരിഗണിക്കാനും വൈവിധ്യങ്ങളെ ഉൾകൊള്ളാനും തയ്യാറാവുമ്പോഴേ സാമൂഹ്യജീവിതത്തിൽ ഈ അറിവുകൾ പ്രയോഗവത്കരിക്കാൻ സാധിക്കുകയുള്ളൂ.

അധ്യാപകർ നിരന്തരം വിദ്യാർഥികളാവണം എന്നതുകൂടി ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്, അനുനിമിഷം കാര്യങ്ങൾ അപ്ഡേറ്റ് ചെയ്യപ്പെടുന്നു. അതിനനുസരിച്ച് അധ്യാപകരും തങ്ങളുടെ അറിവുകളെ പുതുക്കാൻ തയ്യാറായില്ലെങ്കിൽ അപ്ഡേറ്റഡാകാതെ പിടിച്ചുനിൽക്കാനാവാത്ത സാഹചര്യം ഉണ്ടാവും. വിജ്ഞാന വിസ്ഫോടന കാലത്ത് എല്ലാം തികഞ്ഞവാണെന്നോ അറിവാളനാണെന്നോ ഉള്ള ഭാവം മറ്റുള്ളവർക്ക് മുമ്പിൽ സ്വന്തം വ്യക്തിത്വത്തെ ഇകഴ്ത്തലാണ്. അറിയാനും അറിവ് എന്നും പുതുക്കാനും ആരിൽനിന്നും അറിവ് നേടാനുമുള്ള മാനസികാവസ്ഥ അനിവാര്യമാണ്.

അറിവ് നേടുക എന്നതാവണം വിദ്യാർഥികളുടെ പ്രധാന അജണ്ട. തങ്ങളുടെ ഭാവി നിർണയിക്കുന്നതിൽ അറിവിനും ഔപചാരിക വിദ്യാഭ്യാസത്തിനും പ്രാധാന്യമുണ്ട്. അറിവുള്ളവനും ഇല്ലാത്തവനും ഒരിക്കലും തുല്യമല്ല; ഏതൊരു അളവുകോൽകൊണ്ട് അളന്നുനോക്കിയാലും ശരി. അതുകൊണ്ട് പഠനമാവണം ഒന്നാമത്തെ അജണ്ട. കളിയും വിനോദവും മറ്റു കാര്യങ്ങളും ജീവിതത്തിന് ഉപകാരപ്പെടും വിധമാവണം. അനാവശ്യങ്ങളോ അധാർമികതയോ തങ്ങളുടെ പരിസരത്തേക്ക് കടന്നുവരുന്നതും അത്തരം പരിസരങ്ങളിലേക്ക് പോകുന്നതും സൂക്ഷിക്കണം.

അറിവ് സ്വന്തത്തിനും കുടുംബത്തിനും സമൂഹത്തിനും ഉപകാരപ്പെടും വിധം ക്രിയാത്മകമായി ആർജിക്കാനും അടുക്കിവെക്കാനും വിനിയോഗിക്കാനും സാധിക്കുമ്പോഴാണ് വിദ്യാർഥിത്വം സാർഥകമാകുന്നത്.

**അധ്യാപകർ നിരന്തരം വിദ്യാർഥികളാവണം എന്നതുകൂടി ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്, അനുനിമിഷം കാര്യങ്ങൾ അപ്ഡേറ്റ് ചെയ്യപ്പെടുന്നു. അതിനനുസരിച്ച് അധ്യാപകരും തങ്ങളുടെ അറിവുകളെ പുതുക്കാൻ തയ്യാറായില്ലെങ്കിൽ അപ്ഡേറ്റഡാകാതെ പിടിച്ചുനിൽക്കാനാവാത്ത സാഹചര്യം ഉണ്ടാവും. വിജ്ഞാന വിസ്ഫോടന കാലത്ത് എല്ലാം തികഞ്ഞവാണെന്നോ അറിവാളനാണെന്നോ ഉള്ള ഭാവം മറ്റുള്ളവർക്ക് മുമ്പിൽ സ്വന്തം വ്യക്തിത്വത്തെ ഇകഴ്ത്തലാണ്. അറിയാനും അറിവ് എന്നും പുതുക്കാനും ആരിൽനിന്നും അറിവ് നേടാനുമുള്ള മാനസികാവസ്ഥ അനിവാര്യമാണ്.**

### അധ്യാപകരുടെ സാമൂഹിക ദൗത്യം

മലീമസമായ സാമൂഹിക അന്തരീക്ഷത്തിലൂടെയാണ് നാം കടന്നുപോകുന്നത്. യാഥാർഥ്യബോധത്തോടെയും ഗുണകാംക്ഷയോടെയും അധ്യാപകസമൂഹം ദൗത്യനിർവഹണത്തിന് മുതിരാതിരുന്നാൽ അത് വലിയ ദുരന്തങ്ങൾക്ക് കാരണമാകും. ഈയിടെ ഒരു ഉന്നത പോലീസ് ഉദ്യോഗസ്ഥൻ ഒരു പൊതുപരിപാടിയിൽ പങ്കുവെച്ച വേദന നമ്മുടെ സഹപ്രവർത്തകന്റെ മകനും ലഹരിക്ക് അടിമയായല്ലോ എന്നതാണ്. ലഹരി സമൂഹത്തെ കാർന്ന് തിന്നുന്ന കാലത്താണ് നാം ജീവിക്കുന്നത്. രാസലഹരിയിൽ ജീവിതം ഹോമിക്കപ്പെടുന്നവരുടെ ദുന്തങ്ങൾ ഉള്ളുപൊള്ളിക്കുന്നതാണ്. ലഹരി കേരളത്തിലേക്ക് നിർബാധം ഒഴുകിക്കൊണ്ടിരിക്കുന്നു, മാഫിയകൾ അഴിഞ്ഞാടുന്നു. നിസ്സംഗത നമ്മെ വരിഞ്ഞുമുറുക്കുന്നുണ്ടോ എന്ന് അധ്യാപകർ സ്വയമേ ചോദിക്കേണ്ടിയിരിക്കുന്നു. ഒരു തലമുറയെ വാർത്തെടുക്കുന്നവരും മരണംവരെ 'ഗുരു' എന്ന അംഗീകാരവും ബഹുമാനവും ഏറ്റുവാങ്ങുന്നവരുമാണ് അധ്യാപകർ. ജീവിതവഴിയിൽ വെളിച്ചം പകർന്ന് ഭാവിയെ കരുപ്പിടിപ്പിക്കും വിധം നയിച്ചവരോടുള്ള നന്ദിയും കടപ്പാടുമാണ് ആ നിസ്വാർഥ സ്നേഹത്തിന് നിദാനം. അതിന് കളങ്കമേൽക്കും വിധം അധ്യാപക സമൂഹത്തിൽനിന്നും ഒന്നുമുണ്ടായിക്കൂടാ.

ലഹരിമാഫിയകൾ കുരുന്നുകളെ നശിപ്പിക്കാൻ വിദ്യാലയ പരിസരങ്ങളിൽ പതിയിരിക്കുമ്പോൾ അവർക്ക് ചിറകുവിരിച്ച് സംരക്ഷണമൊരുക്കേണ്ടത് അധ്യാപക



**മലീമസമായ സാമൂഹിക അന്തരീക്ഷത്തിലൂടെയാണ് നാം കടന്നുപോകുന്നത്. യാഥാർഥ്യ ബോധത്തോടെയും ഗുണകാംക്ഷയോടെയും അധ്യാപകസമൂഹം ദൗത്യനിർവഹണത്തിന് മുതിരാതിരുന്നാൽ അത് വലിയ ദുരന്തങ്ങൾക്ക് കാരണമാകും. ഒരു തലമുറയെ വാർത്തെടുക്കുന്നവരും മരണംവരെ 'ഗുരു' എന്ന അംഗീകാരവും ബഹുമാനവും ഏറ്റുവാങ്ങുന്നവരുമാണ് അധ്യാപകർ. ജീവിതവഴിയിൽ വെളിച്ചം പകർന്ന് ഭാവിയെ കരുപ്പിടിപ്പിക്കും വിധം നയിച്ചവരോടുള്ള നന്ദിയും കടപ്പാടുമാണ് ആ നിസ്വാർഥ സ്നേഹത്തിന് നിദാനം. അതിന് കളങ്കമേൽക്കും വിധം അധ്യാപക സമൂഹത്തിൽനിന്നും ഒന്നുമുണ്ടായിക്കൂടാ.**



രാണ്. രക്ഷിതാവിന്റെ റോളിൽ സ്വന്തം കുഞ്ഞുങ്ങളെന്നപോലെ അവരെ സംരക്ഷിക്കാൻ സന്മനസ്സു വേണം. ഈ ദൗത്യനിർവഹണത്തിൽ നിതാന്ത ജാഗ്രത പാലിക്കാനും കർശന നടപടികൾ സ്വീകരിക്കാനും അധ്യാപകർ പ്രതിജ്ഞാബദ്ധരാവണം. ഈ ജാഗ്രതയിൽ ഉണ്ടാവുന്ന ചെറിയ വീഴ്ചകൾ വലിയ ദുരന്തങ്ങളായി മാറുമെന്നതിന് തെളിവു കാണാൻ ചുറ്റുപാടുമൊന്ന് കണ്ണോടിച്ചാൽ മാത്രം മതിയാവും. ഈ രംഗത്ത് പൊതുസമൂഹവും സർക്കാരും നിയമപാലകരും കലവറയില്ലാത്ത പിന്തുണ് അധ്യാപകർക്കും വിദ്യാലയങ്ങൾക്കും നൽകേണ്ടതുണ്ട്.

**ആനുകൂല്യങ്ങൾ അർഹർക്ക് ലഭിക്കണം**

സ്കോളർഷിപ്പ്, സൗജന്യ യൂണിഫോം, യാത്രാ കൺസഷൻ എന്നിങ്ങളെ വിദ്യാർഥികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ അവർക്ക് ലഭ്യമാക്കാൻ ബന്ധപ്പെട്ടവർ ബോധപൂർവമായ ഇടപെടൽ നടത്തണം. നല്ല കലാലയാന്തരീക്ഷവും അർഹമായ ആനുകൂല്യങ്ങളും നല്ലൊരു തലമുറയെ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി അനിവാര്യമായും സമൂഹം ഉറപ്പ് വരുത്തേണ്ടതാണ്. വിദ്യാർഥികൾ ശത്രുക്കളാണെന്ന് തോന്നും വിധം കൺസഷൻ ചർച്ചകൾ പോകുന്നത് അഭികാമ്യമല്ല. മിക്ക വിദ്യാർഥികളും വിദ്യാലയങ്ങളിൽ പൊതുഗതാഗത സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പോകുന്നവരാണ്. അതുകൊണ്ട് പ്രായോഗികമായ പരിഹാരമാണ് സർക്കാരും ബസ്സുടമകളും വിദ്യാർഥി പ്രതിനിധികളും ഉണ്ടാക്കേണ്ടത്. ഇടക്കിടക്ക് സമരങ്ങളും വെല്ലുവിളികളും ഉണ്ടാവുന്നത് വിദ്യാർഥികളുടെ പഠനാന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അത് തിരുത്തപ്പെടേണ്ടതാണ്.

സ്കോളർഷിപ്പുകൾ അർഹർക്ക് ലഭ്യമാക്കാനും അത് ലാപ്സായിപ്പോകാതിരിക്കാനും അധ്യാപകരും സ്ഥാപന അധികാരികളും ശ്രദ്ധിക്കണം. വിദ്യാർഥികൾക്ക് ലഭിക്കേണ്ട സൗകര്യങ്ങളും ആനുകൂല്യങ്ങളും ലഭിക്കാതെ അവരുടെ വിദ്യാഭ്യാസത്തിൽ പ്രയാസങ്ങൾ ഉണ്ടായിക്കൂടാ.

**കുട്ടികൾ സ്വയംപര്യാപ്തരാകട്ടെ**

വേനലവധിക്കു ശേഷം വിദ്യാലയങ്ങൾ തുറന്നുകഴിഞ്ഞു. രാവിലത്തെ ഓട്ടപ്പാച്ചിലും വൈകുന്നേരത്തെ കളികളും പഠനവും ബഹളവുമെല്ലാം ഇനി വീടകങ്ങളിൽ നിറഞ്ഞുനിൽക്കും. കുട്ടികൾക്കും രക്ഷിതാക്കൾക്കും ഒരുപോലെ തിരക്കിട്ട ദിനങ്ങൾ. ചെറിയ ചില ക്രമീകരണങ്ങൾ നേരത്തെ തന്നെ ഏർപ്പെടുത്തിയാൽ എല്ലാവർക്കും എളുപ്പത്തിൽ കാര്യങ്ങൾ ചെയ്യാനും ദിനേനയുണ്ടാകാറുള്ള പ്രയാസങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാനും സാധിക്കും.

വളരെ പ്രധാനപ്പെട്ടത് കുട്ടികളെ സ്വയം പര്യാപ്തരാക്കുക എന്നതാണ്. മനുഷ്യർ പൊതുവെ മടിയന്മാരാണ്. തന്റെ കാര്യങ്ങൾ മറ്റാരെങ്കിലും ചെയ്തുതന്നാൽ വലിയ സന്തോഷം. അത് മുതലെടുക്കുന്നവരും ഉണ്ട്. നമ്മുടെ മക്കളെ അത്തരം മടിയന്മാരാക്കാൻ പാടില്ല. അവർക്ക് കഴിയാവുന്ന കാര്യങ്ങളെല്ലാം സ്വയം ചെയ്യട്ടെ. നമ്മുടെ സഹായവും പിന്തുണയും ആവശ്യമുള്ളിടത്ത് അവ നൽകുകയും വേണം. എന്നാൽ ഷൂ ലെയ്സ് കെട്ടിക്കൊടുക്കുന്നതും പുസ്തകങ്ങൾ അടുക്കി വെക്കുന്നതും അടക്കം ആർക്കും ചെയ്യാവുന്ന അക്കാര്യങ്ങൾവരെ സ്നേഹപ്രകടനത്തിന്റെ ഭാഗമെന്നോണം രക്ഷിതാക്കൾ ചെയ്തുകൊടുക്കുന്ന രീതി ശരിയല്ല. അത് അവരെ നിഷ്ക്രിയരാക്കാൻ മാത്രമെ സഹായിക്കൂ.

രാവിലെ എഴുന്നേൽക്കുന്നത് മുതൽ ഉറങ്ങുന്നതുവരെ അവർക്ക് കൃത്യമായ ടൈം ടേബിൾ ഉണ്ടാവണം#േ അത് രക്ഷിതാക്കൾ ഉണ്ടാക്കി മക്കളിൽ അടിച്ചേൽപിക്കേ

ണ്ടതല്ല, മറിച്ച് രക്ഷിതാക്കളും മക്കളും ഒരുമിച്ചിരുന്ന് പരസ്പരം ചർച്ച ചെയ്ത് തീരുമാനമാക്കേണ്ടതാണ്. മക്കളെ ഒരുമിച്ചിരുത്തി ഓരോരുത്തർക്കും സാധിക്കുന്ന ഒരു ടൈം ടേബിൾ ഉണ്ടാക്കാൻ നിർദേശിക്കുന്നത് നല്ലതാണ്. അത് എല്ലാവർക്കും ഈ മാനസികാവസ്ഥയിലേക്ക് മാറാൻ പ്രചോദനമേകും. മുതിർന്ന കുട്ടികൾ അവരുടെ പ്ലാൻ പറയുമ്പോൾ താഴെയുള്ളവരും ആ മനസികാവസ്ഥയിലേക്കും അത്തരം ക്രമീകരണങ്ങളിലേക്കും എത്തും. പ്രായക്കുറവുള്ളവർക്ക് അതിനനുസരിയിച്ചുള്ള സാവകാശം എന്തായാലും നൽകേണ്ടി വരും. എന്നാൽ ആരും അതിൽനിന്നും ഒഴിവ് നൽകപ്പെട്ടവരല്ലെന്നും എല്ലാവരും പരസ്പരം ഓർമപ്പെടുത്തിയും സഹകരിച്ചും മുന്നോട്ട് പോകണം എന്നും ബോധ്യപ്പെടുത്തണം.

ഈ ടൈം ടേബിളിൽ രാവിലെ എഴുന്നേൽക്കേണ്ട സമയം, പ്രാഥമിക കർമങ്ങൾ, നമസ്കാരം, കുളി, പ്രാതൽ, സ്കൂളിലേക്ക് പോകേണ്ട സമയം, തിരിച്ചെത്തുന്ന സമയം, ഭക്ഷണം, കളി, ഖുർആൻ പാരായണം, മതപഠനം, സ്കൂൾ പാഠ്യ പ്രവർത്തനങ്ങൾ, ഉറക്കം തുടങ്ങി നിത്യേന ചെയ്യേണ്ട കാര്യങ്ങളെല്ലാം ഉൾകൊള്ളിക്കണം. അതോടൊപ്പം വീട്ടിൽ അവർ ചെയ്യേണ്ട ചെറിയ ഉത്തരവാദിത്തങ്ങൾ (വളർത്തുമൃഗ പരിപാലനം, ക്ലീനിങ്, അടുക്കളയിൽ ചെയ്യാൻ സാധിക്കുന്ന സഹായങ്ങൾ, ചെറിയ ഷോപ്പിംഗ് പോലുള്ളവ) അവരുടെ ടൈം ടേബിളിന്റെ ഭാഗമായി വരേണ്ടതുണ്ട്. എന്നും കാണാവുന്ന ഇടങ്ങളിൽ ഈ ടൈം ടേബിൾ പ്രദർശിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ആഴ്ചയിൽ ഒരിക്കൽ അതിന്റെ അവലോകനവും അനിവാര്യമായ മാറ്റങ്ങളുമൊക്കെയാവാം. ആരാധനയും പഠനവും വിനോദവും ഭക്ഷണവും ഉറക്കവുമെല്ലാം കൃത്യമായി നടക്കാൻ ഈ ക്രമീകരണം അവസരമൊരുക്കും.

അവരുടെ വസ്ത്രം, കളിക്കോപ്പുകൾ, ബെഡ്, പാഠപുസ്തകങ്ങൾ, മറ്റു പഠനോപകരണങ്ങൾ എന്നിവ കൃത്യമായി ഉപയോഗിക്കാനും പരിപാലിക്കാനും നമ്മൾ പരിശീലിപ്പിക്കണം. അത് അവരിൽ ഉത്തരവാദിത്തബോധവും അടുക്കും ചിട്ടയും ഉണ്ടാക്കാൻ സഹായിക്കും. മറ്റുള്ളവർ ചെയ്യേണ്ട കാര്യങ്ങൾ എപ്പോഴും നമ്മൾ ചെയ്തുകൊടുക്കുന്നത് ഒരിക്കലും ശരിയല്ല, ഓർമപ്പെടുത്തലും ആവശ്യമായ സഹായങ്ങളും മാത്രമെ ഉണ്ടാകാവൂ. മറിച്ചാണെങ്കിൽ അത് അവരിലെ ഉത്തരവാദിത്തബോധം നഷ്ടപ്പെടുത്തുവാനേ കാരണമാവൂ; കുട്ടികളാണെങ്കിലും മുതിർന്നവരാണെങ്കിലും ശരി.

പത്താം ക്ലാസ് കഴിഞ്ഞ കുട്ടികൾക്ക് അവരുടെ ചെലവിനുള്ള വരുമാനം കണ്ടെത്താൻ ഹലാലായ സമ്പാദ്യമാർഗം കണ്ടെത്തുവാൻ സഹായിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യാൻ സാധിക്കുമെങ്കിൽ നല്ലതാണ്. എന്നാൽ അതിന് നിർബന്ധിക്കുന്നത് ശരിയല്ല.


കുട്ടികൾ അവരവരുടെ കാര്യങ്ങൾ പരമാവധി ചെയ്താൽ രക്ഷിതാക്കളുടെ ജോലി ഭാരം കുറയും. കൃത്യമായ പ്ലാനിങ് ഉള്ള ഒരാൾക്ക് അനാവശ്യങ്ങളുടെ പുറകെ പോകാനോ സമയം കളയാനോ സാധ്യമല്ല. ക്രിയാത്മകമായി മുന്നോട്ടു പോകാൻ അവർക്ക് സാധിക്കും.

മക്കൾക്ക് അവരുടെ സമയക്രമം പാലിക്കാനുള്ള സാഹചര്യം ഒരുക്കാനും അവരെ പരിഗണിക്കാനും രക്ഷിതാക്കൾ ശ്രദ്ധിക്കണം. അതിന് തടസ്സമാകും വിധമുള്ള ഇടപെടലുകൾ ഉണ്ടാകാതെ നോക്കണം.

ഒന്നും അടിച്ചേൽപിക്കാൻ ശ്രമിക്കരുത്. സ്നേഹമസൃണമായ ഉപദേശങ്ങളും ചർച്ചകളും വഴി കാര്യങ്ങൾ ബോധ്യപ്പെടുത്തുകയാണ് വേണ്ടത്. സ്വയം ബോധ്യപ്പെടാത്ത ഒരു കാര്യം മറ്റുള്ളവരുടെ നിർബന്ധത്തിന് വഴങ്ങി ചെയ്യുന്നുവെങ്കിൽ അത് കേവലം യാന്ത്രികമാവും, പ്രതിഫലനം ഒന്നുമില്ലാത്ത ചില പ്രകടനങ്ങൾ. മക്കളുമായി നല്ല ആശയവിനിമയം സാധ്യമാക്കണം. ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കണം. ഒന്നിച്ച് യാത്രയും കുടുംബ സന്ദർശനങ്ങളും നടത്തണം. പള്ളികൾ, മതാധ്യാപന സദസ്സുകൾ തുടങ്ങിയ ഇടങ്ങളിലെ സാന്നിധ്യം ഉറപ്പുവരുത്തണം. അതിനായി രക്ഷിതാക്കൾ ബോധപൂർവമായ ശ്രമങ്ങൾ നടത്തിയാൽ മാത്രമെ പുതിയ തലമുറയെ തങ്ങൾക്കും സമൂഹത്തിനും അതിലുപരി അവർക്കുതന്നെയും ഉപകാരപ്പെടുന്നവരായി വളർത്താൻ സാധിക്കുകയുള്ളൂ. നമുക്ക് പരമാവധി പരിശ്രമിക്കാം, അതിലുപരി നാഥനോട് പ്രാർഥിക്കാം.

**കുട്ടികൾ അവരുടെ വസ്ത്രം, കളിക്കോപ്പുകൾ, ബെഡ്, പാഠപുസ്തകങ്ങൾ, മറ്റു പഠനോപകരണങ്ങൾ എന്നിവ കൃത്യമായി ഉപയോഗിക്കാനും പരിപാലിക്കാനും നമ്മൾ പരിശീലിപ്പിക്കണം. അത് അവരിൽ ഉത്തരവാദിത്തബോധവും അടുക്കും ചിട്ടയും ഉണ്ടാക്കാൻ സഹായിക്കും. മറ്റുള്ളവർ ചെയ്യേണ്ട കാര്യങ്ങൾ എപ്പോഴും നമ്മൾ ചെയ്തുകൊടുക്കുന്നത് ഒരിക്കലും ശരിയല്ല, ഓർമപ്പെടുത്തലും ആവശ്യമായ സഹായങ്ങളും മാത്രമെ ഉണ്ടാകാവൂ. മറിച്ചാണെങ്കിൽ അത് അവരിലെ ഉത്തരവാദിത്തബോധം നഷ്ടപ്പെടുത്തുവാനേ കാരണമാവൂ; കുട്ടികളാണെങ്കിലും മുതിർന്നവരാണെങ്കിലും ശരി.**

ലേഖനം



ഖാദിയാനി വേദപുസ്തകം 'തദ്കിറ'യിലൂടെ ഒരു യാത്ര 18

# ഗണിതത്തിലും 'വഹ്‌യുകൾ!'


പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

: 9447 701 741


ഇനിയും ചിലത് ഗണിത വഹ്‌യുകളാണ്. പക്ഷേ, ആശയവും അർഥവും അറിയാത്തതിനാൽ അവയുടെമുമ്പിൽ അന്തംവിട്ടു നിൽക്കാനാണ് 'പ്രവാചകന്റെയും' അനുയായികളുടെയും വിധി! മറ്റനേകം വഹ്‌യുകളും ദർശനങ്ങളുംപോലെ ഇവയും ഏട്ടിലെ 'വിശുദ്ധപശുക്കളായി' വിശ്രമിക്കുകയാണ്!

1891ലെ ഒരു കശ്ഫ് ഇങ്ങനെ വിവരിക്കുന്നു: "താഴെ കാണുന്ന പേരിന്റെ അക്ഷരമൂല്യത്തെപ്പറ്റി ശ്രദ്ധചെലുത്തി നോക്കൂ. പതിമൂന്നാം നൂറ്റാണ്ടിന്റെ പൂർത്തീകരണത്തോടെ പ്രത്യക്ഷപ്പെടാൻ പോകുന്ന വാഗ്ദത്ത മസീഹിന്റെ പേരും വരാൻ നിശ്ചയിക്കപ്പെട്ട തീയതിയും എത്രമാത്രം യോജിക്കുന്നു! 'ഗുലാം അഹ്മദ് ഖാദിയാനി.' ഇതിലെ അക്ഷരങ്ങളുടെ അബ്ജദ് എണ്ണമനുസരിച്ചുള്ള മൂല്യത്തിന്റെ ആകെത്തുക 1300 ആകുന്നു. ഖാദിയാനിൽ ഗുലാം അഹ്മദ് ഖാദിയാനി എന്ന പേരുള്ളതായി ഈ വിനീതൻ അല്ലാതെ രണ്ടാമതൊരാളില്ല. എന്നല്ല, ലോകത്തു തന്നെ ഈ പേരിൽ വേറെ ഒരാൾ ഇല്ല എന്നാണ് എന്റെ മനസ്സിലേക്ക് ഇട്ടുതന്നത്. ഇങ്ങനെ ഒരുപാട് രഹസ്യവിവരങ്ങൾ അക്ഷരസംഖ്യയുമായി ബന്ധപ്പെട്ട എനിക്ക് വെളിപ്പെടുത്തി തന്നിട്ടുണ്ട്" (പേജ് 144).

ഇതിൽ ഒരു രഹസ്യവുമില്ല. മിർസയുടെ പേര് ഗുലാം അഹ്മദ് ഖാദിയാനി എന്നല്ല താനും.

**ഏതു തെളിവുകൾ നിരത്തുമ്പോഴും സൂക്ഷ്മ വിശകലനത്തിൽ അത് തനിക്ക് എതിരായി വരുന്നു എന്നതാണ് ഖാദിയാനി പ്രവാചകന്റെ ഗതികേട്! വാഗ്ദത്ത മസീഹിന്റെ കാലം പരാമർശിക്കുന്ന ഒരു കണക്ക് വഹ്‌യ് കൂടി കാണുക: ''ഈ വിനീതന് കശ്ഫിലൂടെ വെളിപ്പെട്ട പ്രകാരം, ആക്രമണങ്ങളുടെ പൂർണതയെത്തുന്ന ഈ കാലം ഹിജ്‌റവർഷ കണക്കനുസരിച്ച്, 'എങ്ങനെ വേണമെങ്കിലും അതിനെ (ജലത്തെ) പോക്കിക്കളയാൻ കഴിവുള്ളവനത്രെ നാം'(അൽമുഅ്മിനൂൻ:18) എന്ന വചനത്തിന്റെ ജമൽ കണക്കനുസരിച്ച് 1274 ആകുന്നു''(പേജ് 149). ഈ ആയത്തിന് വാഗ്ദത്തമസീഹുമായുള്ള ബന്ധം എന്താണെന്ന് വെളിപ്പെടുത്തിയിട്ടില്ല മിർസയും അയാൾക്ക് വഹ്‌യ് നൽകുന്നയാളും.**

ഖാദിയാനി എന്നാൽ ഖാദിയാൻ സ്വദേശി എന്നർഥം. ഇത് ഇന്ത്യയിലും മറ്റു പല രാജ്യങ്ങളിലും നടപ്പിലുള്ള പേരിനോട് ചേർത്ത് പറയുന്ന സമ്പ്രദായമനുസരിച്ചുള്ളതാണ്; പേരിന്റെ ഭാഗമല്ല. അക്ബർ ഇലാഹാബാദി, ഫിറാഖ് ഗോരഖ്പൂരി എന്നിവ ഉദാഹരണം.

ഖാദിയാനിൽ ഈ പേരിൽ മറ്റൊരാൾ ഇല്ലെങ്കിൽ പിന്നെ ലോകത്തെവിടെയും ഉണ്ടാവുകയില്ല എന്നത് പ്രത്യേകിച്ച് ആരും 'ഇട്ടുതരേണ്ട' കാര്യമല്ല. മാത്രവുമല്ല അത് ഒരു മഹത്ത്വവും അല്ല. ലോകത്ത് ഏറ്റവുമധികം ആളുകൾക്ക് നൽകപ്പെട്ട പേര് മുഹമ്മദ് ആണെന്നു കൂടി ചേർത്തു വായിക്കുക. അത് പേരിന്റെ മഹത്ത്വമാണെന്ന് തിരിച്ചറിയാതെയാണ് ഈ മേനിപറച്ചിൽ.

മിർസ എന്ന കുടുംബപ്പേര് വിട്ടുകൊണ്ട് എണ്ണം ഒപ്പിക്കുകയാണ് ഖാദിയാനി പ്രവാചകൻ. യഥാർഥത്തിൽ മിർസാ ഗുലാം അഹ്മദ് ഖാദിയാനി എന്ന പൂർണനാമത്തിൽ ഒഴിവാക്കാൻ പറ്റാത്തതാണ് ആദ്യത്തെത്. അയാളാകട്ടെ മിർസാ സാഹിബ്, മിർസാ ഖാദിയാനി എന്നൊക്കെയാണ് അറിയപ്പെടുന്നത് തന്നെ. അതുകൂടി ചേരുമ്പോൾ 1548 ആകും ആകെത്തുക. രണ്ട് നൂറ്റാണ്ട് കൂടി കാത്തിരിക്കണം എന്നർഥം. മിർസ ചേർത്താൽ 1372 ആകും എന്നതുകൊണ്ടാണ് അതൊഴിവാക്കി സ്ഥലപ്പേര് ചേർത്തത്.

ഏതു തെളിവുകൾ നിരത്തുമ്പോഴും സൂക്ഷ്മ വിശകലനത്തിൽ അത് തനിക്ക് എതിരായി വരുന്നു എന്നതാണ് ഖാദിയാനി പ്രവാചകന്റെ ഗതികേട്!

വാഗ്ദത്ത മസീഹിന്റെ കാലം പരാമർശിക്കുന്ന ഒരു കണക്ക് വഹ്‌യ് കൂടി കാണുക: ''ഈ വിനീതന് കശ്ഫിലൂടെ വെളിപ്പെട്ട പ്രകാരം, ആക്രമണങ്ങളുടെ പൂർണതയെത്തുന്ന ഈ കാലം ഹിജ്‌റവർഷ കണക്കനുസരിച്ച്, 'എങ്ങനെ വേണമെങ്കിലും അതിനെ (ജലത്തെ) പോക്കിക്കളയാൻ കഴിവുള്ളവനത്രെ നാം'(അൽമുഅ്മിനൂൻ:18) എന്ന വചനത്തിന്റെ ജമൽ കണക്കനുസരിച്ച് 1274 ആകുന്നു''(പേജ് 149).

ഈ ആയത്തിന് വാഗ്ദത്തമസീഹുമായുള്ള ബന്ധം എന്താണെന്ന് വെളിപ്പെടുത്തിയിട്ടില്ല മിർസയും അയാൾക്ക് വഹ്‌യ് നൽകുന്നയാളും.

**ആദമി(അ)ന്റെ ജനനത്തീയതി!**

"ഇതേപോലെ ഒരിക്കൽ ആദമിന്റെ ജനനത്തീയതിയെക്കുറിച്ച് എനിക്ക് കിട്ടിയ വിവരമനുസരിച്ച്, സൂറത്തുൽ അസ്വ്‌റിലെ അക്ഷരങ്ങളുടെ അബ്ജദീ എണ്ണപ്രകാരം കൂട്ടി നോക്കിയപ്പോൾ ആ തീയതി ലഭിക്കുകയുണ്ടായി"(പേജ് 144).

ഇത് എഴുതിയ ഗ്രന്ഥത്തിൽ പക്ഷേ, ആ തീയതി ഏതാണെന്ന് പറയുന്നില്ല. പത്തുവർഷം കഴിഞ്ഞുള്ള മറ്റൊരു ഗ്രന്ഥത്തിൽ ഇങ്ങനെ കാണാം: "ആദം മുതൽ മുഹമ്മദ് നബിയുടെ നുബുവ്വത്ത് കാലം വരെ കണക്കാക്കുവാൻ സൂറഃ അൽഅസ്വ്‌റിന്റെ അബ്ജദീ മൂല്യം കൂട്ടിയാൽ മതി. അതിൽ 23 വർഷം കൂടി കൂട്ടുമ്പോൾ 4739 ലഭിക്കും. അതായത് ലോകാരംഭം മുതൽ മുഹമ്മദ് നബി വഫാത്തായ ദിവസം വരെ ആകെ 4739 ചന്ദ്രവർഷങ്ങൾ ഉണ്ട്. സൂര്യവർഷത്തിൽ അത് 4598 ആകുന്നു."

ആദമി(അ)ന്റെ സൃഷ്ടിപ്പിന്റെയും മുഹമ്മദ് നബി(സ്വ)യുടെ വിയോഗത്തിന്റെയും വർഷങ്ങളുമായി മിർസയുടെ നിയോഗത്തിന് എന്ത് ബന്ധമാണുള്ളത് എന്ന് മനസ്സിലാവുന്നില്ല. അല്ലെങ്കിലും അദ്ദേഹം പറയുന്നതൊക്കെ എല്ലാവർക്കും മനസ്സിലാവണമെന്നില്ലല്ലോ.

**പട്ടികൾ ചാവും**

ഇനി മിർസാ ഖാദിയാനിയുടെ പ്രവചനങ്ങളുമായി ബന്ധപ്പെട്ട ചില അക്കവഹ്‌യുകൾ പരിശോധിക്കാം.

1891ൽ ഒരാളുടെ മരണം പ്രവചിക്കുന്ന ഒരു ഗണിതവഹ്‌യ് ഇങ്ങനെ വായിക്കാം: "ഒരു വ്യക്തിയുടെ മരണത്തെക്കുറിച്ച് അല്ലാഹു തഹജ്ജീ എണ്ണത്തിൽ എന്നെ വിവരം അറിയിച്ചു. അതിന്റെ ചുരുക്കം ഇങ്ങനെയാണ്: അതായത് അവൻ നായ, നായയുടെ എണ്ണത്തിൽ മരിക്കും. അതായത്


۱۳۵

علیہ وسلم کے روزِ وفات تک قمری حساب سے ہیں۔"
(تحفہ گولڑویہ صفحہ ۹۳ - ۹۵ - روحانی خزائن جلد ۱۷ صفحہ ۲۵۱، ۲۵۲)

سنہ ۱۸۹۱ء
" ایک شخص کی موت کی نسبت خدائے تعالیٰ نے اعدادِ تہجی میں مجھے خبر دی جس کا ماحصل یہ ہے کہ
کَلْبٌ یَمُوْتُ عَلٰی کَلْبٍ
یعنی وہ کتّا ہے اور کتّے کے عدد پر مرے گا جو باون ۵۲ سال پر دلالت کر رہے ہیں یعنی اس کی عمر باون ۵۲ سال سے تجاوز نہیں کرے گی۔ جب باون سال کے اندر قدم دھرے گا تب اُسی سال کے اندر اندر راہیِ مُلکِ بقا ہو گا۔"
(ازالہ اوہام صفحہ ۱۸۶، ۱۸۷ - روحانی خزائن جلد ۳ صفحہ ۱۹۰)

سنہ ۱۸۹۱ء
" ابھی تھوڑے دن گذرے ہیں کہ ایک مدقوق اور قریب الموت انسان مجھے دکھائی دیا اور اُس نے ظاہر کیا کہ میرا نام دین محمد ہے اور میرے دل میں ڈالا گیا کہ یہ دین محمدی ہے جو مجسّم ہو کر نظر آیا ہے اور میں نے اُس کو تسلّی دی کہ تو میرے ہاتھ سے شفا پا جائے گا۔" (ازالہ اوہام صفحہ ۲۱۴ - روحانی خزائن جلد ۳ صفحہ ۲۰۶)

سنہ ۱۸۹۱ء
" اور یہ جو میں نے مسمریزمی طریق کا عمل التّرب نام رکھا جس میں حضرت مسیح بھی کسی درجہ تک مشق رکھتے

ے اور شمسی حساب کے رُو سے ۴۵۹۸ برس بعد آدم صفی اللہ حضرت نبینا محمد مصطفےٰ صلی اللہ علیہ وسلم خدا تعالیٰ کی طرف سے ظاہر ہوئے۔ (تحفہ گولڑویہ صفحہ ۹۲ حاشیہ - روحانی خزائن جلد ۱۷ صفحہ ۲۴۷)
ے ترب کے معنی لغت میں ہم عمر یا مثیل کے لکھے ہیں مگر اس لفظ میں تراب کی طرف بھی اشارہ ملتا ہے۔ حضرت مسیح موعود علیہ الصلوٰۃ والسلام فرماتے ہیں:۔
" واما التراب فاعلم ان ھذا اللفظ ماخوذ من لفظ الترب۔ وترب الشیء الذی خلق مع ذالک الشیء عند اھل العرب۔ وقال ثعلب ترب الشیء مثلہ وما شابہ شیئًا فی الحسن والبھاء۔ فعلی ھذین المعنیین سمی التراب ترابًا لکونھا فی خلقھا ترب السماء۔ فان الارض خلقت مع السماء فی ابتداء الزمان۔ وتشابھا فی انواع صنع اللہ المنان۔" (انجامِ آتھم صفحہ ۲۶۲، ۲۶۳ حاشیہ - روحانی خزائن جلد ۱۱ صفحہ ۲۶۲، ۲۶۳)
(ترجمہ از مرتب) "لفظ تُراب تِرب سے ماخوذ ہے اور عربوں کے نزدیک ترب الشیء کے معنی ہیں وہ چیز جو اس کے ساتھ پیدا ہو۔ اور ثعلب کا قول ہے کہ کسی چیز کی ترب وہ ہے جو خوبی میں اس کی مانند ہو۔ پس ان دونوں معنوں کی رُو سے مٹی کا نام تراب اِس لئے رکھا گیا کہ وہ پیدائش میں آسمان کی ہم عمر یا مثیل ہے کیونکہ زمین ابتدائی زمانہ میں آسمان کے ساتھ ہی پیدا ہوئی ہے اور وہ دونوں اللہ تعالیٰ کی صنعت کے اقسام میں مشابہ ہیں۔"

*52ാം വയസ്സിൽ മരിക്കുന്ന ശത്രുക്കളെ സംബന്ധിച്ച പ്രവചനം*

52 വയസ്സ് കവിയില്ല എന്നർഥം. അവന് 52ാം വയസ്സിലേക്ക് കാലെടുത്ത് വെക്കുമ്പോൾ അഥവാ ആ കൊല്ലത്തിനകം ആ യാത്രക്കാരന്റെ നാട് മാത്രം ബാക്കിയാവും" (പേജ് 145). മരിക്കും എന്ന് സാരം. എത്ര മഹത്തരമാണെന്ന് നോക്കൂ ഈ പ്രവചനം! ആൾ ശത്രുവാകാനാണ് സാധ്യത. നായ എന്നാണല്ലോ പറഞ്ഞത്.

മിർസായുടെ ആദ്യകാല സതീർഥ്യനായിരുന്ന മുഹമ്മദ് ഹുസൈൻ ബട്ടാലവിയെ ആദ്യത്തെ വഹ്‌യുമായി ബന്ധപ്പെട്ട് നേരത്തെ പരാമർശിച്ചുവല്ലോ. അദ്ദേഹത്തോടുള്ള കൊടിയ ശത്രുത മൂലം അദ്ദേഹത്തെ ബത്വാലവി എന്ന് അധിക്ഷേപിക്കുകയും അങ്ങനെ വിളിക്കുന്നത് കോടതി ഉത്തരവിലൂടെ വിലക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തെക്കുറിച്ച് മിർസക്ക് ലഭിച്ച ആദ്യത്തെ വഹ്‌യ് അദ്ദേഹം സത്യം അംഗീകരിച്ച് ബൈഅത്ത് ചെയ്യുമെന്നായിരുന്നു. 'ശൈഖ് മുഹമ്മദ് ഹുസൈൻ ബട്ടാലവിയെപ്പറ്റി മൂന്നുപ്രാവശ്യം എനിക്ക് വഹ്‌യ് ലഭിച്ചത്, അയാൾ വഴികേടിൽനിന്ന് തിരിച്ചുവരുമെന്നും അല്ലാഹു അയാളുടെ കണ്ണു തുറപ്പിക്കുമെന്നുമാണ്. എല്ലാറ്റിനും കഴിവുള്ളവനാണല്ലോ അല്ലാഹു" (പേജ് 247).



*പ്രവാചകന് മനസ്സിലാവാത്ത ഒരു ഗണിത വഹ്‌യ്*

ആ പ്രവചനം ഫലിക്കാതെ വന്നപ്പോഴാണ് അദ്ദേഹം ബട്ടാലവിയുടെ മരണം പ്രവചിച്ചത്. 1898 ഡിസംബർ 15 മുതൽ 1900 ജനുവരി 15 വരെ 13 മാസത്തെ അവധി നിർണയിച്ചുകൊണ്ട്, 10.11.1898ന് അദ്ദേഹം പരസ്യം ചെയ്തു.

"നിന്റെ ദൃഷ്ടിയിൽ ആരാണോ നിന്ദ്യൻ, അവൻ ഈ കാലയളവിനുള്ളിൽ കൂടുതൽ നിന്ദ്യനായി മരിക്കും" എന്നായിരുന്നു പ്രവചനം. (പേജ് 270).

**ഒരു വെടിക്ക് ഒത്തിരി പക്ഷികൾ**

1908 മെയ് 26ന് ഖാദിയാനി പ്രവാചകൻ മരിക്കുകയും 'ഇശാഅത്തുസ്സുന്ന' വാരികയിൽ പത്രാധിപരായ മുഹമ്മദ് ഹുസൈൻ ബട്ടാലവി അദ്ദേഹത്തിന്റെ ചരമക്കുറിപ്പ് എഴുതുകയും ചെയ്തു. ഇങ്ങനെ കൃത്യമായ രണ്ടു പ്രവചനങ്ങളും തകർന്നെങ്കിലും അതിൽനിന്നും പാഠം ഉൾക്കൊള്ളാൻ കൂട്ടാക്കാത്ത അനുയായികൾ 1920ൽ ബട്ടാലവി മരിച്ചപ്പോൾ ചാടിയെണീറ്റു. "ഇതാ മസീഹിന്റെ പ്രവചന സാക്ഷാത്കാരം. ബട്ടാലവിയെക്കുറിച്ച് മസീഹ് പ്രവചിച്ചിരുന്നു, 'കൽബുൻ യമൂതു അലാ കൽബിൻ' എന്ന്." പക്ഷേ, എവിടെയെങ്കിലും ഇത് ബട്ടാലവിയെക്കുറിച്ചാണെന്ന് ആചാര്യൻ എഴുതിയത് കാണിക്കാൻ അവർക്കായില്ല.

തീർന്നില്ല, പാക്കിസ്ഥാനിലെ മുൻ പ്രധാനമന്ത്രി സുൽഫിക്കർ അലി ഭൂട്ടോ 1973ൽ ഖാദിയാനി, ലാഹോരി അഹ്‌മദികളെ അമുസ്‌ലിംകളായി പ്രഖ്യാപിക്കുന്ന പ്രമേയം പാസാക്കിയിരുന്നു. 1984ൽ അധികാരം പിടിച്ചെടുത്ത പട്ടാള മേധാവി ജനറൽ സിയാഉൽ ഹഖിന്റെ ഭരണത്തിൽ ഭുട്ടോ തൂക്കിലേറ്റപ്പെട്ടു. 1989 ഏപ്രിൽ നാലിന് അദ്ദേഹത്തിന്റെ അമ്പത്തിരണ്ടാം വയസ്സിലായിരുന്നു അത്. ഉടനെ ഖാദിയാനികൾ ആർത്ത് വിളിച്ചു: 'മസീഹിന്റെ പ്രവചനം ഇതാ പുലർന്നിരിക്കുന്നു! കൽബുൻ... എന്ന പ്രവചനമനുസരിച്ച്, യുഎൻ അസംബ്ലിയിൽ ഇന്ത്യക്കാരെ നായ്ക്കൾ എന്ന് വിളിച്ച ഭുട്ടോ കൊല്ലപ്പെട്ടിരിക്കുന്നു' (മൗലവി മുഹമ്മദ് ഉമർ എച്ച്.എ, 'ഇമാം മഹ്ദിയെ കണ്ടെത്തൽ' (പേജ് 21-22).

ഇനിയും 52 വയസ്സ് ആയിട്ടില്ലാത്ത ശത്രുക്കൾ കരുതിയിരിക്കുക. ഈ പ്രവചനം ഡമോക്ലസിന്റെ വാള് പോലെ നിങ്ങളുടെ തലയ്ക്കു മുകളിൽ ഉണ്ടെന്ന് അറിയുക.

**'47 വയസ്സ്, ഇന്നാ ലില്ലാഹ്'**

ഇനി വിചിത്രമായ ചില 'വഹ്‌യുകൾ' കൂടി കാണുക: '47 വയസ്സ് ഇന്നാലില്ലാഹ്.' 2.9.1905ന് അവതരിച്ച ഒരു വഹ്‌യാണത്രെ ഇത്. ഏതോ ഒരു അധർമിയും അശ്രദ്ധനുമായ ആളുടെ കത്തിലെ വരികളാണ് എന്നാണ് മിർസായുടെ പരാമർശമെങ്കിൽ; ക്രോഡീകരിച്ചയാൾ ഇത് മൗലവി അബ്ദുൽകരീമിന്റെ മരണത്തെക്കുറിച്ചുള്ള വഹ്‌യ് ആണെന്ന് പറയുന്നു. അക്കാര്യം പക്ഷേ, 'പ്രവാചകൻ' അറിയാതെ പോയി!

11.12.1900ന് അവതരിച്ച ഒരു പേർഷ്യൻ കവിതാവരിയും തുടർന്നുണ്ടായ അക്കവഹ്‌യുമാണ് ഇനി പറയുന്നത്: 'എന്നെക്കുറിച്ച് പ്രചരിച്ച തെറ്റായ ആരോപണങ്ങളിൽനിന്ന് മുക്തനാകും മുമ്പേ ഞാൻ മരിച്ചു പോകുമെന്ന് എനിക്ക് വിശ്വസിക്കാനാവുന്നില്ല. അതിനെക്കുറിച്ച് 11.12.1900 വ്യാഴാഴ്ച ഒരു ഇൽഹാം ഉണ്ടായി. അല്ലാഹു പറയുന്നു: 'നിന്റെ രോദനം ആകാശത്ത് എത്തിയിരിക്കുന്നു. ഞാൻ നിനക്ക് എന്തെങ്കിലും പ്രതീക്ഷയോ സുവാർത്തയോ തന്നാൽ നീ അത്ഭുതപ്പെടേണ്ട. അത് എന്റെ നടപടിക്രമത്തിനോ(സുന്നത്ത്) ഔദാര്യത്തിനോ എതിരാവില്ല.

11ന് ശേഷം ഇൻഷാ അല്ലാഹ്.' 11 എന്ന അക്കം എഴുതിക്കാണിച്ചത ല്ലാതെ 11 ദിവസമാണോ ആഴ്ചയാ ണോ ഉദ്ദേശിച്ചത് എന്ന് വ്യക്തമാ ക്കിയിട്ടില്ല'' (പേജ് 327).

ഇങ്ങനത്തെ സുവാർത്ത വന്നാൽ ആരാണ് അത്ഭുതപ്പെ ടാതിരിക്കുക? മിർസയെക്കുറിച്ചു ള്ള ആരോപണങ്ങളുടെ നിജസ്ഥി തി 11 ദിവസമോ 11 ആഴ്ചയോ 11 മാസമോ കഴിഞ്ഞാൽ അറിയുമെ ങ്കിൽ അത് വ്യക്തമാക്കി പറയണ മായിരുന്നില്ലേ? ഏതായാലും അങ്ങ നെയൊന്ന് സംഭവിച്ചതേയില്ല.

**കൊല്ലുന്ന രാജാവ്, തിന്നുന്ന മന്ത്രി!**

1906 ഒക്ടോബർ 15നാണ് അറബി, പേർഷ്യൻ പദങ്ങളും മൂന്നക്ക സംഖ്യയും വഹ്‌യായി ലഭിച്ചത്. 'ഇൽമുദ്ദർമാൻ 223' എന്നായിരുന്നു അത്. മിർസാ ഖാദിയാനി പറഞ്ഞു:

''അറിവ് എന്ന് അർഥമുള്ള അറബി പദമാണ് ഇൽമ്; ദർമാൻ എന്ന പേർഷ്യൻ പദത്തിനർഥം ചികിത്സ എന്നും. തുടർന്ന് 223 എന്ന അക്കങ്ങളും. എന്താണ് ഉദ്ദേശ്യമെന്ന് പിടികിട്ടിയിട്ടില്ല'' (പേജ് 572).

ഇതിന്റെ സുദീർഘമായ വ്യാ ഖ്യാനം മിർസയുടെ മകനായ രണ്ടാം ഖലീഫ ബശീറുദ്ദീൻ മഹ്മൂദ് അഹ് മദിന്റെ വകയായി അടിക്കുറിപ്പിൽ കാണാനാവും. ഉപന്യാസത്തിന്റെ സംക്ഷിപ്തം ഇങ്ങനെ:

''അതായത് ചികിത്സയെപ്പറ്റി യുള്ള അറിവ് 223 ദിവസങ്ങൾക്ക് ശേഷമാണ് ലഭിക്കുക. 15.10.1906ന് ശേഷം 223 ദിവസങ്ങൾ കഴി ഞ്ഞാൽ 25.5.1907 ആയിരിക്കും. ഈ ഇൽഹാം പ്രകാരം മഹാന വർകൾ മെയ് 26ന് നിര്യാതനായി.''

''ഇവിടെ സൂക്ഷ്മ ശ്രദ്ധ തേടുന്ന ഒരു സംഗതിയുണ്ട്. ബുദ്ധികു റഞ്ഞ എതിരാളികൾ നിഷേധി ക്കാൻ സാധ്യതയുള്ള കാര്യമെ ന്തെന്നാൽ, മരിച്ചത് 1908ൽ, ഒരു വർഷവും 223 ദിവസം കഴിഞ്ഞിട്ട ല്ലേ? അതിനു രണ്ടു കാരണങ്ങൾ ഉണ്ട്. അതിന്റെ കൂടെ മറ്റൊരു വഹ്‌യ് കൂടിയുണ്ടല്ലോ. 'മരണത്തി ന്റെ അസ്ത്രങ്ങൾ പിഴക്കില്ല' എന്ന്. ഇൽഹാമുകൾ മരണത്തെക്കുറി ച്ചാണെന്ന് വ്യക്തമായല്ലോ...''( പേജ് 572, അടിക്കുറിപ്പ്).

ആദ്യം ഇറങ്ങിയതിന്റെ കൂടെ മറ്റൊന്നുകൂടി കൂട്ടി വായിക്കാൻ ഇത് ന്യൂനം കാണുന്ന ഗണിതമാ ണോ? ഉദ്ദേശ്യം മനസ്സിലായില്ലെ ന്ന് പറഞ്ഞുകൊണ്ട് ഖാദിയാനി പ്രവാചകൻ സമർപ്പിച്ച 'ഇൽമു ദ്ദർമാൻ 223' എന്ന ഇൽഹാമിന്റെ കാര്യമാണ് പറയുന്നത്.

ഖലീഫ തുടരുന്നു: ''ശേഷം ഒരു ഇൽഹാം വന്നല്ലോ. നിന്റെ എതി രാളികളെ സംബന്ധിച്ച നമ്മുടെ വാഗ്ദാനങ്ങൾ ഞങ്ങൾ നിന്നെ കാണിക്കും. നിന്റെ ആയുസ്സ് വർധി പ്പിക്കുകയും ചെയ്യും'' (റിവ്യൂ ഓഫ് റിലിജിയൻസ് 20.11.1906).

അതായത് നിന്റെ മരണം നിശ്ച യിച്ചിരുന്നത് 1907ൽ ആയിരുന്നു. എന്നാൽ നാം നിന്റെ ആയുസ്സ് ഒരു കൊല്ലം വർധിപ്പിച്ചു. ഒരു വർഷ ത്തിനുശേഷമാണ് ആ കണക്കു തുടങ്ങുക.

''രണ്ടാമത്തെ കാര്യം, ഹസ്ര ത്ത് മസീഹിന്റെ ചരമം 26നായി രുന്നു. 1907ൽ മരിച്ചിരുന്നെങ്കിൽ തങ്ങളുടെ പ്രവചനത്തിന്റെ കാലാ വധിക്കകം മരിച്ചുവെന്ന് എതിരാ ളികൾ ബഹളം വെക്കുമായിരു ന്നു. എണ്ണം ശരിയാവാൻ മെയ് 27 ആവുകയും ചെയ്യും. അതുകൊണ്ട് ലീപ് ഇയർ ആയ 1908ൽ 223 ദിവസ ങ്ങൾ കഴിഞ്ഞപ്പോൾ 26ന് മരണം സംഭവിച്ചു. അങ്ങനെ ഫെബ്രുവരി 28 ദിവസമുള്ള 1907ന് പകരം 29 ദിവസങ്ങളുള്ള 1908ൽ മരിച്ചതോ ടെ കണക്ക് ഒത്തു''(പേജ് 572-573, അടിക്കുറിപ്പ്).

എങ്ങനെയുണ്ട് 'ഖലീഫ'യുടെ ഒപ്പിക്കൽ? പിന്നീട് എപ്പോഴോ വന്ന മൂന്നാമത്തെ 'വഹ്‌യി'ലാണ് ആയുസ്സ് വർധിപ്പിക്കുന്ന കാര്യം പറയുന്നത്. അത് കൃത്യം ഒരു വർഷമാണെന്ന് ആരു പറഞ്ഞു ഖലീഫ സാഹിബിനോട്? 22.10.1906 നാണ് ആ 'വഹ്‌യ്'വന്നത്. ഒരാഴ്ച മുമ്പ് 15.10.1906നാണ് 223 എന്ന സംഖ്യ അവതരിച്ചത്. ഒരു വർഷ ത്തെ കാലാവധി അധികമായി വേണ്ടിയായിരുന്നെങ്കിൽ 589 എന്ന് വഹ്‌യ് നൽകാമായിരുന്നില്ലേ? അതിനു പകരം ഒരു ദിവസത്തെ വ്യത്യാസം പോലും കൃത്യമായി ലീപ് ഇയർ കൊണ്ട് പരിഹരിക്കു ന്ന ഖലീഫ ഒരു കൊല്ലത്തെ വ്യ ത്യാസത്തിൽ യാതൊരു പ്രശ്ന വും കാണുന്നില്ല!

പിന്നെ മരണത്തിന്റെ കാര്യം ഈ ദ്വിഭാഷാ, ഗണിത വഹ്‌യിൽ പറഞ്ഞിട്ടില്ല. എന്നിരിക്കെ എന്തിനാ ഇങ്ങനെ ഒരു വ്യാഖ്യാ നം ചമയ്ക്കുന്നത്? അല്പം ചിന്താ ശേഷിയുള്ളവരും ഇതൊക്കെ വായിക്കില്ലേ? മരണാസ്ത്രത്തെ പ്പറ്റിയുള്ള വഹ്‌യിനോടൊപ്പമുള്ള മറ്റൊരു പേർഷ്യൻ വഹ്‌യ് ചാടിക്ക ടന്നാണ് ഖലീഫ ആയുസ്സ് വർധി പ്പിച്ച വഹ്‌യിനെ പിടികൂടിയത്.

''മരണത്തിന്റെ അസ്ത്രങ്ങൾ പിഴക്കില്ലെന്ന് പറഞ്ഞയുടനെ കശ്ഫീസ്ഥിതിയിൽ തന്നെ ഞാൻ പ്രാർഥിച്ചു: 'ദൈവമേ, നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാ ണല്ലോ.' അപ്പോഴാണ് അടുത്ത ഇൽഹാമിലൂടെ അല്ലാഹു അറി യിച്ചത്, 'തലയ്ക്കു മീതെ ആപത്ത് വന്നണഞ്ഞു. എന്നാൽ അല്ലാഹു വിന്റെ അനുഗ്രഹത്താൽ മാറിപ്പോ യി' എന്ന്.

നാം ചർച്ച ചെയ്യുന്ന വഹ്‌യിൽ മരണം പരാമർശിക്കുന്നില്ല. തൊട്ട ടുത്ത ദിവസമാണ് മരണാസ്ത്രവ ഹ്‌യ് വന്നത്. ഒപ്പം ആപത്ത് ഒഴി ഞ്ഞുപോയെന്നും അതിൽതന്നെ പറഞ്ഞു. ഇത് സംബന്ധിച്ച് ഖലീ ഫയോട് പറയാനുള്ളത് അടുത്ത 'വഹ്‌യി'ലെ സന്ദേശം തന്നെയാ ണ്: ''അല്ലാഹു കളവ് പറയുന്ന വന്റെ ശത്രുവാകുന്നു. നിശ്ചയം, അവനെ നരകത്തിൽ എത്തിക്കുക തന്നെ ചെയ്യും. ആ നിന്ദ്യന്റെ കപ്പൽ മുക്കുക തന്നെ ചെയ്യും. യഥാർഥ ത്തിൽ നിന്റെ നാഥന്റെ പിടുത്തം തന്നെയാകുന്നു കഠോരം'' (പേജ് 573-574) ■

# അല്ലാഹു

അറിയൂ, അറിയൂ കുട്ടികളേ
അറിവുകൾ നേടൂ കുട്ടികളേ
ആദ്യം നമ്മൾ അറിയേണം
ആരുടെ സൃഷ്ടികൾ നാമെന്ന്
അഹദായവനാം അല്ലാഹു
അവന്റെ സൃഷടികളല്ലോ നാം
ആരാണെന്നോ അല്ലാഹു?
അഖിലനിയന്താവല്ലാഹു
അകപുറമറിയുന്നല്ലാഹു
അതികരുണാമയനല്ലാഹു
അഭയം നൽകുവതല്ലാഹു
അന്നം നൽകുവതല്ലാഹു
അല്ലലകറ്റുവതല്ലാഹു
അലിവിന്നുറവാമല്ലാഹു
അറിവിൻ കടലാമല്ലാഹു
അധിപതിയായവനല്ലാഹു
അർശിന്നുടയോനല്ലാഹു
അർഥനക്കർഹൻ അല്ലാഹു
അവനേ കേൾക്കൂ പ്രാർഥനകൾ
അവനോടാകണമർഥനകൾ
അത് നാമെന്നും ഓർക്കേണം
അതിലൊട്ടും മടി കാട്ടരുതേ
അവനെ വണങ്ങണമെല്ലാരും
അവനെ സ്തുതിക്കണമെപ്പോഴും
അവന്റെ കൽപനയെല്ലാരും
അനുസരിക്കൽ നിർബന്ധം




ഉസ്മാൻ പാലക്കാഴി
: 9656 292 244




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
03 JUNE 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

"അക്ഷര വെളിച്ചത്തിനൊരു
കൈത്താങ്ങ്"

WISDOM students

# വിദ്യാനിധി
## സ്കൂൾ കിറ്റ്




ഒരു കുട്ടിക്ക്
₹800

- ഇല്ലായ്മ പഠനത്തിന് തടസ്സം സൃഷ്ടിക്കാതിരിക്കാൻ, ഒരുമിച്ചൊരു കൈത്താങ്ങ്.
- അക്ഷര മുറ്റത്ത് അവർ തോളോട് തോൾ ചേർന്ന് പഠിക്കട്ടെ.

**പണം അയക്കേണ്ട അക്കൗണ്ട് വിവരങ്ങൾ:**

**Account** AXIS BANK

Customer Name : WISDOM ISLAMIC ORGANIZATION EDIFICE
Account Number : 921010054119382
Branch Name : Kozhikode
Branch IFSC : UTIB0000136

**UPI ID** fcbizfibefc@freecharge

SCAN AND PAY

Collect Your Reciept
7560 902 902

*For Queries : 8281 083568, 9072 542 542*

Wisdom Islamic Students Organization
CV Complex, PV Sami Road, Kozhikode